# ആലത്തൂരിലെ നക്ഷത്രപ്പൂക്കൾ

Alathoorile Nakshathrappokkal | Author : kuttettan | www.kkstories.com

---

'അപ്പൂ, എഴുന്നേൽക്കെടാ, നേരം ഇശ്ശിയായി ' അച്ചുമ്മയുടെ വിളി കേട്ടാണു രാജീവ് മേനോൻ ഉറക്കത്തിൽ നിന്ന് ഉണർന്നത്.പരീക്ഷയുടെ ആലസ്യം മൂലം സ്വയം മറന്നുള്ള ഉറക്കമായിരുന്നു.അച്ചുമ്മയ്ക്ക് അതറിയേണ്ട കാര്യമില്ലല്ലോ, ഏഴു മണി കഴിഞ്ഞ് ഉറങ്ങുന്നത് ദോഷമാണെന്നാണു അച്ചുമ്മയുടെ വിശ്വാസം. പഴമനസിനെ മാറ്റാൻ ആർക്കു പറ്റും

'ദാ, കാപ്പി കുടിക്കെടാ' ആവിപൊന്തുന്ന കാപ്പിക്കപ്പ് രാജീവിനു നേരെ നീട്ടിക്കൊണ്ട് അച്ചുമ്മ പറഞ്ഞു. രാജീവ് അതു വാങ്ങി. എന്നിട്ട് സ്നേഹപൂർവം ചോദിച്ചു.ഇന്നെന്താ അച്ചുമ്മ അമ്പലത്തിൽ പോയില്ലേ?, രാവിലെ അച്ചുമ്മ അമ്പലത്തിൽ പോയാൽ പിന്നെ തൊഴലും പൂജയും കഴിഞ്ഞ് എട്ടാകും സാധാരണ മടങ്ങുമ്പോൾ.

'ഓഹ്, എന്തൊരു മഴ, അപ്പൂ, പെട്ടെന്നു കുളിച്ചു വാ, ഹരി പ്രാതൽ കഴിക്കാൻ കാത്തിരിക്കുന്നുണ്ട്ി' രാമ, രാമ'നാമം ജപിച്ച് അച്ചുമ്മ മുറിയിൽ നിന്നിറങ്ങി പോയി.

അച്ചമ്മയ്ക്ക് രാജീവ് അപ്പുവാണ്. അച്ചമ്മയും അച്ഛനും മാത്രമേ അവനെ അങ്ങനെ വിളിക്കാറുള്ളൂ.ആലത്തുരിലെ മേലേട്ട് ഹരികുമാരമേനോന്റെ മകനാണ് രാജീവ്. പാലക്കാട്ടെ പ്രസിദ്ധമായ ജന്മികുടുംബത്തിലെ അവസാനകണ്ണി.

പാലക്കാട്ടും തൃശൂരും ഹരികുമാരമേനോന് ഒട്ടേറെ ബിസിനസ് സ്ഥാപനങ്ങളുണ്ട്. അതിന്റെയെല്ലാം അവകാശിയും രാജീവ് തന്നെ. രാജീവിന് രണ്ടുവയസ്സുള്ളപ്പോഴാണ് അവന്റെ അമ്മ മരിക്കുന്നത്. തികഞ്ഞ സാത്വികനായ ഹരികുമാരമേനോൻ പിന്നീട് ഒരു വിവാഹം കഴിക്കുന്നതിനെപ്പറ്റി ചിന്തിച്ചതു പോലുമില്ല.

ഭാര്യ പോയതോടെ പൂർണമായും ബിസിനസിലേക്കായി അദ്ദേഹത്തിന്റെ ശ്രദ്ധ. അതുമൂലം മേലാട്ടെ സ്ഥാപനങ്ങൾക്കു നാൾക്കു നാൾ അഭിവൃദ്ധി പ്രാപിച്ചു വന്നു.ഐഐടി മദ്രാസിലെ എൻജിനീയറിങ് വിദ്യാർഥിയായിരുന്നു രാജീവ്. അവസാനവർഷ പരീക്ഷ കഴിഞ്ഞ് ഇന്നലെ വൈകുന്നേരം എത്തിയതാണ്.മൂന്നാം വർഷം തന്നെ അമേരിക്കയിലെ ഒരു ബഹുരാഷ്ട്ര കമ്പനിയിൽ സ്വപ്നതുല്യമായ ജോലി ലഭിച്ചെങ്കിലും നാട്ടിലെ ബിസിനസ് നോക്കിനടത്താൻ അച്ഛൻ പറഞ്ഞതിനാൽ അതുപേക്ഷിച്ചു.

രാജീവിനും അതായിരുന്നു താൽപര്യം . തറവാടും നാടും, അമ്പലവുമൊക്കെ വിട്ട് എങ്ങനെ പോകും . അതിനാൽ രാജീവ് അമേരിക്കൻ കമ്പനിയെ നിഷ്കരുണം ഒഴിവാക്കി.

അമ്മ നഷ്ടപ്പെട്ട രാജീവിനെ കാക്കയ്ക്കും പൂച്ചയ്ക്കും കൊടുക്കാതെ വളർത്തി വലുതാക്കിയത് ഹരികുമാരമേനോന്റെ അമ്മയായ സുമംഗലാമ്മയാണ്. അമ്മയില്ലാത്തതിന്റെ ഒരു കുറവും രാജീവിനെ അവർ അറിയിച്ചിട്ടില്ല.രാജീവ് അച്ഛമ്മ എന്ന് അവരെ വിളിക്കുന്നു. രാജീവിന് തന്റെ അച്ഛമ്മ കഴിഞ്ഞിട്ടേ എന്തുമുള്ളൂ.

രാജീവ് കുളികഴിഞ്ഞു താഴേക്കു ചെന്നപ്പോൾ ഹരികുമാരൻ മേനോൻ തീൻമേശയുടെ മുന്നിൽ ഇരിപ്പുണ്ടായിരുന്നു.നെറ്റിയിൽ വെള്ളച്ചന്ദനക്കുറി, ചെവിയിൽ തുളസിയില, കട്ടിക്കണ്ണടയിലൂടെ പത്രത്തിലെ അന്നത്തെ വാർത്തകൾ സാകൂതം വായിക്കുകയായിരുന്നു അദ്ദേഹം.തികഞ്ഞ സാത്വികതയും ശാന്തതയും മുഖത്തു നിറഞ്ഞു നിന്നിരുന്നു.

ബെർമുടയും ടീഷർട്ടും ധരിച്ചായിരുന്നു രാജീവിന്റെ വരവ്. അവൻ ഒരു കസേര വലിച്ച് അച്ഛന്റെ സമീപം ഇരുന്നു. എന്നിട്ട് പത്രം പിടിച്ചുവാങ്ങി. 'എന്തെങ്കിലും കഴിച്ചിട്ടാകാം വായന' അവൻ കുസൃതിയോടെ പറഞ്ഞു.

പ്ലേറ്റിൽ നിന്നു ചൂട് ഇഡ്ഡലി സാമ്പാറിൽ മുക്കി രാജീവ് വായിൽ വച്ചു. നിറഞ്ഞ കൗതുകത്തോടെയും അഭിമാനത്തോടെയും ഹരികുമാരമേനോൻ തന്റെ മകനെ നോക്കി. ജനിക്കുമ്പോൾ ചുവന്നു തുടുത്ത ഒരു ആപ്പിൾപഴം പോലെയായിരുന്നു അവൻ. തോളിൽ ചായ്ച്ച് ആരും ഉറക്കാൻ കൊതിക്കുന്ന ഭംഗിയുള്ള ആൺപാവക്കുട്ടി. ഇന്നു വളർന്നു വലുതായിരിക്കുന്നു. ആറടിയോളം പൊക്കം.മസിലുകൾ എഴുന്നു നിൽക്കുന്ന ബലിഷ്ഠമായ ശരീരം.പക്ഷേ മുഖം ഇന്നും മാലാഖയെപ്പോലെ തന്നെ. നെറ്റിയിലേക്കു വീണുകിടക്കുന്ന മുടിയും , നനുത്ത ചെമ്പൻ താടിയുമുള്ള ഗബ്രിയേൽ മാലാഖ.

അച്ഛമ്മ രാജീവിന്റെ അരികിലിരുന്നു. അവന്റെ പ്ലേറ്റിലേക്ക് സാമ്പാർ കുറച്ചുകൂടി ഒഴിച്ചു.
അപ്പൂ, ഹരിമേനോൻ വിളിച്ചു. രാജീവ് പയ്യെ അയാളെ നോക്കി
ഇന്നലെ നിന്റെ പിറന്നാളായിരുന്നു , അറിഞ്ഞോ,

www.kkstories.com

രാജീവ് അതു മറന്നിരുന്നു. അല്ലെങ്കിലും ഐഐടി മദ്രാസ് എന്ന ലോകോത്തര സ്ഥാപനത്തിലെ അവസാന വർഷ പരീക്ഷ എഴുതുമ്പോൾ പിറന്നാളിനെക്കുറിച്ച് ആരോർക്കാൻ.21 വയസായിരിക്കുന്നു തനിക്ക്.

അപ്പുക്കുട്ടാ, നിനക്ക് ഒരു ഗംഭീരൻ കല്യാണാലോചന വന്നിട്ടുണ്ട്, അണിമംഗലം തറവാട് എന്നു കേട്ടിട്ടുണ്ടോ, അവിടുത്തെ കൃഷ്ണകുമാറിന്റെ മകളാ, പേര് അഞ്ജലി.ഹരികുമാരമേനോൻ പറഞ്ഞു. മേലേട്ട് തറവാടുമായി അടുത്ത ബന്ധമുള്ളവരാണ് അണിമംഗലത്തുകാർ.

ശക്തനായ ബിസിനസുകാരനും പൊതുപ്രവർത്തകനുമാണ് കൃഷ്ണകുമാർ.അഞ്ജലിയും രാജീവും കിന്റർഗാർട്ടനിൽ ഒരുമിച്ചായിരുന്നു പഠനം. എന്നാൽ പിന്നീട് രാജീവ് അവളെ കണ്ടിട്ടില്ല. ഇത്ര ചെറുപ്പത്തിൽ ഒരു കല്യാണത്തിനു രാജീവിനു താൽപര്യം പോരായിരുന്നു.

അച്ഛാ, എനിക്ക് 21 വയസല്ലേ ഉള്ളൂ, ഒരു 7 വർഷം കൂടി കഴിഞ്ഞിട്ടു പോരെ കല്യാണം രാജീവ് അന്ധാളിപ്പോടെ പറഞ്ഞു.ഹരിമേനോൻ പത്രത്തിലേക്കു മുഖം പൂഴ്ത്തി. അച്ഛമമ്മയാണ് പിന്നെ സംസാരിച്ചത്.
എടാ ചെക്കാ, നിന്റെ മുത്തച്ഛൻ എന്നെ കെട്ടുമ്പോൾ അദ്ദേഹ്തിനു 19 വയസാ പ്രായം, പിന്നെന്താ നിനക്ക് ഇപ്പോൾ കെട്ടിയാല്?' അവർ ചോദിച്ചു
ആ അത് അന്ന്, ഇപ്പോളായിരുന്നെങ്കിൽ കേസായേനെ രാജീവ് കളിപറഞ്ഞു.

എടാ നിന്റെ അമ്മ മരിച്ചിട്ട് , നമ്മൾ മൂന്നു പേർ മാത്രല്ലേടാ, എത്ര കാലമായടാ തറവാട് ഇങ്ങനെ , ഉറങ്ങിക്കിടക്കുന്നു' ഹരികുമാരമേനോൻ തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു.

രാജീവിനു വിഷമമായി. അവന്റെ പ്രിയപ്പെട്ട അച്ഛനല്ലേ, ഭാര്യ മരിച്ചതിനു ശേഷം നാട്ടാരു മൊത്തം പറഞ്ഞിട്ടും വീണ്ടുമൊരു വിവാഹം കഴിക്കാതിരുന്ന അച്ഛൻ, ഊണിലും ഉറക്കത്തിലും അവന്റെ കാര്യം മാത്രം ആലോചിക്കുന്ന അച്ഛൻ. അച്ചന്റെ കണ്ണൊന്നു നനഞ്ഞാൽ , തൊണ്ടയിടറിയാൽ രാജീവ് സഹിക്കുമോ?

രാജീവ് പയ്യെ കൈപ്പത്തി അച്ഛന്റെ കൈയിലമർത്തി, അ്ച്ചനു സന്തോഷമാകുമെങ്കിൽ ഈ രാജീവ് എന്തും ചെയ്യും, വാക്കു പറഞ്ഞോളൂ അവൻ പറഞ്ഞു.നിശബ്ധനായി ഹരിമേനോൻ എഴുന്നേറ്റു , കൈകഴുകി, എന്നിട്ട് രാജീവിന്റെ കവിളിൽ മുഖം ചേർത്ത് ഉമ്മ വച്ചു.'അപ്പൂ, അച്ഛന്റെ പൊന്നുമോനല്ലേടാ നീ?' അയാൾ ആനന്ദക്കണ്ണീരോടെ പറഞ്ഞു
'എന്റെ രാമാ' കൈകൾ കൂട്ടി തൊഴുതുകൊണ്ട് അച്ഛമ്മ ഈശ്രനെ വിളിച്ചു.മകനും കൊച്ചുമകനും തമ്മിലുള്ള സ്നേഹം ആ വൃദ്ധയുടെ മനസുനിറച്ചു.

ഭക്ഷണം കഴിച്ച ശേഷം രാജീവ് കുറച്ചു നേരം തൊടിയിലെ പൂക്കളെ നോക്കി നിന്നു, 'അഞ്ജന' അവന്റെ മനസ് മന്ത്രിച്ചു. ഓർമകളിലെവിടെയോ നഷ്ടപ്പെട്ട അവളുടെ മുഖം ഒന്ന് ഓർത്തെടുക്കാൻ അവൻ ശ്രമിച്ചെങ്കിലും പരാജയയമായിരുന്നു ഫലം.
രാജീവ് തന്റെ ജീവിതത്തെക്കുറിച്ച് ആലോചിക്കുകയായിരുന്നു. ചെറുപ്പകാലത്തു തന്നെ അച്ചനു താൻ ഒരു വാക്കു കൊടുത്തിരുന്നു. തന്റെ വധുവിനെ തിരഞ്ഞെടുക്കാനുള്ള അവകാശം അച്ഛനു മാത്രമാണെന്ന്.

അതു കൊണ്ടു തന്നെ ഒരു പെൺകുട്ടിയും ജീവിതത്തിലേക്കു കടന്നു വന്നിട്ടില്ല. സ്കൂളിൽ പഠിക്കുമ്പോൾ മുതൽ എത്രപേർ വന്നിരുന്നു. രാജീവ്, നിന്നെ പ്രണയിച്ചോട്ടെ, രാജീവ് നീയെന്നെ സ്നേഹിക്കുമോ, എത്രയെത്രെ അപേക്ഷകൾ. നിഷ്കരുണം നിഷേധിച്ചു. ഐഐടിയിൽ പഠിക്കുമ്പോൾ എത്ര പെൺകുട്ടികൾ. കോളജിലെ സൗന്ദര്യറാണിയായിരുന്ന സംഗീതാ കൗർ ഒരു പട്ടിയെപ്പോലെ തന്റെ പിറകെ എത്ര നടന്നിരിക്കുന്നു.

ഒരിക്കൽ നേർത്ത വസ്ത്രം മാത്രം ധരിച്ച് ഒരു സന്ധ്യയിൽ അവൾ ബോയ്സ് ഹോസ്റ്റലിൽ എത്തി. ഒരു കെട്ടു പൂക്കളുമായി. രാജീവ്, ഈ പൂക്കൾ സ്വീകരിക്ക്, നീയെന്തു ചോദിച്ചാലും ഞാൻ തരും അവൾ അന്നു പറഞ്ഞു.

www.kkstories.com

നേർത്ത ഷർട്ടിലൂടെ തന്റെ മുഴുത്ത മുലകളുടെ വെട്ട് പ്രദർശിപ്പിച്ചാണ് അവൾ വന്നത്. പൂക്കളിലേക്ക് രാജീവ് ഒരു നിമിഷം നോക്കി. സംഗീത ഈ സമയത്തു അവന്റെ വെളുത്തമുഖത്തു തന്റെ വിരലുകൾ ഓടിച്ചു. ഒറ്റത്തട്ടിന് ആ കൈ രാജീവ് തട്ടിമാറ്റി. പൂക്കൾ ചുരുട്ടിക്കൂട്ടി ഒറ്റയേറും കൊടുത്തു.എന്നിട്ടു ഹിന്ദിയിൽ പറഞ്ഞു , നിന്റെ കഴപ്പ് മാറ്റാൻ നൊട്ടിനുണഞ്ഞു നടക്കുന്ന ഒട്ടേറെ പേർ വരും, രാജീവിനെ അതിനു കിട്ടില്ല. ചീപ്പ് സ്ലട്ട് സംഗീതയുടെ സൗന്ദര്യത്തിനും അഹങ്കാരത്തിനുമേറ്റ ഒന്നാംതരം പ്രഹരമായിരുന്നു അത്. അതോടെ അവൾ രാജീവിന്റെ ഒന്നാം നമ്പർ ശത്രുവായി.അങ്ങനെ എന്തെല്ലാം, ഒരു പെണ്ണിനും ശരീരത്തിലോ മനസിലോ ഇതുവരെ സ്ഥാനം കൊടുത്തിട്ടില്ല.

'അഞ്ചലി' ഒരിക്കൽ കൂടി രാജീവ് മന്ത്രിച്ചു. ഈ അപ്പുവിന്റെ എല്ലാം നിനക്കാണ്, നിനക്കു മാത്രം.

ലഡാക്കിലേക്കുള്ള ഹൈവേ , ചീറിപ്പാഞ്ഞു പോകുകയാണ് രണ്ടു ബുള്ളറ്റുകൾ.വഴിയരികിൽ നിന്നവർ ആബുള്ളറ്റുകളിലേക്കൊന്നു തുറിച്ചു

നോക്കാതിരുന്നില്ല, കാരണം അവ ഓടിച്ചിരുന്നത് രണ്ടു പെൺകുട്ടികളായിരുന്നു. അതിസുന്ദരികളായ രണ്ടു പെൺകുട്ടികൾ.

'രേഷ്മാ, സ്പീഡ് കുറയ്ക്കൂ, ഇവിടം അപകടമേഖലയാണ്' പിറകിലെ ബുള്ളറ്റ് ഓടിച്ചിരുന്ന പെൺകുട്ടി അവളുടെ അടുത്തേക്ക് എത്തി വിളിച്ചു പറഞ്ഞു.'ഒന്നു പോ അഞ്ജനാ, നിന്റെ ഉപദേശത്തിനു ഇവിടെയും കുറവില്ലേ?' തമാശരീതിയിൽ നാക്കു പുറത്തിട്ടു രേഷ്മ പറഞ്ഞു. എന്നിട്ടു ആക്സിലറേറ്റർ തിരിച്ചു കൂടുതൽ സ്പീഡിൽ ഓടിച്ചു പോയി.

മലനിരകൾക്കടിയിലുള്ള താഴ്വാരത്തിൽ അവർ ടെന്റടിച്ചു. വിറകു കമ്പുകൾ കൂട്ടി കാംപ്ഫയറുണ്ടാക്കി.

കിട്ടിയ റേഞ്ചിൽ ആരോടൊക്കെയോ സംസാരിക്കുകയായിരുന്നു രേഷ്മ. അഞ്ജലി തന്റെ ഇലക്ട്രിക് ഹീറ്ററിൽ ചായയുണ്ടാക്കുന്ന തിരക്കിലും. ആവിപറക്കുന്ന ചായക്കപ്പുമായി അവൾ രേഷ്മയുടെ അടുത്തെത്തി. രേഷ്മാ, ആ സംസാരം ഒന്നു നിർത്ത്, എന്നിട്ട് ദാ ചായ കുടിക്കൂ'

www.kkstories.com

'ഓക്കെ, വിൽ കാൾ യു ലേറ്റർ' അവൾ ഫോൺ കട്ടു ചെയ്തു.
' ആരായിരുനന്നു? രോഹൻ മൽഹോത്ര, നിതേഷ് വഡേക്കർ ? ' ഇഷ്ടപ്പെടാത്ത രീതിയിൽ മുഖം കാട്ടിക്കൊണ്ട് അഞ്ജന ചോദിച്ചു.
'അവരാരുമല്ല, പുതിയ ആളാ, കിരൺ നായിഡു...ആന്ധ്രാക്കാരനാ' നാണം അഭിനയിച്ചു രേഷ്മ പറഞ്ഞു.
'നിനക്ക് നാണമില്ലേ രേഷ്മാ, ഒരേ സമയം തന്നെ എത്രപേർ? ഇതൊക്കെ ശരിയാണെന്നു തോന്നുന്നുണ്ടോ?അഞ്ജന ചോദിച്ചു.യാതൊരു നിയന്ത്രണവുമില്ലാത്ത കാമമാണു രേഷ്മയുടേത്. എത്രപേർ അവളുടെ ജീവിതത്തിൽ വന്നിട്ടുണ്ടെന്നു അവൾക്കു തന്നെ നിശ്ചയമില്ല. രേഷ്മയുടെ ഈ സ്വഭാവം അഞ്ജലി ശരിക്കു വെറുത്തിരുന്നു.

'പിന്നെ, നിന്നെപ്പോലെ പുരുഷവിദ്വേഷവും ഫെമിനിസവുമൊന്നും എനിക്കില്ല, ആജീവനാന്തം നിന്നെപ്പോലെ കന്യകയായി കഴിയാൻ എനിക്കു വട്ടുമില്ല' രേഷ്മ പറഞ്ഞു. അഞ്ജലി ഇതു കേട്ടു മുഖം വെട്ടിത്തിരിച്ചു എന്നിട്ടു തന്റെ കപ്പിൽ നിന്നു ചായ മൊത്തിക്കുടിച്ചു.
രേഷ്മ അഞ്ജനയെ നോക്കി.ദേവലോകത്തു നിന്ന് ഒരപ്സരസ് ഇറങ്ങിവന്നതുപോലെയാണ് അഞ്ജന.ഒരു ദേവതയുടെ മുഖം, പാൽ നിറം.അധികം മെലിയാതെയും എന്നാൽ അധികം തടിക്കാതെയുമുള്ള ശരീരപ്രകൃതി.സാമാന്യത്തിൽ കൂടുതൽ വലിപ്പമുള്ള മുലകളാണ് അവളുടെ

ദേഹത്ത് ആരും ആദ്യം ശ്രദ്ധിക്കുക, വിടർന്ന പിൻഭാഗവും കൂടിയാകുമ്പോൾ ഏഴഴകും അവളിൽ കൂടിച്ചേരുന്നു.അഞ്ജന സ്കൂളിൽ പഠിക്കുമ്പോൾ മുതൽ ഫെമിനിസ്റ്റാണ്.

പുരുഷൻമാരോട് തികഞ്ഞ വെറുപ്പ്. അതിന്റെ കാരണം ഒന്നു മാത്രം. അഞ്ജനയുടെ അച്ഛൻ കൃഷ്ണകുമാർ. ബിസിനസ് എന്ന ഒരു കാര്യം മാത്രം തലയിൽ കൊണ്ടുനടക്കുന്ന അയാൾ അഞ്ജനയെ മര്യാദയ്ക്ക് ഒന്നു ലാളിച്ചിട്ടുപോലുമില്ല. പുരുഷൻമാരെല്ലാം മോശക്കാരാണെന്ന അഞ്ജനയുടെ ചിന്ത അവിടെത്തുടങ്ങി.

പെട്ടെന്നു അഞ്ജനയുടെ ഫോണിലേക്ക് ഒരു കോൾ വന്നു. അതെടുത്ത അവളുടെ മുഖം ഇരുണ്ടു.

'എന്തു പറ്റിയെടി?' രേഷ്മ അഞ്ജലിയുടെ സമീപം ചെന്നു.

കൈയിലിരിക്കുന്ന ചായക്കപ്പിൽ വിരലുകൾ ഉരച്ചു തന്റെ അസ്വസ്ഥത പ്രകടമാക്കുകയായിരുന്നു അഞ്ജലിയപ്പോൾ.

'വീട്ടിൽ എനിക്കു കല്യാണാലോചന നടത്തുന്നു. മറ്റേന്നാൾ പെണ്ണുകാണലാണത്രേ. പെട്ടെന്നു വീട്ടിലെത്താൻ അച്ഛൻ പറയുന്നു'അഞ്ജലി പറഞ്ഞു.

രേഷ്മയ്ക്കു ചിരിയടക്കാനായില്ല. അങ്ങനെ ഞാൻ കണ്ട ഏറ്റവും വലിയ പുരുഷവിദ്വേഷിക്കു പെണ്ണുകാണൽ, നല്ല തമാശ' അവൾ പൊട്ടിച്ചിരിച്ചു.

'രേഷ്മാ ചിരി നിർത്തൂ' അഞ്ജലിയുടെ കണ്ണുകൾ കോപം കൊണ്ടു ചുവന്നു. അവളുടെ മൊബൈൽ ഫോണിൽ വാട്സപ്പ് മെസേജുകൾ തുരുതുരെ വന്നു.അവൾ അതിലേക്കു നോക്കി.

'എന്താടി, ഒരുപാട് മെസേജ് വന്നല്ലോ' രേഷ്മ അഞ്ജലിക്കരികിലേക്കു വന്നു.

'അച്ഛൻ അയക്കുന്നതാണ്. അവന്റെ ഫോട്ടോസാ' അഞ്ജലി പല്ലു ഞെരിച്ചുകൊണ്ട് പറഞ്ഞു.

'എവിടെ, നോക്കട്ടെ' രേഷ്മ അഞ്ജലിയുടെ ഫോൺ വാങ്ങി. കൃഷ്ണകുമാർ അയച്ച രാജീവിന്റെ ചിത്രങ്ങൾ അവൾ ഒന്നൊഴിയാതെ നോക്കി.

www.kkstories.com

'അഞ്ജലി, ഹീ ഈസ് സോ ക്യൂട്ട്, ഞാനെങ്ങാനും ആരുന്നെങ്കിൽ ഇപ്പോൾ കെട്ടി ഫസ്റ്റ് നൈറ്റ് തുടങ്ങിയേനേ' രാജീവിന്റെ ഫോട്ടോയിൽ നിന്നു കണ്ണെടുക്കാതെ രേഷ്മ പറഞ്ഞു. അവളുടെ ഉള്ളിലെ കാമദാഹം ഉണർന്നു കഴിഞ്ഞിരുന്നു.

'അഞ്ജലി ഈ ഫോട്ടോസ് എനിക്കു ഫോർവേഡ് ചെയ്യാമോ' രേഷ്മ ചോദിച്ചു.

'ങൂം , എന്തിനാ?' അഞ്ജലി സംശയത്തോടെ രേഷ്മയെ നോക്കി.

'ഒന്നിനുമല്ല, രാത്രിയിൽ ഈ സുന്ദരൻ പൂച്ചയെ നോക്കി മാസ്റ്റർബേറ്റ് ചെയ്യാനാ' രേഷ്മ പൊട്ടിച്ചിരിച്ചു കൊണ്ട് പറഞ്ഞു.

'ഛീ, എന്താടി നീയിങ്ങനെ? ചിരിക്കൊണ്ടു അഞ്ജലി ഫോൺ പിടിച്ചു വാങ്ങി. എന്നിട്ടു ചവിട്ടിക്കുലുക്കി ടെന്റിനുള്ളിലേക്കു നടന്നു പോയി.

ടെന്റിനുള്ളിലേക്കു പോയ രേഷ്മ കാണുന്നതു ബാഗ് പായ്ക്കു ചെയ്യുന്ന അഞ്ജലിയെ.

'എടീ ഞാൻ ഒരു തമാശ പറഞ്ഞതാ' നീയെങ്ങോട്ടാ ബാഗ് പായ്ക്ക് ചെയ്ത്? രേഷ്മ ചോദിച്ചു.'ഞാൻ പോകുന്നു, ശ്രീനഗറിൽ നിന്നു രാവിലെ ഫ്ളൈറ്റ് ഉണ്ട്. വീട്ടിലെത്തി ഈ കല്യാണം മുടക്കിയിട്ടു വരാം' മുഖം ചുളുക്കി ഗോഷ്ഠി കാട്ടിക്കൊണ്ട് അഞ്ജലി പറഞ്ഞു.

www.kkstories.com

അച്ഛനിനി എന്തു പറഞ്ഞാലും ശരി...എനിക്ക് ഈ വിവാഹത്തിനു സാധ്യമല്ല' അഞ്ജലി കൃഷ്ണകുമാറിന്റെ മുന്നിൽ നിന്നു ബഹളം വച്ചു.എയർപോർട്ടിൽ നിന്നു വന്ന വഴിയായിരുന്നു അവൾ. അഞ്ജലിയുടെ അമ്മ സരോജ മകളെയും ഭർത്താവിനെയും മാറി മാറി നോക്കി.

'എന്തു കൊണ്ടു സാധ്യമല്ല?' ഗൗരവപൂർവം പുരികമുയർത്തി കൃഷ്ണകുമാർ ചോദിച്ചു.ഗൗരവം കൃഷ്ണകുമാറിന്റെ സ്ഥായീഭാവമാണ്. അളന്നുമുറിച്ചുള്ള വാക്കുകൾ , ആജ്ഞാശക്തി സ്ഫുരിക്കുന്ന മുഖം. ഒരു ബിസിനസുകാരനാകാൻ മാത്രം ജനിച്ചയാളാണ് കൃഷ്ണകുമാർ എന്നു തോന്നിപ്പോകും.

'എനിക്കു വെറും 21 വയസ്സേ ആയിട്ടുള്ളു, വിവാഹം കഴിക്കണമെന്നു തോന്നുന്നില്ല, തോന്നുമ്പോൾ അച്ഛനെ അറിയിക്കാം' അഞ്ജലി എടുത്തടിച്ചതു പോലെ പറഞ്ഞു.

'നാവടക്ക്' കൃഷ്ണകുമാർ കസേരയിൽ നിന്ന് എഴുന്നേറ്റു. കണ്ട ആപ്പയും ഊപ്പയും ഒന്നുമല്ല നിന്നെ കാണാൻ വരുന്നത്. മേലേട്ട് ഹരിമേനോന്റെ മകനാ.

നമുക്കൊത്ത തറവാട്ടുകാർ. ചെക്ക്നെ നീ കണ്ടതല്ലോ , സിനിമാ ക'ഥ.ക'ൾ.കോ0 നടൻമാർ തോറ്റുമാറും. ഐഐടിയിൽ പഠിച്ചയാളുമാ. അതു കൊണ്ട് എന്റെ പൊന്നുമോൾ പോയി കുളിച്ചു നാളത്തേക്കു തയ്യാറാക്, രാവിലെ പെണ്ണുകാണാൻ അവരിങ്ങെത്തും' . അയാൾ ധാർഷ്ട്യത്തോടെ പറഞ്ഞു.

'അത്രയ്ക്ക് സുന്ദരനാണെങ്കിൽ അച്ഛൻ തന്നെ കെട്ടിക്കോ അവനെ' അഞ്ജലി ഒച്ചവച്ചു.

'അച്ഛൻ പണ്ടൊന്നു കെട്ടിയതാ, നിന്റമ്മയെ, അങ്ങനെയാ നീയിപ്പം ഇവിടെ നിൽക്കുന്നത്, കേട്ടോടി? അഞ്ജലിയുടെ മുഖത്തേക്കു തറപ്പിച്ചു നോക്കി അയാൾ പറഞ്ഞു'കൃഷ്ണകുമാർ ഒരു കാര്യം ഉദ്ദേശിച്ചാൽ അതു നടന്നിരിക്കും, മോൾടെ ഫെമിനിസമൊന്നും ഇവിടെ ചെലവാകില്ല.പറഞ്ഞുകൊണ്ട് അയാൾ പുറത്തേക്കിറങ്ങി.

'ദേഷ്യം കൊണ്ടു വിറയ്ക്കുകയായിരുന്നു അഞ്ജലി, സരോജ അവളുടെ അടുത്തേക്കു നീങ്ങി നിന്നു.'മോളേ, ' അവളുടെ മുടിയിഴയിൽ തലോടിക്കൊണ്ട് സരോജ പറഞ്ഞു. 'ഞാനിനി അധികകാലമില്ലെന്ന്ു മോൾക്കറിയാല്ലോ, ഞാൻ പറഞ്ഞിട്ടാ കൃഷ്ണേട്ടൻ ഈ ആലോചന വ്ച്ചത്. മരിക്കുന്നതിനു മുൻപ് നിന്റെ മാംഗല്യം എനിക്കു കാണണം മോളെ'

www.kkstories.com

സരോജയ്ക്കു ക്യാൻസറാണ്, ഇനി അധികകാലം ജീവിച്ചിരിക്കില്ലെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം . അമ്മയുടെ ആഗ്രഹപ്രകാരമാണ് തന്റെ കല്യാണം തീരുമാനിച്ചതെന്ന് അറിഞ്ഞതോടെ അഞ്ജലി തളർന്നുപോയി. അവൾ അമ്മയെ ചേർത്തു പിടിച്ചു.

'മോളേ, മേലേട്ടുകാർ നല്ലവരാണ്. രാജീവിനെക്കുറിച്ചു ഞങ്ങൾ അന്വേഷിച്ചു, ഇത്ര നല്ലൊരു പയ്യൻ വേറെയുണ്ടാവില്ല. നിന്റെ അതേ പ്രായവും. അമ്മയുടെ അവസാനത്തെ ആഗ്രഹമാണിത്.ഇനിയൊന്നും അമ്മ ആവശ്യപ്പെടില്ല. മോൾ എനിക്കു വാക്കു താ?' സരോജ പറഞ്ഞു.

അഞ്ജലിയുടെ കണ്ണു നിറഞ്ഞു വന്നു. വിറയാർന്ന കൈകൾ അവൾ അമ്മയുടെ കൈപ്പത്തിയിൽ ചേർത്തു വച്ചു. എന്നിട്ടു ഇടറിയ ശബ്ദത്തിൽ പറഞ്ഞു 'വാക്ക്, എനിക്കു സമ്മതാണ്'

പെണ്ണുകാണൽ ദിവസം വന്നെത്തി. അഞ്ജലിയുടെ കൂട്ടുകാരികളും ബന്ധുക്കളും വീട്ടിലെത്തിയിരുന്നു.നിസംഗതയോടെ ഇരിക്കുകയായിരുന്നു അവൾ ..ആകെ തണുത്തുറഞ്ഞ ഭാവം. വിവാഹ ജീവിതം എന്നതു ഒരിക്കലും അവളുടെ

സ്വപ്നങ്ങളിൽ പോലും ഉണ്ടായിരുന്നില്ല. അമ്മയോടു പറഞ്ഞ വാക്കു പാലിക്കാൻ വേണ്ടി മാത്രം ...എങ്കിലും ബന്ധുക്കളും കൂട്ടുകാരികളും വെറുതേ വിടാൻ ഒരുക്കമല്ലായിരുന്നു.ഒരു വെളുത്ത ചുരിദാറായിരുന്നു അവൾ ധരിച്ചത്. അതിസുന്ദരിയായ അഞ്ജലിയെ അണിയിച്ചൊരുക്കാൻ കൂടിനിന്നവർ മൽസരിച്ചു.

പത്തോടെ രാജീവും ബന്ധുക്കളും അഞ്ജലിയുടെ തറവാടായ അണിമംഗലത്തെത്തി.കൃഷ്ണകുമാറും സരോജയും അവരെ സ്വീകരിച്ചിരുത്തി.

രാജീവ് ഒരു വെളുത്ത ഷർട്ടും ജീൻസുമാണു ധരിച്ചിരുന്നത്. പതിവിലും സുന്ദരനായിരുന്നു അവൻ. ജീവിതത്തിൽ ആദ്യത്തെ പെണ്ണുകാണൽ . അവന്റെ ഹൃദയം പടപടാന്നു മിടിക്കുന്നുണ്ടായിരുന്നു.മുന്നിലെ ടീപ്പോയിൽ കാപ്പിയും മധുരപലഹാരങ്ങളും നിരന്നിട്ടും അതിലൊന്നു പോലും അവൻ എടുത്തില്ല. തീർത്തും പരിഭ്രാന്തൻ. ഐഐടി പരീക്ഷയ്ക്കു പോലും അവൻ ഇങ്ങനെ ടെൻഷൻ അടിച്ചിട്ടുണ്ടാവില്ല.

ഭാവി മരുമകനെ സാകൂതം നോക്കുകയായിരുന്നു കൃഷ്ണകുമാർ. ബലിഷ്ഠൻ, സുന്ദരൻ, യോഗ്യൻ...മുഖം ഒരു മാടപ്രാവിനെ പോലെ. അഞ്ജലിക്ക് എന്തു കൊണ്ടും ചേരുന്നവനാണ് രാജീവെന്ന് അദ്ദേഹം വിലയിരുത്തി.

www.kkstories.com

'മോളെവിടെ' അച്ചമ്മ സരോജയോടു ചോദിച്ചു.'ഇപ്പോൾ വരും' അവർ ചിരിയോടെ ഉത്തരം പറഞ്ഞു.

ഒടുവിൽ എല്ലാവരുടെയും കാത്തിരിപ്പ് അവസാനിച്ചു. അഞ്ജലി പടികളിറങ്ങി അവർക്കരികിലേക്കു വന്നു.രാജീവ് കണ്ണിമയ്ക്കാതെ അഞ്ജലിയെ നോക്കി. മണ്ണിലേക്കിറങ്ങിവന്ന ദേവ സൗന്ദര്യം. ആപ്പിൾ പോലെയുള്ള ചുണ്ടുകൾ,ഒരു ദേവതയുടെ മുഖം.നിറഞ്ഞു തുളുമ്പുന്ന മാറിടം, ഒതുങ്ങിയ ഭംഗിയുള്ള അരക്കെട്ട്. ഒരു നിമിഷം അവൻ മതിമറന്നുപോയ്ി.

അഞ്ജലി മിഴികളയുയർത്തി തീക്ഷ്ണമായി അവനെ നോക്കി.രാജീവ് നോട്ടം പിൻവലിച്ചു.അച്ചമ്മ അവളെ പിടിച്ച് അരികിലിരുത്തി വിശേഷങ്ങൾ ചോദിച്ചു. പതിഞ്ഞ സ്വരത്തിൽ അവൾ ഉത്തരങ്ങൾ നൽകി.

പെണ്ണുകാണൽ ഭംഗിയായി കഴിഞ്ഞു. ചെക്കനും പെണ്ണും തമ്മിൽ സംസാരിക്കുകയെന്ന ഏർപ്പാട് ഇവിടെ നടന്നതേയില്ല.മേലേട്ടു നിന്നു വന്നവർ തിരിച്ചു പോയി. അഞ്ജലി മുറിയിലേക്കും. തന്റെ കട്ടിലിൽ അവൾ കമിഴ്ന്നു കിടന്നു.

'അഞ്ജലിച്ചേച്ചീ' അവളുടെ കസിനായ നിത്യ വന്നു വിളിച്ചു. അഞ്ജലി മുഖമുയർത്തി.

'അഞ്ജലിച്ചേച്ചിയുടെ ചെക്കൻ കൊള്ളാട്ടോ, രൺബീർ കപൂറിനെപ്പോലുണ്ട്' വായാടിയായ നിത്യ പൊട്ടിച്ചിരിച്ചു കൊണ്ടു പറഞ്ഞു.

'പോടീ' അവൾക്കു നേരേ തലയണ വലിച്ചെറിഞ്ഞുകൊണ്ടു ക്രുദ്ധയായി അഞ്ജലി പറഞ്ഞു.

ദിവസങ്ങൾ എത്രപെട്ടെന്നാണു കൊഴിയുന്നത്.അപ്പുവിന്റെയും അഞ്ജലിയുടെയും കല്യാണം നാളെയാണ്. ആലത്തൂരിലെ മേലേട്ടു തറവാട്ടിൽ പൂരത്തിനുള്ള പ്രതീതി. നിറയെ ബന്ധുക്കളും നാട്ടുകാരും എല്ലാവരെയും സ്വീകരിക്കാൻ അച്ഛമ്മ ഓടി നടന്നു. അപ്പു കൂട്ടുകാരുടെയും ബന്ധുക്കളുടെയും നടുവിൽ അവരുടെ കളിയാക്കലുകളും ഉപദേശങ്ങളും ഏറ്റ് അങ്ങനെയിരുന്നു. ഏറ്റവും സന്തോഷം ഹരികുമാരമേനോനായിരുന്നു. ഏകപുത്രൻ വിവാഹിതനാകുന്നതിൽ ഒരച്ഛനുള്ള സന്തോഷവും അഭിമാനവും ആ മുഖത്തു വിടർന്നു നിന്നു.
അപ്പു ഓർക്കുകയായിരുന്നു.അഞ്ജലിയെ കണ്ടതിനു ശേഷം ജീവിതത്തിനു വന്ന മാറ്റങ്ങൾ. എല്ലാത്തിനും പുതിയ നിറങ്ങൾ, എവിടെയും നിറയുന്ന സുഗന്ധം.പക്ഷേ ഒരു കാര്യം മാത്രം അവനു മനസ്സിലായില്ല,
അഞ്ജലി ഇനിയും തന്നോട് ഇണങ്ങാത്തതെന്താണെന്നായിരുന്നു അത്.
പെണ്ണുകാണലിനു ശേഷം പലതവണ ഫോണിൽ വിളിച്ചു.ചിലപ്പോഴൊക്കെ ഫോൺ എടുത്തു. എടുത്താലോ, 'ങും', 'ശരി ' തുടങ്ങി ഒന്നോ രണ്ടോ വാക്കുകളിൽ അവസാനിക്കുന്ന സംസാരം. പ്രകടമായ നീരസം അവളുടെ വാക്കുകളിൽ.എന്തേ ഇങ്ങനെ?
കൂട്ടിലകപ്പെട്ട പക്ഷിയുടെ അവസ്ഥയായിരുന്നു അഞ്ജലിക്ക്. അപ്പുവിനെ ഭർത്താവായി സ്വീകരിക്കാൻ ഇപ്പോഴും അവൾ തയ്യാറായിരുന്നില്ല.ചിന്തിക്കാത്ത നേരത്തു കല്യാണം. തന്റെ സ്വപ്നങ്ങൾ, പ്രതീക്ഷകൾ ഒക്കെ ഒരു താലിച്ചരടിൽ അവസാനിക്കുകയാണെന്നു അവൾക്കു തോന്നീ, സമ്മതം പോലും നോക്കാതെ വിവാഹം തീരുമാനിച്ച അച്ഛൻ കൃഷ്ണകുമാർ മേനോനോടുള്ള അധികരിച്ച ദേഷ്യം മാത്രമായിരുന്നു ആ പെൺമനസ് നിറയെ.
വാതിലിൽ ഒരു മുട്ട് കേട്ടു തന്റെ മുടി വാരിക്കെട്ടി അഞ്ജലി എഴുന്നേറ്റു. വാതിൽ തുറന്നതും കസിൻ സഹോദരിമാരുടെ ഒരു പട മുറിയിലേക്ക് ഇരച്ചു കയറി.
'അഞ്ജലിക്കുട്ടീ' അവർ ആർത്തു വിളിച്ചു.അഞ്ജലിക്ക് ഈർഷ്യയാണ് തോന്നിയത്.
'ഒന്നുറങ്ങാനും സമ്മതിക്കില്ലേ?' അവൾ അവരോടു കയർത്തു.

www.kkstories.com

'നാളെ കല്യാണമായിട്ട് അങ്ങനെ കിടന്നുറങ്ങിയാലോ' കൂട്ടത്തിലെ കാന്താരി മറുപടി പറഞ്ഞു'വാ , നിന്റെ കൈയ്യിൽ മൈലാഞ്ചിയിടണ്ടേ, ആഭരണങ്ങൾ ഇടണ്ടേ?' അവർ വിളിച്ചുചോദിച്ചു.

'വേണ്ട' വെട്ടിമുറിക്കുംപോലെ അഞ്ജലിയുടെ മറുപടി.
ആ എതിർപ്പൊന്നും അവർ കാര്യമായെടുത്തില്ല.അഞ്ജലിയുടെ കൈകളിൽ അവർ മൈലാഞ്ചിയിട്ടു, പാൽനിറമുള്ള അണിമെയ്യിൽ ആഭരണങ്ങൾ ചാർത്തി.
പതിവില്ലാതെ വെള്ളനിറത്തിലുള്ള ഒരു സാരിയായിരുന്നു അഞ്ജലി ഉടുത്തിരുന്നത്.അരഞ്ഞാണമിടാനായി അവളുടെ വയറിന്റെ ഭാഗത്തുള്ള സാരി കൂട്ടത്തിൽ ഒരുവൾ മാറ്റി, ഒതുങ്ങി മനോഹരമായ പൊക്കിൾച്ചുഴി ചൂണ്ടിക്കാട്ടി അവൾ വിളിച്ചുപറഞ്ഞു'ദേ അഞ്ജലി, ഞാനുറപ്പു തരുന്നു, ഇവിടം അപ്പുവിനു നന്നായി ഇഷ്ടപ്പെടും, നിന്റെ മുഖത്തു തന്നില്ലെങ്കിലും ഇവിടെ ഒരുമ്മ അവൻ തരുംട്ടോ'
കസിൻ സഹോദരിയുടെ കമന്റ് കേട്ടു മറ്റുള്ളവർ പൊട്ടിച്ചിരിക്കുമ്പോൾ അഞ്ജലിയുടെ മുഖത്തേക്കു ചോര ഇരച്ചുകയറുകയായിരുന്നു,'ഉമ്മ വയ്ക്കാനിങ്ങു വരട്ടെ, കരണം അടിച്ചു പുകയ്ക്കും ഞാൻ' പെൺകുട്ടികളുടെ പൊട്ടിച്ചിരികൾക്കിടയിൽ അഞ്ജലിയുടെ ആത്മഗതം ആരും കേട്ടില്ല.
-----------------
അണിമംഗലത്തെ തറവാട്ടുക്ഷേത്രത്തിലായിരുന്നു കല്യാണം.പരമ്പരാഗതമായി തറവാട്ടിലെ പെൺകുട്ടികളുടെ വിവാഹം നടത്തുന്നത് ഇവിടെയാണ്. സ്വന്തമായി ഒരു ഓഡിറ്റോറിയമുണ്ടെങ്കിലും കൃഷ്ണകുമാർ അതു പരിഗണിക്കാതിരുന്നതിനു കാരണവും മറ്റൊന്നല്ല.
രാവിലെ തറവാട്ടിലെ ക്ഷേത്രത്തിൽ കുളിച്ചു തൊഴുത് അപ്പു അണിമംഗലം തറവാട്ടിലേക്കു ബന്ധുക്കളോടൊപ്പം പുറപ്പെട്ടു. അച്ഛൻ പുതുതായി വാങ്ങിക്കൊടുത്ത മിനിക്കൂപ്പറിൽ.ആലത്തൂരിൽ നിന്നു പുറപ്പെട്ട കാർ അണിമംഗലത്തേക്കെത്തുമ്പോഴേക്കും അവന്റെ നെഞ്ചിൽ പെരുമ്പറ ഉച്ചസ്ഥായിയിലെത്തി. ചെറുപ്രായത്തിൽ വിവാഹിതനാകുന്ന ഒരു പയ്യൻ അഭിമുഖീകരിക്കുന്ന എല്ലാ വെപ്രാളവും മനസ്സിൽ അലയടിക്കുന്നുണ്ടായിരുന്നു.സുഖകരമായ അനുഭൂതി അപ്പുവിനെ പൊതിഞ്ഞുനിന്നു.
വിവാഹത്തിനു പ്രകൃതിയും കനിഞ്ഞനുഗ്രഹിച്ചു. തെളിഞ്ഞമാനത്തു കാർമേഘങ്ങൾ ഉരുണ്ടുകൂടി, കാറിന്റെ ചില്ലിലേക്കു മഴത്തുള്ളികൾ ശ്രൂം എന്ന ശബ്ദത്തോടെ വന്നിടിച്ചു.
മഴ അപ്പുവിന് എന്നും ഹരമാണ്. കാറിന്റെ ചില്ലുതാഴ്ത്തി അവൻ കൈക്കുമ്പിളിലേക്കു മഴത്തുള്ളികളെ പിടിച്ചു. വീശിയടിക്കുന്ന കാറ്റിൽ മഴ അവന്റെ മുഖത്തേക്കു വീണു, ഏതോ പൂക്കളുടെ സുഗന്ധവും വഹിച്ച്.

www.kkstories.com

'എടാ ചെക്കാ, അധികം മഴ കൊണ്ട് പനി പിടിക്കേണ്ട, രാത്രിയിലെ കാര്യം കുഴയും' കാറിലുണ്ടായിരുന്ന ബന്ധുക്കളിലാരോ തമാശയായി പറഞ്ഞു, അപ്പുവിന്റെ മുഖം നാണത്താൽ ചുവന്നു തുടുത്തു.
കോരിച്ചൊരിയുന്ന മഴയുടെ തണുപ്പുമേറ്റു കതിർമണ്ഡപത്തിൽ ഇരിക്കുമ്പോഴും അപ്പുവിന്റെ മനസ്സിലെ ടെൻഷനു യാതൊരു ശമനവുമുണ്ടായിരുന്നില്ല, അവൻ വെട്ടിവിയർത്തുകൊണ്ടിരുന്നു.ഒടുവിൽ ആ നിമിഷമെത്തി, അഞ്ജലി അവനു സമീപത്തേക്കു നടന്നു , ഇടതു വശത്തു വധുവിനു വിധിച്ച സ്ഥലത്ത് അവൾ ഇരുന്നു , കലുഷിതമായ മുഖത്തോടെ.
ചുവന്ന പട്ടുസാരിയിലുംകമ്പികുട്ടൻ.നെറ്റ് ആഭരണങ്ങളിലും പൊതിഞ്ഞ അഞ്ജലിയെ അപ്പു ഒന്നു പാളി നോക്കി, ഹൗ, തങ്കത്തിൽ തീർത്ത ദേവീവിഗ്രഹം പോലുണ്ടായിരുന്നു അവൾ, സൗന്ദര്യത്തിന്റെയും ഐശ്വര്യത്തിന്റെയും നിറകുടം, നോട്ടം പിൻവലിക്കാൻ അവനു കഴിഞ്ഞില്ല. അഞ്ജലി അവനെ പെട്ടെന്നു നോക്കി, എല്ലാ തീക്ഷ്ണതയുമുള്ള ഒരു കത്തുന്ന നോട്ടം. അതു നേരിടാനാകാതെ അപ്പു തന്റെ മിഴികൾ താഴ്ത്തി.
എല്ലാം ചിട്ടപ്പടി തന്നെ നടന്നു. ആദ്യം കന്യാദാനം , പിന്നീടു മുറപ്രകാരമുള്ള ചടങ്ങുകൾ , ഒടുവിൽ താലികെട്ട്. നെന്മാറയിൽ നിന്നുള്ള ഇല്ലത്തെ ബ്രാഹ്മണൻ പൂജിച്ചു നൽകിയ താലി അപ്പു അഞ്ജലിയുടെ കഴുത്തിൽ അണിയിച്ചു. ഒരു ശില പോലെയായിരുന്നു അഞ്ജലിയുടെ ഇരിപ്പ്. അവളുടെ കണ്ണിൽ നിന്നു കണ്ണീർ പുഴ പോലെ പുറത്തേക്കൊഴുകി, ഉള്ളിൽ ഒരു മഹാസമുദ്രം അലയടിച്ചു.
ഒടുവിൽ എല്ലാം കഴിഞ്ഞു, ആഘോഷങ്ങളും, രക്ഷിതാക്കളുടെ ബാധ്യതകളും, വേർപിരിയലിന്റെ കണ്ണീരും. മേലേട്ടു തറവാട്ടിലേക്ക് അഞ്ജലിയുമായി പുറപ്പെടുന്നതിനു മുൻപ് കൃഷ്ണകുമാർ അപ്പുവിന്റെ കൈകളിൽ പിടിച്ചൊന്നമർത്തി. ' മോനെ അപ്പൂ' , സ്വതവേ പരുക്കനായ ആ മനുഷ്യൻ ആർദ്രമായ കണ്ണുകളോടെ അപ്പുവിനെ നോക്കി,'എന്റെ മകളെ ഒരിക്കലും സ്നേഹിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല, അവൾ പാവമാണ്, അവിടെ അവളെപ്പോഴും സന്തോഷവതിയായിരിക്കണം'. ഇടയ്ക്കൊന്നിടറിയെങ്കിലും കൃഷ്ണകുമാർ പറഞ്ഞുതീർത്തു.
അപ്പു തിരിച്ചൊന്നും പറഞ്ഞില്ല, പകരം കൃഷ്ണകുമാറിന്റെ കൈകളിൽ ഒന്നു തലോടി, എല്ലാം താൻ കേട്ടുവെന്ന് അറിയിക്കും പോലെ.

---------------------------------

അപ്പുവിന്റെ ബന്ധുക്കളെയെല്ലാം പരിചയപ്പെട്ടു വന്നപ്പോഴേക്കും രാത്രി ഒരുപാടു വൈകിയിരുന്നു. അഞ്ജലിക്ക് ആരെയും പരിചയപ്പെടാൻ താൽപര്യമുണ്ടായിരുന്നില്ല, എന്നാൽ പയ്യെ പയ്യെ എല്ലാവരെയും അവൾ ഇഷ്ടപ്പെട്ടു.തന്റെ തറവാട്ടിൽ ഇല്ലാത്ത ഒന്ന് അപ്പുവിന്റെ വീട്ടിൽ ഉണ്ടെന്ന് അഞ്ജലിക്കു തോന്നി, നിറഞ്ഞ സ്നേഹത്തിൽ ബന്ധങ്ങളെ പൊതിയുന്ന ഒരു അദൃശ്യമായ നൂൽ.അപ്പുവിന്റെ അച്ഛനായ ഹരികുമാരമേനോനോടു പ്രത്യേകമായ

ഒരിഷ്ടം അവൾക്കു തോന്നി. തന്റെ അച്ഛൻ ഒരു ജന്മത്തിൽ തരാത്ത പിതൃവാൽസല്യം അദ്ദേഹം നിമിഷങ്ങൾക്കുള്ളിൽ നൽകിയെന്ന് അ്ഞ്ജലിക്കു തോന്നി.അപ്പു തികച്ചും ഭാഗ്യവാനാണ്, അവൾ മനസ്സിലോർത്തു, എല്ലാവർക്കും അപ്പുവിനെ എന്തിഷ്ടമാണ്.
'ഹാ, നിങ്ങളെല്ലാവരും കൂടി ഇവളെ ഇന്നു രാത്രി തന്നെ കത്തിവച്ചു കൊല്ലാനാണോ പരിപാടി, ബാക്കി സംസാരമൊക്കെ നാളെയാകാം, മോളേ അഞ്ജലി, നീ മുറിയിലേക്കു ചെല്ലൂ' അപ്പുവിന്റെ അമ്മായി അവരുടെ അടുത്തേക്കു ചെന്നു പറഞ്ഞു.
മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങളുമായി അഞ്ജലി അപ്പുവിന്റെ മുറി ലക്ഷ്യമാക്കി നീങ്ങി.വാതിൽ തുറന്ന് അകത്തു കയറിയ അവൾ കണ്ടത്, കട്ടിലിൽ തളർന്നുറങ്ങുന്ന അപ്പുവിനെയാണ്. കല്യാണദിവസത്തിന്റെ ക്ഷീണം കാരണം അ്ഞ്ജലിയെ ക്കാത്തിരുന്ന പാവം അ്പ്പു മയക്കത്തിലേക്കു വഴുതി വീണിരുന്നു.
കട്ടിലിനരികിലുള്ള കസേരയിലേക്ക് അഞ്ജലി ചാഞ്ഞു.ഒരു നിമിഷം, അവൾ അവന്റെ മുഖത്തേക്കൊന്നു നോക്കി, സുഖ സുഷുപ്തിയിലാണ്ട അപ്പു. സ്വർഗത്തിൽ നിന്നു ഭൂമിയിലേക്കു പതിച്ച മാലാഖയുടെ ഉറക്കം ചിത്രീകരിക്കുന്ന ഒരു പെയിന്റിങ് പൂനയിലെ ആർട് ഗാലറിയിൽ കണ്ടത്കമ്പികുട്ടൻ.നെറ്റ് അവൾക്കോർമ വന്നു, അതു പോലെ തന്നെയുണ്ട് അപ്പുവും. സ്വർഗം നഷ്ടപ്പെട്ട മാലാഖയുടെ മുഖത്തു വിഷാദമായിരുന്നെങ്കിൽ ഇവിടെ അപ്പുവിന്റെ മുഖത്തു സ്ന്തോഷം നിറഞ്ഞു നിന്നിരുന്നു. അതിന്റെ പ്രതിഫലനമെന്നോണം അവന്റെ ചുണ്ടിൽ ഒരു ചെറുചിരി വിടർന്നിരുന്നു.
അപ്പുവിനോട് എന്തോ ഒരു മമത അവളുടെ മനസിൽ വിരിഞ്ഞെങ്കിലും പെട്ടെന്നു തന്നെ അതു കെട്ടു. ' എന്നെ നേടിയെന്ന സന്തോഷത്തിലാണോ അപ്പൂ നീ ചിരിക്കുന്നത് ' അപ്പുവിനെ സാകൂതം നോക്കിയിട്ട് അവൾ തന്നോടു തന്നെ ചോദിച്ചു.
'ഇല്ല , മോനെ, നിനക്കതിനു കഴിയില്ല, ഭാര്യയാക്കി കൊണ്ടു നട്ക്കാമെന്ന്ല്ലാതെ അഞ്ജലിയുടെ മനസ്സിലോ ശരീരത്തിലോ ഒരിക്കലും നിനക്കു സ്ഥാനമുണ്ടാകില്ല' പല്ലു ഞെരിച്ചു കൊണ്ട് അവൾ തന്നോടു തന്നെ ഉത്തരവും പറഞ്ഞു.

അഞ്ജലി അവനെ നോക്കിക്കൊണ്ടിരിക്കെ അപ്പു പെട്ടെന്നു കണ്ണു തുറന്നു. അവന്റെ നോട്ടം അഞ്ജലിയുടെ മുഖത്തു ചെന്നു പതിച്ചു.
'ഞാൻ ഉറങ്ങിപ്പോയി' സ്വതസിദ്ധമായ കുസൃതിച്ചിരിയോടെ അപ്പു എഴുന്നേറ്റു.അഞ്ജലിയിൽ നിന്ന് ഒരു പ്രതികരണവും ഉണ്ടായില്ല.
'അതേ , ഞാൻ ഉറങ്ങിപ്പോയെന്ന്' അഞ്ജലിയുടെ മുന്നിൽ നിന്നു കുറുമ്പുകാട്ടുന്ന ഒരു കുട്ടിയെപ്പോലെ ചിരീച്ചു കൊണ്ട് അപ്പു പറഞ്ഞു. ഏതു പെണ്ണും അലിഞ്ഞുപോകുന്ന ഒരു ചിരിയായിരുന്നിട്ടും അഞ്ജലിക്കു യാതൊരു ഭാവഭേദങ്ങളും ഇല്ലായിരുന്നു.

'അപ്പൂ , എനിക്കു കുറച്ചു കാര്യങ്ങൾ സീരിയസായി പറയാനുണ്ട്' അഞ്ജലി ഗാരവം വിടാതെ പറഞ്ഞു.
'പറഞ്ഞോളൂ, ഇഷ്ടം പോലെ സമയമുണ്ടല്ലോ, എത്രവേണമെങ്കിലും സീരിയസായോ കോമഡിയായോ പറഞ്ഞോളൂ.' കളിപറയുന്ന രീതിയിൽ അപ്പു പറഞ്ഞു.
'അപ്പൂ' ദേഷ്യം സ്ഫുരിക്കുന്ന ശബ്ദത്തിൽ അഞ്ജലി വിളിച്ചു.അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു. അപ്പു ഒരു നിമിഷത്തേക്കു നിശബ്ദനായി.അഞ്ജലി വളരെ കാര്യമായി എന്തോ പറയാൻ പോകയാണെന്ന് അവനു തോന്നി.
ഒരു നിമിഷം നിശബ്ദയായി ഇരുന്ന ശേഷം അഞ്ജലി പറഞ്ഞു
'അപ്പു, എനിക്ക് ഈ വിവാഹത്തിന് ഇഷ്ടമായിരുന്നില്ല, എത്രയും വേഗം എന്നെ ഡിവോഴ്സ് ചെയ്യണം.ഞാനും അപ്പുവുമായുള്ള ജീവിതം കൊണ്ട് അപ്പുവിന് ഒരു പ്രയോജനവും ഉണ്ടാകില്ല' ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു നിർത്തി.
കൂടം കൊണ്ടു തലയ്ക്കടി കൊണ്ടതുപോലെയാണ് അപ്പുവിനു തോന്നിയത്.ആദ്യമായി മനസ് അർപ്പിച്ച പെണ്ണ്, താലികെട്ടിയ ഭാര്യ, ദാ പറയുന്നു ഡിവോഴ്സ് വേണമെന്ന് , അതും ആദ്യരാത്രിയിൽ
'അഞ്ജലിക്ക് പ്രേമം എന്തെങ്കിലുമുണ്ടോ?' `ഒരു നിമിഷത്തെ നിശബ്ധതയ്ക്കു ശേഷം അപ്പു ചോദിച്ചു.
'അതൊന്നുമില്ല, എനിക്ക് വിവാഹജീവിതത്തിൽ താൽപര്യമില്ല, ഒരുപാടു ലക്ഷ്യങ്ങളുണ്ട് ജീവിതത്തിൽ, ഫോർ ദാറ്റ്, ഐ ഹാവ് ടുബി ഇൻഡിപ്പെൻഡന്റ്' അഞ്ജലി പറഞ്ഞു.
'അഞ്ജലിയുടെ ഒരു ലക്ഷ്യത്തിനും ഞാൻ എതിരുനിൽക്കില്ല, പ്ലീസ്, എന്നെ വിട്ടുപോകാതിരുന്നൂടെ' അപ്പുവിന്റെ മറുചോദ്യത്തിനു യാചനയുടെ സ്വരമുണ്ടായിരുന്നു. അവന്റെ നോട്ടം നിസഹായമായിരുന്നു.

ആ നോട്ടത്തിൽ മനസ്സൊന്നു പിടച്ചെങ്കിലും അഞ്ജലി ഡിവോഴ്സ് എന്ന ആവശ്യത്തിൽ ഉറച്ചു നിന്നു.അപ്പുവിനു ശരിക്കും ദേഷ്യം പിടിച്ചു.
അവളുടെ അരികിലേക്കു നീങ്ങി അവളുടെ ചുമലിൽ പിടിച്ചു കുലുക്കിക്കൊണ്ട് അപ്പു ചോദിച്ചു'എങ്കിൽ പിന്നെ എന്തിനു എന്നെ വിവാഹം കഴിച്ചു, വെറും പൊട്ടനാക്കുകയായിരുന്നല്ലേ എന്നെ.,ഡിവോഴ്സും തരില്ല, ഒരു കോപ്പും തരില്ല, ഞാനിതിനു സമ്മതിക്കില്ല 'ചീറുന്ന ശബ്ദത്തിൽ അപ്പു അലറി.
തികച്ചും നിഷ്കളങ്കമായാണ് അപ്പു അതു ചെയ്തതെങ്കിലും പെണ്ണിനു മേൽ ആധിപത്യം സ്ഥാപിക്കുന്ന ആണധികാരത്തിന്റെ കരങ്ങളായാണ് അഞ്ജലിക്ക് ആ പ്രവൃത്തി തോന്നിയത്. അവളുടെ മുഖത്തേക്കു ദേഷ്യം കടൽ പോലെ ഇരമ്പി വന്നു.
'കൈയ്യെടുക്കടാ' ആക്രോശിച്ചു കൊണ്ട് അഞ്ജലി അവന്റെ കരണത്താഞ്ഞടിച്ചു.പൊന്നീച്ച പറക്കുന്നതു പോലെ അപ്പുവിനു തോന്നി.ഇതു വരെ ആരും അവനെ വേദനിപ്പിച്ചിരുന്നില്ല, ദേഷ്യവും സങ്കടവും അവന്റെ

www.kkstories.com

സുന്ദരമായ മുഖത്തു പ്രതിഫലിച്ചു. അഞ്ജലിയുടെ ചുമലിൽ നിന്നു കൈയ്യെടുത്ത് അവൻ പയ്യെ പിൻവലിഞ്ഞു.
ഏതു വിവാഹിതനും സുന്ദരമായ ഓർമ്മ നൽകുന്ന ആദ്യരാത്രി അപ്പുവിനങ്ങനെ കാളരാത്രിയായി, വിങ്ങുന്ന മനസ്സോടെ മുറിയിലുണ്ടായിരുന്ന സെറ്റിയിലേക്ക് അവൻ കമിഴ്ന്നു കിടന്നു. കുറച്ചു നേരത്തിനു ശേഷം കട്ടിലിൽ കിടന്ന് അഞ്ജലിയും ഉറങ്ങി............

--------------------------------

അപ്പുവും അഞ്ജലിയും ഒരു മാസത്തേക്കു തമ്മിൽ തമ്മിൽ മിണ്ടാറുപോലുമില്ല,അപ്പു സെറ്റിയിലും അഞ്ജലി കട്ടിലിലുമായി കിടപ്പു തുടർന്നു. പിള്ളേരുടെ തണുപ്പൻ ബന്ധം കുടുംബാംഗങ്ങൾക്കു മനസ്സിലായെങ്കിലും ആരും ഇടപെടാൻ പോയില്ല.ചെറുപ്രായത്തിലുള്ള വിവാഹമല്ലേ, സമയമെടുത്ത് എല്ലാം ശരിയാകും എന്ന വിശ്വാസത്തിലായിരുന്നു അപ്പുവിന്റെ അച്ഛനും അച്ഛമ്മയും.
അഞ്ജലിക്കു തറവാട്ടിലുള്ള ജീവിതം നന്നായി ഇഷ്ടപ്പെട്ടു. അച്ഛമ്മയും ഹരിമേനോനും അവളെ സ്വന്തം കുട്ടിയെന്ന പോലെയായിരുന്നു ഇഷ്ടപ്പെട്ടത്. പക്ഷേ ഇതു തന്റെ പാതയല്ലെന്ന് അവൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു.ഏതു നിമിഷവും ഇവരെ പിരിയേണ്ടിവരാം.അപ്പുവിനെ പ്രകോപിപ്പിച്ചു ഡിവോഴ്സ് നേടാനായിരുന്നു അവളുടെ ശ്രമം. അവന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ കണ്ടെത്തി അതു ചെയ്യുക എന്ന പദ്ധതി പക്ഷേ നടാടെ പാളി. എന്തു ചെയ്തിട്ടും അപ്പു പ്രതികരിച്ചില്ല.

www.kkstories.com

അങ്ങനെ കലുഷിതമായ സാഹചര്യങ്ങൾക്കിടയിലേക്കാണു പുതിയൊരു അതിഥി കടന്നുവന്നത്. അഞ്ജലിയുടെ പ്രിയകൂട്ടുകാരി രേഷ്മ (ഈ കഥയുടെ ആദ്യഭാഗത്തിൽ ഇവളെക്കുറിച്ചു പറയുന്നുണ്ട്)
'എങ്ങനെയുണ്ടെടി വൈവാഹിക ജീവിതം?' വന്നപാടെ രേഷ്മ അഞ്ജലിയോടു ചോദിച്ചു.
അഞ്ജലി ഒന്നും മിണ്ടിയില്ല, വികാരങ്ങളില്ലാത്ത മുഖത്തോടെ അവൾ വെറുതെയിരുന്നു.
'എന്തു പറ്റി , എന്റ മാലാഖക്കുട്ടി എന്തേ മുഖം വീർപ്പിച്ചിരിക്കുന്നത്,' രേഷ്മ അവളുടെ അരികിൽ ചെന്നു ചോദിച്ചു.
അഞ്ജലി എല്ലാ ക്ാര്യങ്ങളും അവളോടു പറഞ്ഞു. എത്ര ശ്രമിച്ചിട്ടും അപ്പു ഡിവോഴ്സ് നൽകുന്നില്ലെന്ന കാര്യവും അവൾ രേഷ്മയെ ധരിപ്പിച്ചു.
'എന്തിനാ അവന്റെ ഡിവോഴ്സ് നോക്കിയിരിക്കുന്നത്, നിനക്ക് അവനെ ഡിവോഴ്സ് ചെയ്തൂടെ' രേഷ്മ ചോദിച്ചു.
'ഞാൻ അതിനു തുനിഞ്ഞാൽ എന്റ അച്ഛൻ പ്രശ്നമുണ്ടാക്കും,തന്നിഷ്ടം കാട്ടിയെന്നു പറഞ്ഞു സൈ്വര്യം തരില്ല, അപ്പു എന്നെ ഡിവോഴ്സ് ചെയ്താൽ ആ പ്രശ്നമില്ല' അഞ്ജലി പറഞ്ഞു.
ഒരു നിമിഷം രേഷ്മ എന്തോ ചിന്തിച്ചു.

'അപ്പുവിനു മറ്റൊരു പെണ്ണുമായി ബന്ധമുണ്ടെന്നു വരുത്തിത്തീർത്താലോ ? നിനക്കു ഡിവോഴ്സും കിട്ടും, അച്ഛൻ പ്രശ്നവുമുണ്ടാക്കില്ല,' തന്റെ മനസ്സിലുള്ള ക്രൂരമായ പദ്ധതിയുടെ ചുരുളുകൾ രേഷ്മ അഴിച്ചു.
'നീയെന്തൊക്കെയാ ഈ പറയുന്നേ' അഞ്ജലിക്ക് ഒന്നും മനസ്സിലായില്ല.
'അപ്പുവിനെ മറ്റൊരു പെണ്ണ് വശീകരിച്ചെന്നു കൂട്ടുക, അവരു തമ്മിൽ ബന്ധപ്പെടുന്നു, ആ വിഡിയോ എടുത്താൽ പോരെ .ദുർന്നടപ്പുകാരനായ ഒരുത്തനെ ഉപേക്ഷിക്കുന്നതിനു നിന്റെ അച്ഛൻ ഒന്നും പറയില്ല.' രേഷ്മ വീണ്ടും വിശദീകരിച്ചു.
'ഛെ , നിനക്കു നാണമില്ലേ, വൃത്തികെട്ട ഒരു ഐഡിയ' അഞ്ജലി ദേഷ്യത്തോടെ പറഞ്ഞു.
'എടീ, ലക്ഷ്യം നേടാൻ എന്തു മാർഗവും സ്വീകരിക്കാമെന്നു സാക്ഷാൽ ഭഗവാൻ തന്നെ ഏതോ പുസ്തകത്തിൽ പറയുന്നുണ്ട്, പുസ്തകത്തിന്റെ പേരു ഞാൻ മറന്നു,' നേരിയ ചിരിയോടെ രേഷ്മ പറ്ഞ്ഞു.'ഇതാണ് ഏറ്റവും പറ്റിയ വഴി,നിനക്ക് ഈ പേരും പറഞ്ഞു ഭാവിയിൽ വിവാഹജീവിതത്തിൽ നിന്നു തന്നെ ഒഴിവാകാം.'അവൾ അഞ്ജലിയെ പ്രേരിപ്പിച്ചു.
'അതിന് അപ്പുവിനു മറ്റു പെണ്ണുങ്ങളോടൊന്നും ബന്ധമില്ല, അന്യസ്ത്രീകളോടു മിണ്ടുന്നതു തന്നെ ചുരുക്കമാണ്' അഞ്ജലി സംശയം പ്രകടിപ്പിച്ചു.
'എന്റെ അഞ്ജലീ, അപ്പുവിനെ വശീകരിക്കാൻ പോകുന്ന പെണ്ണ് ആരാന്നാ നിന്റെ വിചാരം' രേഷ്മ ചോദിച്ചു

www.kkstories.com

'ആരാ?' അഞ്ജലിയുടെ മറുചോദ്യം
'ഈ ഞാൻ തന്നെ, രേഷ്മാ മേനോൻ, ഞാൻ വിചാരിച്ചാൽ വളയാത്ത ആൺപിള്ളേരുണ്ടോ, ദേ ഇങ്ങോട്ടു നോക്കിയേ,' ഇട്ടിരുന്ന ഷർട്ടിന്റെ ബട്ടൺസ് അഴിച്ച് തന്റെ മുലകൾ പുറത്തെടുത്ത് രേഷ്മ ചോദിച്ചു. 'ഇതിലൊന്നു പിടിക്കാൻ നിന്റെ അപ്പുവിനും ആഗ്രഹം വരും, ഇല്ലെങ്കിൽ വരുത്തും.'
'ച്ഛെ, നീയെപ്പോഴും ഇങ്ങനെയാണല്ലോ രേഷ്മാ' അഞ്ജലി അവളുടെ മുലകളിൽ നിന്നു മുഖം വെട്ടിത്തിരിച്ചുകൊണ്ട് പറഞ്ഞു.
'നീയൊന്നു പറഞ്ഞേ, ഈ മുല കണ്ടാൽ നിന്റെ കെട്ടിയോൻ വീഴില്ലേ?' രേഷ്മ വിടാൻ ഒരുക്കമല്ല
'ഇതൊന്നും ശരിയാവില്ല രേഷ്മാ' അഞ്ജലി വീണ്ടും പറഞ്ഞു
'ഇതേ ശരിയാവൂ, നീ വെറുതെ ക്യാമറ പിടിച്ചു നിന്നാൽ മതി, എല്ലാം ഞാൻ ശരിയാക്കിക്കൊള്ളാം,' രേഷ്മ പറഞ്ഞു
അഞ്ജലി നിസ്സംഗതയോടെ നിന്നു. സംഗതി വൃത്തികേടാണെങ്കിലും ഇതു ഫലിക്കുമെന്ന് അവളുടെ മനസ് പറഞ്ഞു. ഏതാണിനെയും വീഴ്ത്തുന്ന സൗന്ദര്യവും അംഗലാവണ്യവും പാടവവുമുള്ളവളാണ് രേഷ്മ. കോളജിൽ പഠിക്കുന്ന കാലത്ത് സ്വന്തം കാര്യം സാധിക്കാനായി പ്രിൻസിപ്പലിനെ വരെ വളച്ചെടുത്തവളാണ്. ആ പ്രിൻസിപ്പൽ വലിയൊരു ആത്മീയവാദിയും

ബ്രഹ്മചാരിയുമായിട്ടുപോലും അവളുടെ നീരാളിപ്പിടുത്തത്തിൽ പുഷ്പം പോലെ വന്നുവീണു. അൻപതു കഴിഞ്ഞ അയാൾ വരെ തോറ്റിരിക്കുന്നു , പിന്നെയാണ് 21 വയസ്സിന്റെ തിളപ്പുമായി നടക്കുന്ന അപ്പു.
രേഷ്മ ഒരു ചെറുചിരി ചിരിച്ചു, അഞ്ജലി മൗനം പാലിക്കുന്നു, മൗനം സമ്മതം.
---------------
പിറ്റേന്ന് അച്ഛമ്മയും ഹരിമേനോനും വീട്ടിൽ ഇല്ലായിരുന്നു.ഇളനാട്ടുള്ള അച്ഛമ്മയുടെ തറവാട്ടുവീട്ടിൽ പോയിരിക്കുകയായിരുന്നു അവർ, രണ്ടു ദിവസം കഴിഞ്ഞു മാത്രമേ മടങ്ങുകയുള്ളൂ.അപ്പു , രേഷ്മ, അഞ്ജലി എന്നിവർ മാത്രം വീട്ടിൽ. രേഷ്മ അഞ്ജലിയോടൊപ്പം താമസിക്കാനെത്തിയിട്ട് രണ്ടുദിവസമായിട്ടും അപ്പു വലിയ പരിചയപ്പെടലിനൊന്നും പോയിരുന്നില്ല,തികച്ചും ഔപചാരികമായിരുന്നു അവനു രേഷ്മയോടുള്ള ബന്ധം.
അപ്പു സ്വീകരണമുറിയിലെ സെറ്റിയിൽ ചാഞ്ഞ്ു ക്രിക്കറ്റ് കളി കണ്ടിരിക്കയാണ്.ഇതു തന്നെ തക്കമെന്ന്ു അഞ്ജലിയും രേഷ്മയും കരുതി.രേഷ്മയുടെ മുറിയിൽ ഒരു കർട്ടനു പിന്നിൽ അഞ്ജലി പതുങ്ങിനിന്നു. കൈയ്യിൽ ഓണാക്കി വച്ചിരിക്കുന്ന ഹാൻഡിക്യാമുമായി. മുറിയിൽ നടക്കുന്ന സംഭവങ്ങൾ പകർത്തിയെടുക്കുകയായിരുന്നു അവളുടെ ലക്ഷ്യം.

നേർത്ത ഒരു ഗൗണായിരുന്നു രേഷ്മയുടെ വേഷം. ഉള്ളിൽ ഒന്നും ഇട്ട ലക്ഷണമില്ല, മേയ്ബെല്ലീൻ ലിപ്സ്റ്റിക് അവൾ ചുണ്ടിൽ അണിഞ്ഞിരുന്നു.അവളടിച്ചിരുന്ന കാരലീന ഹെറേറ പെർഫ്യൂമിന്റെ വശീകരണ സുഗന്ധം മുറി മുഴുവൻ നിറഞ്ഞു നിന്നു. ആരു കണ്ടാലും അവളുമായി ബന്ധപ്പെടാൻ താൽപര്യപ്പെട്ടുപോകും. അത്രയ്ക്ക് ഒരുക്കത്തിലായിരുന്നു അവൾ നിന്നത്.അഞ്ജലിക്കു നേരെ വിരൽ കൊണ്ട് ഏതോ ആംഗ്യം കാട്ടിയതിനു ശേഷം അവൾ അപ്പുവിന്റെ മൊബൈലിൽ വിളിച്ചു.
പരിചിതമല്ലാത്ത നമ്പർ കണ്ട് അപ്പു ഫോണെടുത്തു.
'ഹലോ' അവൻ പതിയെ സംസാരിച്ചു.
'അപ്പൂ, ഇതു രേഷ്മയാണ്' അപ്പുറത്തു നിന്നു സംസാരം കേട്ടു.
' ആ രേഷ്മാ, എന്താണ്?' തല മെല്ലെ തടവിക്കൊണ്ട് അപ്പു സംസാരിച്ച്ു.
'അപ്പൂ, എന്റെ മുറിയിലെ എസി വർക്ക് ചെയ്യുന്നില്ല, ഒന്നു വന്നു നോക്കാമോ?'രേഷ്മ അവനോട് ആവശ്യപ്പെട്ടു.
'ആഹ്, ഞാൻ വരുന്നു' ഒരു നിമിഷം നിശബ്ദനായതിനു ശേഷം അപ്പു പറഞ്ഞു.
പടികയറി അപ്പു മുകളിലേക്കു കയറി വരുന്ന ശബ്ദം രേഷ്മയും അഞ്ജലിയും കേട്ടു. അഞ്ജലിയുടെ കാലുകളിൽ ഒരു തളർച്ച അനുഭവപ്പെട്ടു.അവൾ ക്യാമറ സൂം ചെയ്തു ശരിയാക്കി പിടിച്ചു.
മുറിയുടെ അകത്തേക്കു കയറിയ അപ്പു കാണുന്നത് രേഷ്മയെയാണ്.
'എന്താ പ്രശ്നം?' അവൻ അവളോട്ു കാരണം തിരക്കി.

www.kkstories.com

'എന്തെന്നറിയില്ല, എസി ഓണാകുന്നില്ല' രേഷ്മ വശ്യമായി ചിരിച്ചുകൊണ്ട് അവനോടു പറഞ്ഞു.

അപ്പു എസിയുടെ സ്വിച്ചുകൾ പരിശോധിച്ചു.അവ ഓൺ ചെയ്തിരുന്നില്ല. അത് ഓണാക്കിയപ്പോൾ എസി പ്രവർത്തിക്കാൻ തുടങ്ങി.

അപ്പുവിന്റെ കത്തുന്ന സൗന്ദര്യം രേഷ്മയുടെ ഹാലിളക്കി. ഇന്നോളം തന്റെ ജീവിതത്തിൽ വന്ന ആണുങ്ങൾക്കൊന്നും ഇവന്റെ പത്തിലൊന്നു സൗന്ദര്യമില്ല,എങ്ങനെയും അപ്പുവുമായി കളിക്കണമെന്നുള്ളതു വന്ന നാൾ മുതൽ രേഷ്മ വിചാരിച്ചു കൊണ്ടിരുന്ന കാര്യമാണ്.അവൾ തന്റെ ഗൗൺ ഊരി താഴേക്കിട്ടു. കാമോദ്ദീപകമായ അവളുടെ ശരീരം അനാവൃതമായി. കഴുത്തിൽ ധരിച്ച സ്വർണ നെക്ലേസും പൊക്കിളിൽ ധരിച്ച റിങ്സുമൊഴിച്ചാൽ പിറന്നപടിയായിരുന്നു രേഷ്മയുടെ നിൽപ്.

എസി ഓൺ ചെയ്തു തിരിഞ്ഞു നോക്കിയ അപ്പു കണ്ടത് പൂർണനഗ്നയായി തന്റെ മുലഞെട്ടുകൾ കൈകൊണ്ട് ഞെരടി നിൽക്കുന്ന രേഷ്മയെയാണ്. ആദ്യമായാണ് അപ്പു ഒരു പെണ്ണിന്റെ നഗ്നശരീരം കാണുന്നത്. അവൻ സ്തബ്ധനമായി നിന്നു.

'അപ്പൂ' വികാരപാരവശ്യത്തോടെ വിളിച്ചുകൊണ്ട് രേഷ്മ അവനരികിലേക്കു മെല്ലെ ആടിയുലഞ്ഞു നടന്നു.ഇതെല്ലാം കണ്ടു നീന്ന അഞ്ജലിയുടെ മനസ്സിൽ അറിയാതെയാണെങ്കിലും ഒരു നൊമ്പരം ഉടലെടുത്തു.

www.kkstories.com

'രേഷ്മാ എന്താണിത്? വസ്ത്രം ധരിക്കൂ' അവളിൽ നിന്നു മുഖം വെട്ടിത്തിരിച്ചു അപ്പു ഇഷ്ടക്കേടോടെ പറഞ്ഞു.

' അപ്പൂ, നിന്റെയും അഞ്ജലിയുടെയും വിവാഹജീവിതം എങ്ങനെയാണെന്ന് എനിക്ക്ു നല്ലപോലെ അറിയാം.' രേഷ്മ പറഞ്ഞു.' ഒരിക്കലും അഞ്ജലി നിന്നെ സ്നേഹിക്കുകയില്ല, ഈ വിവാഹം കൊണ്ടു നിനക്ക് ഒന്നും ലഭിക്കില്ല, എനിക്കതോർക്കുമ്പോൾ വിഷമമുണ്ട്,' രേഷ്മ അപ്പുവിനോടു കൂടുതൽ അടുത്തു.

'ശെ ' മുഖം വെട്ടിച്ചുള്ള നിൽപ് അപ്പു തുടർന്നു.

'അപ്പൂ, ജീവിതം ഒന്നേയുള്ളൂ, എല്ലാ സുഖവും ആസ്വദിക്കണം, വാ, അപ്പുവിനൊരിക്കലും ലഭിച്ചിട്ടില്ലാത്ത സുഖം ഞാൻ തരാം, ഇവിടെയിപ്പോ ആരുമില്ല, അഞ്ജലി പുറത്തു പോയിരിക്കുകയാണ്, നമ്മൾ മാത്രം' പറഞ്ഞുകൊണ്ട് രേഷ്മ അപ്പുവിന്റെ ചുമലിൽ തന്റെ കൈകൾ വച്ചു.

എന്നാൽ രേഷ്മ ഒട്ടും പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു തുടർന്നു നടന്നത്.സർവശക്തിയുമെടുത്ത് അവളെ ഒറ്റത്തള്ളായിരുന്നു അപ്പു. തള്ളലിന്റെ ആഘാതത്തിൽ കമ്പികുട്ടൻ.നെറ്റ്തെറിച്ചുപോയ രേഷ്മ ഭിത്തിയിലിടിച്ചു നിലത്തു വീണു.ക്യാമറ ഫോക്കസ് ചെയ്തു നിന്ന അഞ്ജലി ഇതു കണ്ടു ഞെട്ടിപ്പോയി.

' എനിക്ക് നീ വിചാരിക്കുന്നപോലെ ഞരമ്പുരോഗമൊന്നുമില്ല, എന്റെ മനസും ശരീരവും ഞാൻ അഞ്ജലിക്കു മാത്രമേ കൊടുക്കൂ,' കട്ടിലിൽ കിടന്ന ബെഡ്ഷീററ് വീണു കിടക്കുന്ന രേഷ്മയുടെ നഗ്നശരീരത്തിലേക്കിട്ട് അപ്പു പറഞ്ഞു.

' നീ പറഞ്ഞതു ശരിയാ, ഇപ്പോ അഞ്ജലിക്ക് എന്നോടു സ്നേഹമില്യ, പക്ഷേ ഒരിക്കൽ സ്നേഹിക്കും ....അതെനിക്ക് ഉറപ്പാ, അതെന്നായാലും അന്നു വരെ ഈ അപ്പു കാത്തിരുന്നോളാം'
അതും പറഞ്ഞു വാതിലിനടുത്തേക്കു നടന്ന അപ്പു ഒന്നു തിരിഞ്ഞു നിന്നു.
' ഇപ്പോ ഇവിടെ സംഭവിച്ചത് ഞാൻ അഞ്ജലിയോടു പറയണില്യ, പക്ഷേ നീയുണ്ടല്ലോ, നീ ഇവിടുന്നു പൊയ്ക്കോണം, ഇപ്പോ തന്നെ, രണ്ടു മണിക്കൂർ...അതിനു ശേഷം നിന്നെ ഈ പാലക്കാട് ജില്ലയിലെവിടെയെങ്കിലും കണ്ടാൽ.......' മാസ് ഡയലോഗുമടിച്ച് അപ്പു വീടിനു പുറത്തേക്കിറങ്ങി, തന്റെ ബൈക്ക് ്സ്റ്റാർട്ട് ചെയ്ത് എങ്ങോട്ടോ പോയി.
അപ്പുവിന്റെ ഓരോ വാക്കുകളും അഞ്ജലിയുടെ ഹൃദയത്തിലേക്കാണു ചെന്നത്. അതവിടെ കുത്തിനോവിച്ചു മുറിവുണ്ടാക്കി.അപ്പു തന്നെ എത്രമാത്രം സ്നേഹിക്കുന്നെന്ന് അഞ്ജലി മനസ്സിലാ്ക്കുകയായിരുന്നു.താനുദ്ദേശിച്ചതിനും എത്രയോ നിലവാരമുള്ളതാണ് അപ്പുവിന്റെ വ്യക്തിത്വമെന്ന് അവൾ തിരിച്ചറിഞ്ഞു.
അഞ്ജലി രേഷ്മയുടെ അടുക്കൽ ഓടിച്ചെന്നു, അവളെ പിടിച്ചെഴുന്നേൽപ്പിച്ചു. 'ഹയ്യോ, എന്തൊരു വേദന' പുറം തടവിക്കൊണ്ട് രേഷ്മ നിലവിളീച്ചു.

'വേദനിച്ചോ?' അഞ്ജലി അവളോടു ചോദിച്ചു.
'ഇല്ല, മധുരിച്ചു' ദേഷ്യപ്പെട്ട് രേഷ്മ പറഞ്ഞു ' വന്നു ബാഗ് പായ്ക്ക് ചെയ്യാൻ സഹായിക്കെടി, രണ്ടുമണിക്കൂറാ നിന്റെ കെട്ട്യോന്റെ ഡെഡ്ലൈൻ'
'അഞ്ജലി, ഞാനൊരു കാര്യം പറയട്ടെ' ബാഗിലേക്കു സാധനങ്ങൾ വയ്ക്കുന്നതിനിടെ രേഷ്മ അഞ്ജലിയോടു ചോദിച്ചു.
'ങൂം, പറഞ്ഞോ' മുഖം ഉയർത്താതെ പതിഞ്ഞ ശബ്ദത്തിൽ അഞ്ജലി മറുപടി നൽകി.
'അഞ്ജലി, അപ്പു പാവമാണ്, തനിത്തങ്കത്തെയാണ് നീ നഷ്ടപ്പെടുത്താൻ നോക്കുന്നത്' രേഷ്മ ഒന്നു നിർത്തി.'ഇതു പോലൊരു ആൺകുട്ടിയെ ഭർത്താവായി കിട്ടിയിട്ട് നീ അവനെ ഉപേക്ഷിച്ചാൽ നിന്നോടു തന്നെ ചെയ്യുന്ന പാപമായിരിക്കും അത്,ഒരിക്കലും അതിനു നിനക്കു മാപ്പു കിട്ടില്ല' വളരെ വികാരഭരിതയായി രേഷ്മ സംസാരിച്ചു.
അതു കേട്ടിരുന്ന അഞ്ജലിയുടെ കൺകോണിൽ നീർ പൊടിച്ചു. 'അതെ, അപ്പു തങ്കമാണ്, പത്തരമാറ്റ് പരിശുദ്ധിയുള്ള തനിത്തങ്കം' അവൾ മനസ്സിൽ പറഞ്ഞു.
പിറ്റേദിവസം പുലർച്ചെ അപ്പു ഉണർന്നു. അച്ഛമ്മയും ഹരികുമാരമേനോനും തിരിച്ചെത്തിയിട്ടില്ല.രാവിലെ തൊട്ടടുത്തുള്ള റസ്റ്ററന്റിൽ നിന്നു ഭക്ഷണം വാങ്ങാമെന്ന് അവൻ ചിന്തിച്ചു. അഞ്ജലിക്കും വാങ്ങിയേക്കാം,ക മ്പികു ട്ടൻ നെ'റ്റ് എന്താണെന്നു വേണ്ടതെന്നു ചോദിക്കാം. മനസ്സിൽ ആലോചിച്ചുകൊണ്ട് അവൻ താഴേക്കിറങ്ങി.

അഞ്ജലി താഴെയുണ്ടായിരുന്നു.രാവിലെ തന്നെ കുളി കഴിഞ്ഞിരിക്കുന്നു. അവൾ ധരിച്ച വേഷമായിരുന്നു അപ്പുവിനെ ഞെട്ടിച്ചത്. ഇളംനീല സാരിയും ബ്ലൗസും, നെറ്റിയീൽ ചന്ദനക്കുറി. കല്യാണത്തിനു ശേഷം ആദ്യമായാണ് അപ്പു അഞ്ജലിയെ സാരിയുടുത്തു കാണുന്നത്. കുലീനയായ ഒരു വീട്ടമ്മയുടെ എല്ലാ ലക്ഷണവും ഉണ്ടായിരുന്നു അവൾക്ക്.
അപ്പുവിനെ കണ്ടപ്പോൾ അവളുടെ മുഖം വിടർന്നു.
'ഞാൻ ഭക്ഷണം വാങ്ങാൻ പോകുകയാണ്, എന്താണു വേണ്ടതെന്നു പറഞ്ഞാൽ വാങ്ങിയിട്ടു വരാം' അവളുടെ മുഖത്തു നോക്കാതെ അവൻ പറഞ്ഞു. ആദ്യരാത്രിയിൽ കരണത്തടിച്ചതിന്റെ ചൊരുക്ക് അപ്പുവിന് ഇപ്പോഴുമുണ്ടായിരുന്നു.
'ബ്രേക്ക്ഫാസ്റ്റ് ഞാൻ റെഡിയാക്കിയിട്ടുണ്ട്, അപ്പു പോയി കുളിച്ചുവരൂ' അഞ്ജലി പറഞ്ഞു.
അപ്പുവിനാകെ അദ്ഭുതമായി , ഇവൾക്ക് പാചകമൊക്കെ അറിയാമോ, അവൻ ചിന്തിച്ചു.ഏതായാലും കൂടുതൽ സമയം ചുറ്റിപ്പറ്റി നിൽക്കാതെ അവൻ പോയി കുളിച്ചു വന്നു.ഓഫിസിലേക്കു പോകാൻ തയ്യാറെടുത്തായിരുന്നു അവന്റെ വരവ്. അഞ്ജലി ഡൈനിങ് ടേബിളിനരികിൽ നിൽപ്പുണ്ടായിരുന്നു. അവന്റെ മുമ്പിലേക്ക് അവൾ ഒരു പ്ലേറ്റ് നീക്കി വച്ചു. അതിലേക്ക് ചപ്പാത്തിയും വെജിറ്റബിൾ കറിയും വിളമ്പി.

www.kkstories.com

നാലു ചപ്പ്ത്തി കഴിച്ചപ്പോൾ അപ്പു മതിയാക്കി എഴുന്നേൽക്കാൻ തുടങ്ങി.
'ഒരെണ്ണം കൂടി കഴിക്കാം' അപ്പുവിന്റെ പ്ലേറ്റിലേക്കു അഞ്ജലി ഒരു ചപ്പാത്തി കൂടി വിളമ്പി.അപ്പു അതിശയത്തോടെ അഞ്ജലിയുടെ മുഖത്തേക്കു നോക്കി. അവളുടെ പളുങ്കുഗോട്ടികൾ പോലുള്ള കൃഷ്ണമണികളിൽ സ്നേഹത്തിന്റെ തിരി കത്തുന്നതുപോലെ അവനു തോന്നി. പെട്ടെന്ന് അവൻ നോട്ടം പിൻവലിച്ചു.
ഭക്ഷണം കഴിഞ്ഞ് അവൻ ഇറങ്ങാൻ തുടങ്ങിയപ്പോൾ അഞ്ജലി അവനു സമീപം എത്തി. 'അപ്പുവിന്റെ പേരിൽ അച്ഛമ്മ ചന്ദനം പൂജിച്ചു വച്ചിട്ടുണ്ട്, തരാൻ പറഞ്ഞിരുന്നു, ഞാൻ വിട്ടുപോയി ' അവൾ പറഞ്ഞു.
അച്ഛമ്മയുടെ സ്ഥിരം പരിപാടിയാണ് ഇത്. ഓരോ ക്ഷേത്രങ്ങളിൽ പോകുമ്പോൾ അപ്പുവിന്റെ പേരിൽ ചന്ദനം പൂജിച്ചു വാങ്ങും.
'തന്നേക്കൂ' അവളുടെ കൈയ്യിലുള്ള ഇലക്കീറിനായി അവൻ കൈനീട്ടി.
'ഞാൻ തൊട്ടുതരാം' ഇലക്കീറിൽ നിന്നുള്ള ചന്ദനത്തിൽ നിന്നു ഒരു നുള്ളെടുത്ത് അവൾ അപ്പുവിന്റെ നെറ്റിയിൽ അണിയിച്ചു.
അപ്പു കോരിത്തരിച്ചുപോയി. ഭാര്യയിൽ നിന്നുള്ള ആദ്യസ്പർശം, അവളുടെ വിരലുകളിലെ ചന്ദനത്തിന്റെ തണുപ്പ് അവന്റെ ഹൃദയത്തിലേക്ക് അരിച്ചിറങ്ങി.അവന്റെ മനസ്സിൽ ആയിരം കിളികൾ ചില്ലവിട്ട് ു പറന്നുയർന്നു.

ഒരു സ്വപ്നാടകനെപ്പോലെ അപ്പു കാറിൽ കയറി ഓഫിസിലേക്കു ഡ്രൈവ് ചെയ്തു. അവനൊന്നും മനസ്സിലായില്ല. അഞ്ജലിക്ക് എന്തു പറ്റിയെന്ന് അവനെത്ര ചിന്തിച്ചിട്ടും പിടിത്തംകിട്ടിയില്ല.
ഓഫിസിലും അപ്പു സ്വപ്നലോകത്തായിരുന്നു. കൊടുംകൈ കുത്തിയിരുന്നു സ്വപ്നം കാണുന്ന തങ്ങളുടെ കൊച്ചുമുതലാളിയെക്കണ്ട് ഓഫിസ് ജീവനക്കാരും അദ്ഭുതപ്പെട്ടു.

ഏതായാലും അന്നു പകൽ അപ്പു മുഖം പോലും കഴുകിയില്ല.....അവൾ തൊട്ട ചന്ദനം മായരുത്.

ആലത്തൂരിലെ സന്ധ്യകൾക്ക് ചന്ദനത്തിന്റെ ഗന്ധമാണ്. പകൽ മലമുകളിലെ തീയും കൊണ്ടു വരുന്ന പാലക്കാടൻ ഉഷ്ണക്കാറ്റ് സന്ധ്യയാകുമ്പോൾ തണുക്കും , മനസ്സിനെ കുളിരാക്കുന്ന സുഖഭാവിയായ ഇളംതണുപ്പ്.
അഞ്ജലിയുടെ ഉള്ളിലും തണുപ്പ് നിറഞ്ഞിരുന്നു. അവളുടെ ഉള്ളിലുള്ള വെറുപ്പെന്ന തീയ് കെട്ടിരുന്നു, പകരം സ്നേഹം പൂത്തുലഞ്ഞു..അപ്പുവിനോടുള്ള എല്ലാം മറന്ന സ്നേഹം.ഭ്രാന്തമായ സ്നേഹം.ആ സ്നേഹത്തിൽ അവൾ കൂടുതൽ സുന്ദരിയായി. ഗ്ലൂമിയായി നടന്ന മരുമകളുടെ ഭാവപ്പകർച്ച ഹരികുമാരമേനോനെയും അച്ഛമ്മയെയും തെല്ലൊന്നുമല്ല സന്തോഷിപ്പിച്ചത്. അഞ്ജലി അവരുടെ എല്ലാമായി മാറിയിരുന്നു.
എന്നാൽ അപ്പുവിന്റെ കാര്യമായിരുന്നു. അഞ്ജലിയുടെ ഉള്ളിൽ തന്നോടുള്ള മഞ്ഞ് ഉരുകിയത് അവൻ അറിഞ്ഞെങ്കിലും കണ്ടഭാവം നടിച്ചില്ല. അവൻ വാശിക്കാരനായിരുന്നു. ആദ്യരാത്രിയിൽ അഞ്ജലിയുടെ കൈയിൽ നിന്നു കരണത്തു കിട്ടിയ പെടയുടെ തിണർപ്പ് ഇപ്പോഴും അവന്റെ മുഖത്തു മാഞ്ഞിരുന്നില്ല.കണ്ണാടിയിൽ ആ തിണർപ്പ് കാണുമ്പോളെല്ലാം അവന്റെ ഉള്ളിൽ ധാർഷ്ട്യം നുരപൊന്തി. അഞ്ജലിക്കു വേണ്ടി എന്തിനും തയ്യാറായിരുന്നു അവനെങ്കിലും അവളുടെ സ്നേഹം അവൻ കണ്ടില്ലെന്നു നടിച്ചു. ഒരു തരം മധുരപ്രതികാരം.അഞ്ജലി കട്ടിലിലും അപ്പു സെറ്റിയിലുമായായിരുന്നു ഇപ്പോഴും കിടപ്പ്.കുറച്ചു ദിവസം അങ്ങനെ പിന്നീടു
ഒടുവിൽ അതു വന്നെത്തി... പാലക്കാടിനറെ അന്തരീക്ഷത്തിൽ ദീപക്കാഴ്ച ഒരുക്കുന്ന ഉൽസവം, മധുരം നാവിൽ രുചിമേളം തീർക്കുന്ന ഉൽസവം: ദീപാവലി
ദീപാവലി ദിവസവും അപ്പുവിനു ഓഫിസിൽ പോകണമായിരുന്നു. പുതിയതായി ഉള്ള ഒരു ബിസിനസ് ഡീലിന്റെ കടലാസുകൾ തയ്യാറാക്കാൻ. ഹരികുമാരമേനോൻ പയ്യെ ബിസിനസിൽ നിന്ന് ഉൾവലിയാൻ തുടങ്ങിയിരുന്നു, ഉത്തരവാദിത്വങ്ങൾ പതിയെ അപ്പുവിന്റെ ചുമലിലേക്കു പകർന്നു കൊണ്ട്.ആദ്യം ഉത്തരവാദിത്വങ്ങൾ ഭാരമായി തോന്നിയെങ്കിലും പയ്യെ പയ്യെ അവനതു രസമായീട്ടുണ്ട്.ഒരു കണക്കിനു പദ്ധതികൾ ഫയലിൽ ചിട്ടപ്പെടുത്തി അവൻ ഓഫിസിൽ നിന്നു വീട്ടിലേക്ക് ഇറങ്ങി.

www.kkstories.com

ഓഫിസിൽ നിന്നു വീട്ടിലേക്കു മടങ്ങുമ്പോൾ അപ്പു പുറത്തേക്കു തലയിട്ടു മാനത്തേക്കു നോക്കി. ദീപാവലി ദിവസം ആകാശത്തു നക്ഷത്രപ്പൂക്കൾ തെളിയുമെന്നാണ് അച്ഛമ്മ പറഞ്ഞിട്ടുള്ളത്. കുട്ടിക്കാലം മുതൽ ദീപാവലിദിവസം അപ്പു മാനത്തേക്കു നോക്കുമെങ്കിലും ഒരിക്കലും നക്ഷത്രപ്പൂക്കൾ കാണാൻ അവനു സാധിച്ചിട്ടില്ല.എങ്കിലും എല്ലാദീപാവലിനാളിലും അവനതു നോക്കും.
അപ്പുവിന്റെ കാർ ക്ഷേത്രത്തിനു സമീപമുള്ള റോഡിലൂടെ വീട്ടിലേക്കു നീങ്ങി. 'ഭൂരിഗോപഗത ഖലധനുജേന്ദ്ര, പാവനചരിതാ ശ്രീരാമചന്ദ്ര' സ്വാതിതിരുനാളിന്റെ കീർത്തനം ക്ഷേത്രത്തിൽനിന്നുയരുന്നുണ്ടായിരുന്നു.
തറവാടിന്റെ മതിലുകളിൽ ചെരാതുകൾ കത്തിനിൽക്കുന്നുണ്ടായിരുന്നു .പടിപ്പുര കടന്ന് അകത്തേക്കു കടന്നപ്പോളും ദീപപ്രഭ,കത്തിച്ചുവച്ച ചെരാതുകൾ എല്ലായിടത്തും ഒളിപരത്തി നിൽക്കുന്നു.അതിനിടയിൽ ഒരു ദീപത്തിനു തിരികൊളുത്തി അഞ്ജലി നിൽക്കുന്നുണ്ടായിരുന്നു.
ഹൗ, ഒരു ദേവകന്യ ഭൂമിയിലേക്കിറങ്ങി വന്നതു പോലെയുണ്ടായിരുന്നു അഞ്ജലിയെ കാണുവാൻ. ഒരു വെളുത്ത കസവുസാരിയും ചുവന്ന ബ്ലൗസുമായിരുന്നു വേഷം. കൈയിൽ വളകൾ, കഴുത്തിൽ ആഭരണങ്ങൾ.അഭൗമമായ ആ സൗന്ദര്യത്തിൽ അപ്പു ഒരു നിമിഷം മതിമറന്നു. കൂട്ടത്തിൽ ഒരു കാര്യം ്അപ്പു ശ്രദ്ധിച്ചു. അഞ്ജലിയുടെ കഴുത്തിൽ കിടക്കുന്ന തന്റെ താലി. വിവാഹത്തിനു ശേഷം അഞ്ജലി താലിമാല ഊരിവച്ചിരുന്നു. ആദ്യമായാണ് അവൾ അതു ധരീച്ചു കാണുന്നത്.
അപ്പുവിനെ കണ്ടതും, അഞ്ജലിയുടെ മുഖത്ത് ആയിരം പൂത്തിരികൾ ഒരുമിച്ചു കത്തി,ഒരുപാടു തേടി നടന്നതിനു ശേഷം എന്തോ ലഭിച്ച കുട്ടിയെപ്പോലെ.
'അപ്പൂ, എന്തായിത്?ദീപാവലിയായിട്ടും നേരത്തെ എത്താൻ പറ്റില്ലേ?' അവന്റെ അടുക്കലേക്ക് നടന്നടുത്തുകൊണ്ട് അവൾ ചോദിച്ചു, ചോദ്യത്തിൽ ഒരു പരിഭവം നിറഞ്ഞിരുന്നു.
'ഞാൻ പറഞ്ഞിരുന്നല്ലോ, എനിക്കു കുറച്ചു പേപ്പേഴ്സ്' വെട്ടിമുറിച്ചു പറയാനാണ് അ്പ്പുവിനു തോന്നിയതെങ്കിലും അവൻ പറഞ്ഞത് പതുക്കെയാണ്. എത്രയൊക്കെ ദേ്ഷ്യമുണ്ടെങ്കിലും അഞ്ജലി അടുത്തേക്കു വരുമ്പോൾ അത് അലിഞ്ഞില്ലാതാകുന്നു. ഈ പെണ്ണിനു വല്ല മാന്ത്രികശക്തിയുമുണ്ടോ, അപ്പൂ ചിന്തിച്ചത് അങ്ങനെയാണ്.
'ങൂം, ശരി ശരി, വാ അകത്തേക്കു പോകാം, എല്ലാവരും കാത്തിരീക്കുന്നു ' അപ്പുവിന്റെ കൈയ്യിൽ മെല്ലെ പിച്ചിക്കൊണ്ട് അധികാരഭാവത്തിൽ അവൾ പറഞ്ഞു.

അപ്പു അഞ്ജലിയുടെ പിറകെ നടന്നു. അവൾ അടിച്ചിരുന്ന പെർഫ്യൂമിന്റെ സുഗന്ധം അവനെ പൊതിഞ്ഞു നിന്നു. എത്ര സുഖകരമായ സുഗന്ധം , സ്വർഗത്തിലെത്തിയതുപോലെയാണ് അപ്പുവിനു

തോന്നിയത്.അകത്തെല്ലാവരുമുണ്ടായിരുന്നു, തറവാട്ടിലെ എല്ലാ അംഗങ്ങളും.പിന്നെ വിശേഷങ്ങളായി, പരിഭവങ്ങളായി , പരദൂഷണങ്ങളായി.എല്ലാം കൂടി ഒരു ഉ്ൽസവമേളം.അപ്പു ശ്രദ്ധിച്ചത് അഞ്ജലിയുടെ മാറ്റമായിരുന്നു. അവൾ തീർത്തും ഉൽസാഹവതിയാണ്. പഴയ മുരടൻ സ്വഭാവമൊന്നുമല്ല.
രാത്രിയിൽ അപ്പുവിനു ഭക്ഷണം വിളമ്പിക്കൊടുത്തതും അഞ്ജലി തന്നെ. അവളുടെ ശരീരം അവനോടു മുട്ടിയുരുമ്മി നിന്നു. അപ്പുവിന് ആകെപ്പാടെ വൈക്ലബ്യം ദേഹം മുഴുവൻ അനുഭവപ്പെട്ടു. പെണ്ണ് സ്നേഹിക്കാൻ തുടങ്ങിയിട്ടുണ്ടെന്ന് അവനു വ്യക്തമായും മനസ്സിലായി.പക്ഷേ അതവൾ തുറന്നു പറയും വരെ അകലം പാലിക്കാനായിരുന്നു പിടിവാശിക്കാരനായ അപ്പുവിന്റെ തീരുമാനം.
ഭക്ഷണം കഴിഞ്ഞു പതിവുപോലെ അപ്പു സെറ്റിയിലേക്കു ചാഞ്ഞപ്പോളേക്കും അഞ്ജലി മുറിയിലേക്കു കടന്നു വന്നിരുന്നു.
'അപ്പൂ, പാലടപ്രഥമൻ എ്ങ്ങനെയുണ്ടായിരുന്നു?'കട്ടിലിൽ ഇരുന്നു അപ്പുവിനെ നോക്കിക്കൊണ്ട് അഞ്ജലി ചോദിച്ചു.
'നന്നായിരുന്നു' അവൾക്കു മുഖം കൊടുക്കാതെ ഒറ്റവാക്കിൽ ഉത്തരം പറഞ്ഞു അവൻ മുകളിലോട്ടു നോക്കിക്കിടന്നു.
'അതാരാ ഉണ്ടാക്കിയതെന്ന് അറിയാമോ?' അവൾ വീണ്ടും ചോദിച്ചു.
'അറിയില്ല, നല്ല മധുരമുണ്ടായിരുന്നു, അച്ഛമ്മയാണോ' അവൻ നിസ്സംഗതയോടെ ചോദിച്ചു.അ്ഞ്ജലിയാണു പായസം ഉണ്ടാക്കിയതെന്ന് അവനു ന്ല്ലതുപോലെ അറിയാമായിരുന്നു.അപ്പു ഉള്ളിൽ ചിരിക്കുകയായിരുന്നു. ഈ പെണ്ണുങ്ങളുടെ സ്വഭാവം ഓന്തിനെപ്പോലെയാണ്. ആദ്യരാത്രിയിൽ വലിയ ഫെമിനിസ്റ്റ് സിദ്ധാന്തമൊക്കെ പറ്ഞ്ഞവൾ ദേ പായസത്തിന്റെ രുചി അന്വേഷിക്കുന്നു.
അഞ്ജലി വിടാൻ ഒരുക്കമില്ലായിരുന്നു. അപ്പുവിന്റെ നിസംഗഭാവം അവളെ ചെറുതായി ചൊടിപ്പിച്ചു, എങ്കിലും അപ്പുവിനോടുള്ള ഇഷ്ടം അവളുടെ മനസ്സിൽ ആഴത്തിൽ പൂത്തുനിന്നു . എല്ലാ അവസരങ്ങളും ഒത്തു വന്നിട്ടും രേഷ്മയുടെ ശരീരത്ത്ിൽ പോലും തൊടാതിരുന്ന അപ്പുവിനായി ജീവൻ കളയാനും അവൾ ഒരുക്കമായിരുന്നു. എത്രത്തോളം അപ്പു തന്നെ സ്നേഹിക്കുന്നുണ്ടെന്ന് അവൾക്ക് നല്ല ബോധ്യം ഇപ്പോളുണ്ട്.
അഞ്ജലി മെല്ലെ അപ്പു കിടന്ന സെറ്റിക്കരികിലേക്കു വന്നു.അവളുടെ കൈയ്യിൽ ഒരു നെയിൽ പോളിഷുണ്ടായിരുന്നു.
'അപ്പു , ഈ നെയിൽ പോളിഷ് എന്റെ കാലിൽ ഇട്ടുതരാമോ' അവൾ ചോദിച്ചു.
' അഞ്ജലിക്കു തനിയെ ഇട്ടാൽ എന്താ?' അപ്പു തിരിച്ചു ചോദിച്ചു.

' എന്റെ കൈ വിറയ്ക്കും, ശരിയാവില്ല, അപ്പു ഇട്ടു തരുമോ?' അവൾ വീണ്ടും ചോദിച്ചു.
'ശരി, തരൂ' അവൻ സെറ്റിയിൽ എഴുന്നേറ്റിരുന്നു കൈകൾ നീട്ടി. നെയിൽ പോളിഷിന്റെ കുപ്പി അവന്റെ കൈകളിൽ കൊടുത്തിട്ട് അഞ്ജലി സെറ്റിയിൽ

www.kkstories.com

ഇരുന്നു.അവളുടെ കാലുകൾ പൊക്കി സെറ്റിയിൽ വച്ചു.അവളുടെ കാൽനഖങ്ങളിലേക്ക് അവൻ പയ്യെ നെയിൽപോളിഷ് ഇട്ടു.ആ വിരലുകളുടെ ഭംഗിയിൽ അപ്പു ഒരു നിമിഷം മതിമറന്നുപോയി.
കുനിഞ്ഞിരുന്നു തന്റെ കാൽവിരലുകളിൽ ക്യൂട്ടെക്സ് പുരട്ടുന്ന അപ്പുവിന്റെ മുഖത്തേക്ക് അഞ്ജലി നിർവൃതിയോടെ നോക്കി.അവനെ പിടിച്ച് ഉമ്മ വയ്ക്കാനാണ് അവൾക്കു തോന്നിയത്, എങ്കിലും സ്വയം നിയന്ത്രിച്ചു . അപ്പുവിന്റെ കൈകളിലായിരുന്നു അവളുടെ കാലുകൾ , നെയിൽ പോളിഷിന്റെ ബ്രഷ് വിരലിൽ മുട്ടുന്നതു മൂലം അഞ്ജലിക്ക് ഇക്കിളിയാകുന്നുണ്ടായിരുന്നു, അവളുടെ മുഖത്ത് ഒരു ചിരി വിടർന്നു.അഞ്ജലി ധരിച്ചിരുന്ന സാരി അവളുടെ ചുമലിൽ നിന്നു താഴേക്ക് ഊർന്നു വീണത് എങ്ങനെയെന്നറിയില്ല.
.തലയുയർത്തി നിന്ന അവൻ കണ്ട കാഴ്ച, അഞ്ജലിയുടെ മനോഹരമായ ബ്ലൗസിൽ പൊതിഞ്ഞ മാറിടം, സാരി ഊർന്നു വീണതു കാരണം അവളുടെ അണിവയറും അവനു കാണാമായിരുന്നു. അതിലുള്ള അതിമനോഹരമായ പൊക്കിൾകുഴി അപ്പുവിന്റെ ശരീരത്തിലൂടെ ഒരു മിന്നൽപിണർ പായിച്ചു.ഒരു റോസാപുഷ്പം പോലെ ആർക്കും ഉമ്മവയ്ക്കാൻ തോന്നുംവണ്ണം ഭംഗിയുള്ളതായിരുന്നു ആ ചുഴി.
അപ്പോഴേക്കും അവസാന വിരലിലും അപ്പു ക്യൂട്ടക്സിട്ടിരുന്നു,'കഴിഞ്ഞു' അവൻ അവളുടെ മുഖത്തേക്കു നോക്കിപറഞ്ഞു.സ്വപ്നത്തിൽ മുഴകിയിരുന്ന അഞ്ജലിയെ ഉണർത്തിയത് ആ വാക്കുകളാണ്.അവൾ കാൽവിരലുകളിലേക്കു നോക്കി. തന്റെ സാരി ഊർന്നുമാറിക്കിടന്നത് അവൾ അപ്പോളാണു ശ്രദ്ധിച്ചത്. അപ്പുവിന്റെ നോട്ടവും പരവേശവും കണ്ടപ്പോൾ അവളുടെ ചുണ്ടുകളിൽ ഒരു ചിറി ഊറിയിരുന്നു.അവൾ മെല്ലെ തന്റെ സാരി പിടിച്ചു നേരെയിട്ടു.
'അപ്പു, ഈ സെറ്റിയിൽ കിടക്കേണ്ട, ഇങ്ങനെ കിടന്നാൽ ബാക്ക്പെയിനുണ്ടാകും,ആ കട്ടിലിൽ കിടക്കാം' സാരിയുടെ തുമ്പ് തന്റെ അരക്കെട്ടിൽ കുത്തിക്കൊണ്ട് എഴുന്നേൽക്കവേ അഞ്ജലി അവനോടു പറഞ്ഞു.
' വേണ്ട, ഞാനിവിടെ കിടന്നോളാം' അപ്പു പറഞ്ഞു.
'പറയുന്നതു കേൾക്ക് അപ്പൂ' സ്നേഹപൂർവമായ ശാസനയോടെ അവൾ അവനോടു പറഞ്ഞു..'വരൂന്നേ' അവന്റെ കൈയിൽ പിടിച്ചു കൊണ്ട് അവൾ പറഞ്ഞു.യാന്ത്രികമായി അവളോടൊപ്പം കട്ടിലിലേക്ക് അവൻ കിടന്നു.

കട്ടിലിൽ കിടന്നെങ്കിലും ഒരകലം ഇരുവരും പാലിച്ചിരുന്നു. അഞ്ജലി എന്തൊക്കയോ അപ്പുവിനോടു സംസാരിച്ചു. എല്ലാത്തിനും ഒറ്റവാക്കിൽ അപ്പു മറുപടിയും കൊടുത്തു. ഒടുവിൽ എപ്പോഴോ അവൻ ഉറ്ക്കത്തിലേക്കു വഴുതിവീണു.
അഞ്ജലിക്ക് ഉറങ്ങാൻ സാധിച്ചില്ല, അവൾ പയ്യെ കിടക്കയിൽ എഴുന്നേറ്റിരുന്നു. ചരിഞ്ഞു കിടന്നുറങ്ങുന്ന അപ്പുവിനെ കാണാൻ പ്രത്യേകമായ ഒരു

ഭംഗിയുണ്ടായിരുന്നു. ഏതോ സുഖകരമായ സ്വപ്നം കണ്ടപോലെ അവന്റെ മുഖം ഉറക്കത്തിലും വിടർന്നു നിന്നു.
അഞ്ജലിയുടെ കൈകൾ അപ്പുവിന്റെ ചെമ്പൻ തലമുടിയിഴകളിൽ ഓടി നടന്നു, സുഖ സുഷുപ്തിയിലായ അപ്പു അറിഞ്ഞമട്ടില്ല, പണ്ടേ ഒരുറക്കപിശാചാണ് അപ്പു.അവളുടെ വിരലുകൾ ഇപ്പോൾ അവന്റെ മുഖത്തായിരുന്നു. കവിളിൽ തന്റെ കൈവിരലുകളുടെ തിണർപ്പ് ഇപ്പോളുമുണ്ടെന്ന് ്അവൾ മനസ്സിലാക്കി. ആദ്യരാത്രിയിൽ താൻ അപ്പുവിനു കൊടുത്ത അടിയുടെ അടയാളം . അവളുടെ ഇടനെഞ്ചിൽ ഒരു വേദന പൊടിഞ്ഞു.
'നീ എന്നെ ദേഷ്യം പിടിപ്പിച്ചിട്ടല്ലേ ഞാൻ തല്ലിയത്' ഉറക്കത്തിലായിരുന്ന അപ്പുവിനെ നോക്കി അവൾ മനസ്സിൽ പറഞ്ഞു,' ഇനി ഞാൻ തല്ലില്ലാട്ടോ, എന്റെ അപ്പുവിനെ' തിണർപ്പിൽ വിരലോടിച്ചു അവൾ ശബ്ദം താഴ്ത്തിപറഞ്ഞു. അപ്പു ഇതൊന്നും അറിയുന്നുണ്ടായിരുന്നില്ലെന്നു മാത്രം.

'ഈ അപ്പു എന്താ ഇങ്ങനെ' അടുക്കളയിൽ പാചകത്തിനിടെ അഞ്ജലി ചിന്തിച്ചു.അപ്പുവിന്റെ പിറന്നാൾ ദിനമായിരുന്നു അന്ന്.അവനിഷ്ടമുള്ള വിഭവങ്ങൾ അച്ഛമ്മയിൽ നിന്നു ചോദിച്ചറിഞ്ഞ് അതുണ്ടാക്കാനുള്ള തിരക്കിലായിരുന്നു അവൾ.
താൻ ഇഷ്ടം കൂടിയിട്ടും അപ്പു എന്തുകൊണ്ടാണ് ഇങ്ങനെ പ്രതികരിക്കുന്നതെന്ന് അവൾക്ക് എത്തും പിടിയും കിട്ടിയില്ല. തന്നോടു ദേഷ്യപ്പെടുകയൊന്നുമില്ല.എന്നാൽ മൊത്തത്തിൽ ഒരു തണുപ്പൻ സമീപനം.തന്നെ വല്ലാതെ അവഗണിക്കുന്നു.
ഇനി അപ്പുവിനു തന്നോടുള്ള ഇഷ്ടം കുറഞ്ഞോ?
അവളുടെ മനസ്സു നിറയെ ചോദ്യങ്ങളായിരുന്നു.
ഇതിനൊരുത്തരം കിട്ടാനായി അവൾക്കു വിളിക്കാൻ ഒരേയൊരാളെ ഉണ്ടായിരുന്നുള്ളു...രേഷ്മ
ഇരിക്കപ്പൊറുതിയില്ലാതായ അവൾ രേഷ്മയെ വിളിക്കുക തന്നെ ചെയ്തു.
'എന്താടി?' തന്റെ പതിവു കുസൃതി സ്വരത്തിൽ രേഷ്മ ചോദിച്ചു
മുഖവുരയൊന്നും കൂടാതെ തന്നെ അഞ്ജലി കാര്യങ്ങൾ തുറന്നു പറഞ്ഞു. രേഷ്മ പൊട്ടിച്ചിരിച്ചു' എന്റെ അഞ്ജലീ, അതൊന്നും കാര്യമാക്കേണ്ട, ചില ആൺകുട്ടികൾ ഇങ്ങനെയാണ്, കുറച്ചു നാൾ എടുക്കും എന്ന് റെഡിയായി വരാൻ.' അവൾ പറഞ്ഞു.
'പക്ഷേ ??' അഞ്ജലിക്ക് ആ ഉത്തരം തൃപ്തികരമായി തോന്നിയില്ല.
'ഇപ്പോൾ അവൻ എവിടെയുണ്ട്?'രേഷ്മ അപ്പുവിനെപ്പറ്റി തിരക്കി.
'ഓഫീസിൽ പോയിരിക്കുകയാണ് ഉടൻ വരും' അഞ്ജലി മറുപടി പറഞ്ഞു.
'നീ അവനോടു കുറച്ചൂടി സ്നേഹം കാട്ട് അഞ്ജലി, ഇഷ്ടമുള്ള പെണ്ണിന്റെ മുന്നിൽ ആൺപിള്ളേരുടെ പിടിവാശിയൊക്കെ ഠപ്പേന്നു മാഞ്ഞുപോകും' രേഷ്മ തന്റെ അനുഭവസമ്പത്ത് അഞ്ജലിക്കു മുന്നിൽ വിളമ്പി.

www.kkstories.com

ചറപറാന്നു രേഷ്മ വീണ്ടും എന്തൊക്കെയോ പറഞ്ഞു.ഒടുവിൽ ഫോൺ കട്ടായി
---------
അന്നേദിവസം അപ്പു വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഒരുപാടു വൈകിയിരുന്നു.നേരത്തെ പോകാമെന്നു വിചാരിച്ചിരുന്നതാണ്, പക്ഷേ ഇറങ്ങാൻ തുടങ്ങുന്നതിനിടെ മുംബൈയിൽ നിന്നൊരു കോൾ- ഐഐടിയിൽ ഒരുമിച്ചുണ്ടായിരുന്ന ഒരു ചങ്ങാതിയാണ്-പേര് മിഥുൻ വർമ. ഇപ്പോൾ ഒരു വലിയ എക്സ്പോർട്ടിങ് കമ്പനിയുടെ ജൂനിയർ മാനേജറായ മിഥുൻ അപ്പുവിനെ വിളിച്ചത് ഒരു ഗുണകരമായ കാര്യം പറയാനായിരുന്നു. പാലക്കാടൻ റൈസ് മില്ലുകളിൽ നിന്ന് അരി കയറ്റുമതി ചെയ്യാൻ അയാളുടെ കമ്പനിക്കു താൽപര്യമുണ്ട്. അതിന്റെ കോൺട്രാക്ട് അപ്പുവിന്റെ കമ്പനിക്കു നൽകുന്നതായി അറിയിച്ചുകൊണ്ടുള്ളതായിരുന്നു ആ കോൾ.
താൻ നേതൃത്വം ഏറ്റെടുത്തതിനു ശേഷം തറവാടിന്റെ ബിസിനസ്സിനു കിട്ടുന്ന ആദ്യ അവസരം... അപ്പു അതു നന്നായി ഉപയോഗിച്ചു.ഉടനടി ചില പേപ്പറുകൾ തയാറാക്കി അയയ്ക്കേണ്ടതിനാൽ സമയം ഒരുപാടു വൈകി.

വീട്ടിലെത്തി കോളിങ്ബെൽ അടിച്ചപ്പോൾ വാതിൽ തുറന്നത് അഞ്ജലിയാണ്.മ്‌ഞ്ഞയിൽ ചെറിയ വെളുത്തപ്പൂക്കൾ ചിതറിക്കിടന്ന സാൽവർ കമ്മീസും വെളുത്ത ഷാളുമായിരുന്നു അവളുടെ വേഷം.പട്ടുനൂലുകൾ പോലെയുള്ള അവളുടെ ചെമ്പൻ മുടി പാറിക്കിടന്നിരുന്നു. പാൽപോലെ വെളുത്ത അവളുടെ ഭംഗി പതിൻമടങ്ങാക്കുന്നതായിരുന്നു അവളുടെ വേഷം. ഒരു നിമിഷം ആ മനോഹാരിതയിലേക്കു നോക്കി നിന്ന ശേഷം അവളോട് ഒന്നു ചിരിക്കുക പോലും ചെയ്യാതെ അപ്പു വീട്ടിനുള്ളിലേക്കു കയറി.
'അപ്പൂ, പിറന്നാളായീട്ടും നേരത്തെ വന്നില്ല, വിളിച്ചിട്ടും ഫോൺ എടുത്തില്ല' പരിഭവത്തിന്റെ മുനവച്ച് അഞ്ജലി പിന്നിൽ നിന്നു പറഞ്ഞു.
'തിരക്കിലായി പോയി' അവൾക്കു മുഖം കൊടുക്കാതെ അവൻ പറഞ്ഞു.
'ങൂം, ഇങ്ങനെയുണ്ടോ ഒരു തിരക്ക്, ഏതായാലും വരൂ, ഭക്ഷണം കഴിക്കാം' അഞ്ജലി അവനോടു പറഞ്ഞു.
അപ്പു മുറിയിലെ തീൻമേശയിലേക്കു നോക്കി.അവിടെ വിവിധ വിഭവങ്ങൾ ഒരുക്കിയിട്ടുണ്ടായിരുന്നു അവൾ.
'എനിക്കു വിശപ്പില്ല, ഞാൻ ഓഫിസിൽ ഇരുന്നപ്പോൾ ഒരു പിസ കഴിച്ചു' അപ്പു അവളോടു പറഞ്ഞു.
'പിന്നെ ആർക്കുവേണ്ടിയാ ഞാൻ കമ്പികുട്ടൻ.നെറ്റ്ഇതെല്ലാം കഷ്ടപ്പെട്ട് ഉണ്ടാക്കിയത്' സ്വരത്തിൽ പ്രകടമായ ദേഷ്യത്തോടുകൂടി അഞ്ജലി അവന്റെ മുന്നിലേക്കു നീങ്ങി നിന്നു.
അപ്പു ദൂരേക്കു നോക്കി നിന്നു.

അഞ്ജലി സ്വയം നിയന്ത്രിച്ചു.' ശരി , വിശപ്പില്ലെങ്കിൽ കഴിക്കേണ്ട, ഇതെങ്കിലും കുടിക്കൂ' അവൾ ഗ്ലാസിലേക്ക്ു പാലടപ്പായസം പകർന്നുകൊണ്ട് അവനു നേരെ നീട്ടി.

അപ്പുവിന്റെ മനസ്സിൽ ഒരു കുസൃതിക്കാരനുണ്ട്. മറ്റുള്ളവരെ ചൊടിപ്പിക്കാൻ എപ്പോഴും ഇഷ്ടപ്പെടുന്ന ഒരു കുസൃതിക്കാരൻ. 'അയ്യേ, ഈ പായസം കണ്ടാൽ അറിയാല്ലോ ഇതൊന്നിനും കൊള്ളില്ലാന്ന്, ഉണ്ടാക്കിയ ആൾ തന്നെ അങ്ങ് കുടിച്ചാൽ മതി' ഇതു പറഞ്ഞു പടികൾ കയറി മുകളിലേക്കു പോകുമ്പോൾ അഞ്ജലിയെ ഒന്നു ചൂടാക്കുക എന്നതിൽ കവിഞ്ഞ് അപ്പു ഒന്നും ഉദ്ദേശിച്ചിരുന്നില്ല.
ഒരു പെണ്ണിനെ എന്തൊക്കെ കുറ്റം പറഞ്ഞാലും , അവളുടെ സൗന്ദര്യത്തേയോ പാചകത്തേയോ കുറ്റം പറയാൻ പാടില്ല. സ്നേഹത്തോടെ ഒരു പെണ്ണ് എന്തെങ്കിലും ഉണ്ടാക്കിത്തന്നാൽ വാങ്ങിക്കഴിക്കുക എന്നതാണ് നല്ല ദാമ്പത്യത്തിനുള്ള ഒരേയൊരു നടപടി. എന്നാൽ പെണ്ണുങ്ങളോട് അധികം ഇടപെടാത്ത നമ്മുടെ പാവം അപ്പുവുണ്ടോ ഈ തത്വശാസ്ത്രമൊക്കെ അറിയുന്നു.

അഞ്ജലി ദേഷ്യം കൊണ്ടു ജ്വലിച്ചു. എത്രനേരം അവൾ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പായസമാണ്. അച്ഛമ്മയും ഹരിമേനോനും ഒക്കെ ഇതു കഴിച്ചിട്ടു നന്നായെന്നു പറഞ്ഞതാണ്. എന്നിട്ടും അപ്പു പറയുന്നതു കേട്ടില്ലേ? അഞ്ജലിയുടെ ഉള്ളിൽ ഇടയ്ക്കൊന്നുറങ്ങിപ്പോയ പഴയ പിടിവാശിക്കാരി ഉണർന്നെണീറ്റു. അപ്പുവിനെ ഒരു പാഠം പഠിപ്പിക്കാൻ തന്നെ അവൾ നിശ്ചയിച്ചു.
ആ തീരുമാനത്തിൽ കലുഷിതമായ മുഖത്തോടെയാണ് അവൾ മുകളിലേക്കു കയറിച്ചെന്നത്.അപ്പു തന്റെ ലാപ്ടോപ്പിൽ എന്തൊക്കെയോ ചെയ്യുന്നുണ്ട്. ഒരു നിമിഷം അവൾ അവനെനോക്കിനിന്നു.' പിന്നെ , കുത്തിക്കുറിക്കുന്നതു കണ്ടാൽ തോന്നും നാസയിലെ റോക്കറ്റിനുള്ള സോഫ്റ്റ്വെയർ തയാറാക്കുകയാണെന്ന്' താഴ്ന്ന സ്വരത്തിൽ ആത്മഗതം നടത്തിയ ശേഷം അവൾ അവന്റെ അരികിലേക്കെത്തി.
അപ്പൂ....' പരുഷമായ സ്വരത്തിൽ അവൾ വിളിച്ചു.
'എന്തേ?' ലാപ്ടോപ് മെല്ലെ മടക്കി അപ്പു വിളികേട്ടു.
'അപ്പുവിനോടു ഞാൻ ഒരു കാര്യം ആവശ്യപ്പെട്ടിരുന്നു, ഓർമയുണ്ടോ അത്? ' അഞ്ജലി ചോദിച്ചു.
അപ്പുവിന് ഒന്നും ഓർമ കിട്ടിയില്ല..ഇവൾ എന്താണ് ആവശ്യപ്പെട്ടത്? അവൻ കുറച്ചുനേരം ചിന്തിച്ചു. ' എന്താ അത്, എനിക്ക് ഓർമയില്ലല്ലോ' അപ്പു നിഷ്കളങ്കമായി ചോദിച്ചു.
അഞ്ജലി തന്റെ മാറത്തു കൈകെട്ടി കുറച്ചുനേരം നിന്നു. വശങ്ങളിലേക്കു നോക്കിയായിരുന്നു അവളുടെ നിൽപ്.
അപ്പു മിഴുങ്ങസ്യാന്ന് അവളുടെ മുഖത്തേക്കു തന്നെ നോക്കിയിരുന്നു. അവനു സത്യമായിട്ടും ഒന്നും പിടികിട്ടിയില്ല.

'നമ്മുടെ ആദ്യരാത്രിയിൽ ഞാൻ പറഞ്ഞിരുന്നില്ലേ, എനിക്കു ഡിവോഴ്സ് വേണമെന്ന് ' അഞ്ജലി പറഞ്ഞു.
അപ്പുവിന്റെ ചങ്കു പടപടാന്നു മിടിക്കാൻ തുടങ്ങി.ഇവളെന്താണു പറഞ്ഞുവരുന്നത്.
'പ..പറഞ്ഞിരുന്നു.' അവൻ വിക്കിവിക്കി പറഞ്ഞു.
'എനിക്കത് ഉടനെ വേണം'അഞ്ജലി അറുത്തുമുറിച്ചു പറഞ്ഞു.
അപ്പുവിന്റെ കൈയ്യിൽ നിന്നു ലാപ്ടോപ് തെറിച്ചുപോയി.തന്റെ കാലുകൾ തളരുന്നതുപോലെ അവനു തോന്നി.അവൻ ചാടിയെഴുന്നേറ്റു.
എന്താ അഞ്ജലി ഈ പറയുന്നത് അവൻ നിലവിളിക്കുകയായിരുന്നു.
എനിക്കു ഡിവോഴ്സ് വേണംന്ന് , ഒരു പ്രാവ്ശ്യം പറഞ്ഞാൽ പോരെ? അഞ്ജലി വീണ്ടും പറഞ്ഞു.

'അതെന്താപ്പോ വീണ്ടും...എന്തൊക്കെയാ അഞ്ജലി പറയണത്...'അപ്പു പിച്ചും പേയും പറയാൻ തുടങ്ങി. അവന്റെ സമനില തെറ്റിത്തുടങ്ങിയിരുന്നു. അഞ്ജലി തന്നെ സ്്നേഹിച്ചു തുടങ്ങിയെന്നായിരുന്നു അവന്റെ കണക്കുകൂട്ടൽ. അവൾ വീണ്ടും ഡിവോഴ്സ് എന്ന ആവശ്യവും കുത്തിപ്പൊക്കി വരുമെന്ന് അവൻ സ്വപ്നേവി വിചാരിച്ചിരുന്നീല്ല.
അപ്പുവിന്റെ കണ്ണിൽ നിന്നു കണ്ണീർ ചെറുതായി ചാടി.മുഖം ചുവന്നിരുന്നു.
അഞ്ജലിയുടെ മനസ്സിൽ ചെറിയൊരു വേദന പടർന്നു.എങ്കിലും അവൾ പരുഷഭാവത്തിൽ തന്നെ നിന്നതേയുള്ളു.

www.kkstories.com

'ഹൊ എന്തൊരു ഷോയായിരുന്നു മോനെ...നിനക്കു കുറച്ചു അഹങ്കാരം കുറയാനുണ്ട്. ഞാൻ ശരിയാക്കിത്തരാം കേട്ടോ' അഞ്ജലി മനസ്സിൽ പറഞ്ഞു. അപ്പുവിനെ ഒന്നു ചൂടാക്കാൻ വേണ്ടി മാത്രമാണ് അവൾ ഡിവോഴ്സ് വേണമെന്ന ആവശ്യം എടുത്തിട്ടത്. യാഥാർഥ്യത്തിൽ അപ്പുവിനെ വിട്ടുപോകുന്ന കാര്യം അവൾക്കു ചിന്തിക്കാൻ പോലും ആകുമായിരുന്നില്ല എന്നതാണു സത്യം.
എന്നാൽ അപ്പുവിന്റെ ഹൃദയം തകർന്നിരുന്നു. അവൻ ദീനതയോടെ അഞ്ജലിയെ നോക്കി.
' അപ്പോൾ അഞ്ജലി എന്നെ സ്നേഹിക്കുന്നില്ലേ' ഒരു കുട്ടിയേപ്പോലെ ്അവൻ ചിണുങ്ങി.
ഇല്ലയെന്നർഥത്തിൽ അഞ്ജലി കൈകൾ കൊണ്ട് ആംഗ്യം കാട്ടി.ഗൗരവഭാവം നടിച്ചിരുന്നെങ്കിലും അവളുടെ ചുണ്ടുകളിലെവിടയോ ഒരു കുസൃതിച്ചിരി ഒളിഞ്ഞിരുന്നു.
അപ്പോൾ ഇത്രയും ദിവസം എന്നോടു ഇങ്ങനെയൊക്കെ പെരുമാറിയതെന്തിനാ? വീണ്ടും അപ്പുവിന്റെ ചോദ്യം.
എങ്ങനെയൊക്കെ പെരുമാറീന്നാ അപ്പു പറയണേ? കണ്ണുകൾ വലുതാക്കി കുറുമ്പുകാട്ടുന്ന മുഖഭാവത്തോടെ അഞ്ജലി ചോദിച്ചു.

'എന്നോടു സ്നേഹത്തിൽ പെരുമാറിയത്.അതൊക്കെ വെറുതെയായിരുന്നോ..'അപ്പു ചോദിച്ചു.
'ഈ അപ്പൂ..അതൊക്കെ നിനക്കു വെറുതേ തോ്ന്നിയതാകും.ഡിവോഴ്സ് പേപ്പർ റെഡിയാക്കാൻ മറക്കണ്ട.പറ്റിയാൽ നാളെത്തന്നെ 'ഇതു പറഞ്ഞ് അഞ്ജലി കിടക്കാനായി കട്ടിലിലേക്കു പോയി.അപ്പുവിനെ ഒന്ന് ഒളികണ്ണിട്ടുനോക്കിയശേഷം അവൾ കട്ടിലിലേക്കു ചരിഞ്ഞുകിടന്നു.
അപ്പു സെറ്റിയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.ഇടയ്ക്കെഴുന്നേറ്റു നടന്നു. അവന്റെ എല്ലാ സന്തോഷവും പോയിരുന്നു. ഉറക്കം അകലെയെവിടെയോ പോയി.

അപ്പുവിന്റെ ഈ പരവേശമെല്ലാം അഞ്ജലി അറിയുന്നുണ്ടായിരുന്നു, ഇടയ്ക്കെഴുന്നേറ്റ് അവനെ ആശ്വസിപ്പിച്ചാലോ എന്ന് അവൾ ചിന്തിച്ചെങ്കിലും വേണ്ടെന്നു വച്ചു. കുറച്ചുനാൾ തന്നെ ഇട്ടു വട്ടംകറക്കിയതല്ലേ.കുറച്ച് അനുഭവിക്കട്ടെ എന്നായിരുന്നു അവളുടെ ചിന്ത.
ഇടയ്ക്ക് അപ്പു എഴുന്നേറ്റു ബാത്ത്റൂമിലേക്കു പോയി കതകടച്ചു. നിമിഷങ്ങൾ കുറേ കടന്നു. അവൻ തിരികെയെത്തിയില്ല.അഞ്ജലി ഞെട്ടിപ്പിരണ്ടെഴുന്നേറ്റു.
അവൾ ബാത്ത്റൂമിന്റെ വാതിലിൽ പോയി മുട്ടിവിളിച്ചു..'അപ്പൂ, അപ്പൂ' ഒ്ട്ടേറെത്തവണ വിളിച്ചിട്ടും ഒരനക്കവുമില്ല.എന്തോ അപകടസൂചന അവളുടെ മനസ്സിൽ നുരപൊന്തി.
അഞ്ജലി തന്റെ സകലശക്തിയുമെടുത്തു ബാത്ത്റൂമിന്റെ കതകിൽ തള്ളി. ഒറ്റത്തള്ളിനു വാതിൽ തുറന്നു. അകത്തു കണ്ട കാഴ്ച. ബ്ത്ത്റൂമിന്റെ റൂഫിലുള്ള ഹുക്കിൽ കെട്ടിയകമ്പികുട്ടൻ.നെറ്റ് തുണിയിൽ അപ്പു തൂങ്ങിനിൽക്കുന്നു.മരണം അവനെക്കൊണ്ടുപോയിരുന്നില്ല. കഴുത്തുമുറുകുമ്പോഴുള്ള വെപ്രാളത്തിൽ അവൻ കൈകാലിട്ടടിക്കുന്നുണ്ടായിരുന്നു.
'ദൈവേ, അപ്പൂ, എന്താ ഈ കാട്ടിയേ നീയ്.' ഒരു നിലവിളിയോടെ അഞ്ജലി മുന്നോട്ടാഞ്ഞു. സമയം നഷ്ടപ്പെടുത്താതെ അവൾ അവന്റെ കാലുകളിൽ കയറിപ്പിടിച്ചു.പിന്നെ വളരെ കഷ്ടപ്പെട്ട് എങ്ങനെയൊക്കെയോ അവനെ താഴെയിറക്കി. ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിൽ അപ്പു ദീർഘശ്വാസങ്ങളെടുത്തു. അവന്റെ വെളുത്ത കഴുത്തിൽ തുണിമുറുകിയതിന്റെ ചുവന്ന പാടു തെളിഞ്ഞു നിന്നിരുന്നു.
-----
മുറിക്കുള്ളിലെ കസേരയിൽ അപ്പു തലതാഴ്ത്തി ഇരുന്നു. അവനപ്പോളും ചെറുതായി കിതയ്ക്കുന്നുണ്ടായിരുന്നു.അവന് അഭിമുഖമായിത്തന്നെ അഞ്ജലിയും നിൽക്കുന്നുണ്ടായിരുന്നു.വികാരവിക്ഷോഭങ്ങളാൽ അവളുടെ മുഖത്തു പലഭാവങ്ങൾ കത്തി. ദേഷ്യം , സങ്കടം, സഹതാപം, പേടി എന്നുവേണ്ട..അപ്പുവിന്റെ ചെയ്തി അവളെ തകർത്തുകളഞ്ഞിരുന്നു. ഇത്ര

www.kkstories.com

സെൻസിറ്റീവാണ് അപ്പു എന്ന് അവളൊരിക്കലും വിചാരിച്ചിരുന്നില്ല.ഒടുവിൽ അവളുടെ വികാരങ്ങൾ പൊട്ടിയൊഴുകി. അപ്പുവിന്റെ കവിളിൽ തലങ്ങും വിലങ്ങും അടിവീണു. അവളുടെ കണ്ണിൽ നിന്ന് കണ്ണീർ നിലയ്ക്കാതെ ഒഴുകുന്നുണ്ടായിരുന്നു.
' നീയെന്തിനാ അപ്പൂ ഇതു ചെയ്തത്, ഇത്രയക്കും നീ എന്നെ ശിക്ഷിക്കാൻ നീന്നോട് എ്ന്തു തെറ്റു ചെയ്തു' വിതുമ്പിക്കൊണ്ട് അവൾ ചോദിച്ചു.
തന്റെ കവിളിൽ വന്നു വീഴുന്ന അവളുടെ കരതലത്തിൽ അവൻ പിടിത്തമിട്ടു. ' അഞ്ജലിയല്ലേ പറഞ്ഞത്, ഡിവോഴ്സ് വേണമെന്ന്, ഏറ്റവും വലിയ ഡിവോഴ്സ് തരികയായിരുന്നില്ലേ ഞാൻ. ഇപ്പോ വന്നു രക്ഷിച്ചില്ലായിരുന്നെങ്കിൽ
നാളെ അഞ്ജലിയുടെ ജീവിതത്തിൽ ഞാനുണ്ടാകില്ലാരുന്നല്ലോ, എന്തിനേ രക്ഷിച്ചേ? ' സൗമ്യനായി അപ്പു ചോദിച്ചു.
'അതു ഞാൻ നിന്നെ വെറുതേ ചൂടാക്കാൻ കളി പറഞ്ഞതല്ലേ, നീയില്ലാതെ ഒരു നിമിഷം ജീവിക്കാൻ എനിക്കു പറ്റില്ല' അഞ്ജലിയുടെ വിതുമ്പൽ കരച്ചിലിനു വഴിമാറിയിരുന്നു.അപ്പുവിന്റെ മുഖത്തടിച്ച കൈകൊണ്ട് അവൾ അവന്റെ മുഖം തന്റെ വയറിലേക്കടുപ്പിച്ചു. അപ്പു അവളുടെ വയറ്റിൽ മുഖമമർത്തി. അഞ്ജലിയുടെ കൈകൾ അവന്റെ മുടിയിഴകളിൽ ഓടി നടന്നു.
വയറിൽ നിന്ന് അപ്പുവിന്റെ മുഖം അവൾ അടർത്തിമാറ്റി .ഇരുകൈകളിലും അപ്പുവിന്റെ മുഖം കോരിയെടുത്ത് അവൾ തന്നോട് അടുപ്പിച്ചു.
പ്രപഞ്ചങ്ങൾ സാക്ഷി.താൻ ആദ്യമായി ഒരു പെണ്ണിനാൽ ചുംബിക്കപ്പെടാൻ പോകുകയാണെന്ന് അവൻ മനസ്സിലാക്കി. നാണവും ചളിപ്പും അവന്റെ മുഖത്തു മൂടി.എന്നാൽ അഞ്ജലിയുടെ സുഖകരമായ കരവലയം അവനെ കൂടുതൽ ശ്ക്തിയോടെ പൊതിഞ്ഞു. അവൾക്ക് യാതൊരു സങ്കോചവും ഉ്ണ്ടായിരുന്നില്ല. അപ്പുവിലേക്കു പടരാനായിരുന്നു അവൾ അപ്പോൾ ആഗ്രഹിച്ചത്.
ഒടുവിൽ അവന്റെ കവിളിൽ അവളുടെ ചെഞ്ചുണ്ടുകൾ മുട്ടി. കുറച്ചു മുൻപ് താൻ തന്നെ അടിച്ചു തിണർപ്പാക്കിയ അവന്റെ കവിളിലെ പാടുകളിലെല്ലാം അവൾ ഉമ്മകൾ കൊണ്ടുമൂടി.അപ്പുവിന്റെ ശരീരത്തിൽ ആയിരം വൈദ്യുതതരംഗങ്ങൾ പാ്ഞ്ഞുനടന്നു.
ആദ്യചുംബനം. അതും താനേറെ സ്നേഹിക്കുന്ന തന്റെ ഭാര്യയിൽ നിന്ന്. അപ്പു വികാര തീവ്രതയിൽ ലയിച്ചു.അഞ്ജലിയുടെ ചുണ്ടുകൾ ഇപ്പോഴും അവന്റെ കവിളുകളിലമർന്നിരുന്നു. അവളുടെ ലോലമായ കരാംഗുലികൾ അവന്റെ മുടിയിഴകളിൽ ഓടി നടന്നു.

തന്റെ കൈകൾ അവൻ അഞ്ജലിയുടെ അരക്കെട്ടിലൂടെ ചുറ്റി അവളെ നെഞ്ചോടു ചേർത്തു. ചുവന്ന ചുരിദാർ ടോപ്പിനുള്ളിൽ വീർപ്പുമുട്ടിയ അവളുടെ നിറഞ്ഞു

www.kkstories.com

തുളുമ്പുന്ന മാറിടം അപ്പുവിന്റെ നെഞ്ചിലേക്കമർന്നു. അവളുടെ ഹൃദയമിടിപ്പ് അവന് അടുത്തറിയാമായിരുന്നു.

'അപ്പു, ഞാൻ നിന്നെ എത്ര സ്നേഹിക്കുന്നെന്ന് നിനക്കറിയോ '

അപ്പുവിന്റെ കണ്ണുകളിലേക്കു നോക്കി കാതരയായി അവൾ ചോദിച്ചു. മാലാഖയെപ്പോലെ നൈർമല്യവുള്ള അവളുടെ മുഖം ദീപ്തമായിരുന്നു. ആയിരം നക്ഷത്രങ്ങൾ അവളുടെ മുഖത്ത് അവൻ കണ്ടു.

'എനിക്കറിയില്യ' ഒരു നിഷ്കളങ്കനായ പാലക്കാട്ടുകാരനെപ്പോലെ അപ്പു മറുപടി നൽകി.

'പോടാ പൊട്ടൂസ്,എന്റെ ജീവനേക്കാൾ ഏറെ.' അവന്റെ മൂക്കിൽ പിടിച്ചു കുലുക്കി അവൾ പറഞ്ഞു.

'അതിരിക്കട്ടെ എന്നോട് എപ്പോഴാണ് ഈ സ്നേഹം ഒക്കെ തോന്നിയത്' അപ്പു അവളോട് ചോദിച്ചു.

www.kkstories.com

സത്യത്തിൽ എനിക്കു നിന്നോടു വല്യ സ്നേഹമൊന്നുമില്ലായിരുന്നു.ഡിവോഴ്സ് വേണമെന്ന് ഞാൻ ആത്മാർഥമായി പറഞ്ഞതാ.

പക്ഷേ നിനക്ക് ഓർമയുണ്ടോ അന്നു രേഷ്മ ഇവിടെ വന്നത്. അഞ്ജലി ചോദിച്ചു.

ഹാ എനിക്കോർമയുണ്ട് ,അവളുടെ കാര്യം നീ മിണ്ടിപ്പോകരുത് അപ്പു പറഞ്ഞു.

അഞ്ജലി പൊട്ടിച്ചിരിച്ചു.ഏഴുകടലുകളിൽ തിരയടിക്കുന്നതുപോലെ ഭംഗി ഉണ്ടായിരുന്നു ആ ചിരിക്ക്.

www.kkstories.com

'എന്തേ അവൾ എന്തു ചെയ്തു' ചിരിയടക്കി അഞ്ജലി ചോദിച്ചു.

'അതു ഞാൻ പറയില്ല. ഏതായാലും അത്ര നല്ല കാര്യമല്ല എന്നറിഞ്ഞാൽ മതി.' അപ്പു ഈർഷ്യയോടെ പറഞ്ഞു.

'അപ്പൂ,' അവന്റെ മുഖത്തു തന്റെ അണിവിരൽ കൊണ്ട് തൊട്ടിട്ടു അഞ്ജലി പറഞ്ഞു.'എനിക്കറിയാം എന്താണ് നിനക്ക് രേഷ്മയോടു ദേഷ്യമെന്ന്. അക്കാര്യം തന്നെയാണു ഞാൻ പറഞ്ഞുവരുന്നത്.'

'അന്നു രേഷ്മയും ഞാനും ചേർന്നൊരുക്കിയ ഒരു നാടകമായിരുന്നു അത്. എങ്ങനെയും ഡിവോഴ്സ് വേണമെന്ന് ഞാൻ നിർബന്ധം പിടിച്ചപ്പോൾ രേഷ്മയാണ് ആ ഐഡിയ ഇട്ടത്.'

'നാടകമോ, എന്തു നാടകം, എന്തായിരുന്നു പ്ലാൻ.' അപ്പു അഞ്ജലിയോടു ചോദിച്ചു.

'നിന്നെ രേഷ്മ വശീകരിക്കും.എന്നിട്ടു നിങ്ങൾ തമ്മിൽ..'

'ഞങ്ങൾ തമ്മിൽ എന്ത്' അപ്പു ചോദിച്ചു.

www.kkstories.com

'നിങ്ങൾ തമ്മിൽ ഇന്റിമേറ്റാകുമ്പോൾ അതിന്റെ വീഡിയോ എടുക്കും.' അവൾ താഴ്ന്ന സ്വരത്തിൽ പറഞ്ഞു.

'ആരു വീഡിയോ എടുക്കും' അപ്പു ചോദിച്ചു.

'ഞാൻ. ഞാൻ അന്ന് ആ റൂമിലെ കർട്ടനു പിന്നിൽ ഞാൻ കാമറയുമായി ഇരുപ്പുണ്ടായിരുന്നു, പക്ഷേ ഞങ്ങളുടെ പ്ലാൻ പൊളിഞ്ഞു.അന്നാണ് അപ്പുവിന് എന്നോടുള്ള ഇഷ്ടം എനിക്കു ശരിക്കും മനസ്സിലായത്. അതോടെ അപ്പു അപ്പൂന്നു പറയുമ്പോ എന്റെ മനസ്സിൽ ഒരു കുത്തു തുടങ്ങി. പിന്നെ നീയായി എന്റെ എല്ലാം.' അഞ്ജലി പറ്ഞ്ഞു.

'ഓഹോ...'അപ്പു ഒന്നു തലയാട്ടി.

'അ്ഞ്ജലീ ഞാൻ ഒന്നു ചോദിച്ചോട്ടെ.'

'എന്തു വേണെലും എന്റെ അപ്പു ചോദിച്ചോ, ഇനി മടി വേണ്ടാട്ടോ...' ചിരിയോടെ അഞ്ജലി പറഞ്ഞു.

'ഒന്ന് ആലോചിച്ചു നോക്കിയേ..എനിക്ക് അഞ്ജലിയെ ഇഷ്ടമല്ലെന്നു വെയ്യ്ക്കൂ.ഒഴിവാക്കണം എന്ന് ആഗ്രഹം.ഒരു പുരുഷനെ നഗ്നനാക്കി അ്ഞ്ജലിയുടെ മുറിയിലേക്ക് സെക്സ് ചെയ്യാൻ വിട്ടിട്ടു ഞാൻ ക്യാമറയുമായി മുറിയിലിരുന്നാൽ എന്താകും എന്നെക്കുറിച്ചു പിന്നീടുള്ള അഭിപ്രായം.'തണുത്ത സ്വരത്തിലാണ് അപ്പു അതു പറഞ്ഞതെങ്കിലും അവന്റെ മുഖത്തേക്കു രക്തം ഇരച്ചുകയറുന്നതു കാണാമായിരുന്നു.

ഒരു നിമിഷം അഞ്ജലി സ്തബ്ധയായി. താൻ ചെയ്ത തെറ്റിന്റെ ആഴം അപ്പോളാണ് അവൾക്കു മനസ്സിലായത്.ശരിയാണ്, അപ്പു അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ ജൻമം തനിക്കു സ്വസ്ഥത കിട്ടില്ലായിരുന്നു. ഒരിക്കലും താൻ അവനു മാപ്പു നൽകില്ലായിരുന്നു. തെറ്റിന്റെ തിരിച്ചറിവിൽ അവളുടെ മുഖ്ത്തെ ചിരിമാഞ്ഞു.വലിയ കണ്ണുകൾ നിറഞ്ഞു ഒരു പുഴ പോലെ പുറത്തേക്കൊഴുകി.

'അപ്പൂ' ഒരു നേരിയ വിങ്ങലോടെയും തുടർന്നു പൊട്ടിക്കരച്ചിലോടെയും അവൾ അവന്റെ നെഞ്ചിലേക്കു ചാഞ്ഞു. 'എന്നെ വെറുക്കരുത് അപ്പൂ, നീയില്ലാതെ ഇനി ഒരുനിമിഷം എനിക്കു പറ്റില്ല. അന്നു ഞാൻ അങ്ങനെയൊക്കെയായിരുന്നു. ഒന്നിനും ഞാൻ വില കൽപിച്ചില്ല.പക്ഷേ ഇപ്പോൾ നീയെനിക്ക് എന്റെ എ്ല്ലാമാണ്. എന്റെ ശ്വാസമാണ്. നിന്റെ സ്നേഹമില്ലെങ്കിൽ ഞാൻ മരിക്കും അപ്പൂ.'

അപ്പുവിനു പക്ഷേ ഇളക്കമില്ലായിരുന്നു.അഞ്ജലീ, 'നീ പലതും എന്നോടു ചെയ്തിട്ടുണ്ട്. അതെല്ലാം ഞാൻ ക്ഷമിച്ചിട്ടും ഉണ്ട്. പക്ഷേ ഇത്.സ്വന്തം ഭർത്താവിനെ വശീകരിക്കാൻ മറ്റൊരു പെണ്ണിനെ വിടുക. ശ്ശെ'

അപ്പു മുറിക്കു പുറത്തെ ബാൽക്കണിയിലേക്കു പോയി ആകാശം നോക്കി നീന്നു.അഞ്ജലി അവന്റെ പിന്നാലെ വന്നു നിന്നു.അവൾ അവന്റെ തോളിൽ തൊട്ടു.അവൻ കൈ ത്ട്ടിമാറ്റി.പിന്നെയും തൊട്ടു. അവൻ വീണ്ടും ത്ട്ടിമാറ്റി.

www.kkstories.com

'ആകാശത്ത് അപ്പൂന്റെ ആരെങ്കിലും താമസിക്കുന്നുണ്ടോ,എപ്പോഴും അങ്ങോട്ടു നോക്കി നിൽപ്പാണല്ലോ' അവനോടു ചേർന്നു നിന്ന് അഞ്ജലി ചോദിച്ചു.

അപ്പു തെന്നിമാറി, അഞ്ജലി ബാലൻസ് തെറ്റി വീഴാൻ പോയെങ്കിലും വീണില്ല, 'എടാ ചതിയാ ഞാനിപ്പോ വീണേനേ.' അവന്റെ ഇടുപ്പു നോക്കി മുഷ്ടി ചുരുട്ടി ഒരു ഇടിയിടിച്ചുകൊണ്ട് അവൾ പറഞ്ഞു.അപ്പുവിന് ഒരു പ്രതികരണവുമില്ല.പാറ പോലെ നിൽപു തുടർന്നു

'അപ്പോ എന്നോടു പിണങ്ങിത്തന്നെയാ?' അവൾ ചോദിച്ചു. അവൻ ഉത്തരം പറഞ്ഞില്ല.

'ചോദിച്ചതു കേട്ടില്ലാന്നുണ്ടോ അപ്പൂ, അവൾ അവന്റെ കൈയിൽ അടിച്ചുചോദിച്ചു.'അവൻ വീണ്ടും ഒന്നും പറഞ്ഞില്ല.

'എങ്കിൽ അവിടെ നിന്നോ, ഞാൻ കിടക്കാൻ പോണൂ,' ഇത്രയും പറഞ്ഞ ശേഷം അഞ്ജലി റൂമിലേക്കു പോയി.

---

വിവാഹം കഴിഞ്ഞു രണ്ടു മാസത്തിനു ശേഷമാണ് അപ്പുവും അഞ്ജലിയും അഞ്ജലിയുടെ തറവാടായ അണിമംഗലത്തേക്കു പോയത്.വിവാഹത്തിനു തൊട്ടുപിന്നാലെ ഒന്നു പോയിരുന്നെങ്കിലും പെട്ടെന്നു മടങ്ങിയിരുന്നു. ഇത്തവണ പോയത് രണ്ടാഴ്ച നിൽക്കാൻ ഉറച്ചാണ്.ആദ്യം കലുഷിതമായ അവരുടെ ബന്ധം ഇടയ്ക്കൊന്നു ചൂടുപിടിച്ചിരുന്നെങ്കിലും രേഷ്മ സംഭവത്തെക്കുറിച്ചുള്ള അഞ്ജലിയുടെ വെളിപ്പെടുത്തൽ വീണ്ടും ചവർപ്പു ക്ഷണിച്ചുവരുത്തി.

വിലകൂടിയ ഒരു സെറ്റുസാരിയും പച്ചപ്പട്ടിൽ തീർത്ത ബ്ലൗസുമായിരുന്നു അഞ്ജലിയുടെ വേഷം.കൈകളിൽ വളകളും കഴുത്തിൽ വജ്രനെക്ക്ലേസും പിന്നെ താലിമാലയും. സ്വർണനിറമുള്ള ചെമ്പൻ മുടി അവൾ ഒതുക്കാതെ പറത്തിയിട്ടിരുന്നു. അതിന്റെ ഒത്ത നടുക്കുള്ള സീമന്തരേഖയിൽ സുമംഗലി ആണെന്നറിയിക്കാനുള്ള സിന്ദൂരം ചാർത്തിയിരുന്നു.ദേവലോകത്തു നിന്നുള്ള കന്യക ഭൂമിയിലേക്ക് ഇറങ്ങിവന്നതു പോലെ സൗന്ദര്യത്തിന്റെയും ഐശ്വര്യത്തിന്റെയും നിറകുടമായി അവൾ നിന്നു.അച്ഛമ്മയോടും ഭർതൃപിതാവായ ഹരിമേനോനോടും യാത്ര പറഞ്ഞ് അവൾ മിനിക്കൂപ്പറിന്റെ മുൻസീറ്റിലേക്കു

www.kkstories.com

കയറി. ഡ്രൈവിങ് സീറ്റിൽ, സ്റ്റീയറിങ്ങിൽ ചുമ്മാ താളം പിടിച്ചുകൊണ്ട് അപ്പു ഇരിപ്പുണ്ടായിരുന്നു.

'പോകാം.' സീറ്റിൽ കയറിയിരുന്ന ശേഷം അവനെ നോക്കാതെ മുന്നോട്ടു നോക്കി അവൾ പറഞ്ഞു.

അപ്പു അവളുടെ മുഖത്തൊന്നു പാളി നോക്കി. നെറ്റിയിലിട്ട സിന്ദൂരം കണ്ടു.ആദ്യമായാണ് അവൾ സിന്ദൂരം അണിയുന്നത്.

'കന്യകാത്വം നഷ്ടപ്പെട്ട ശേഷമാ പെൺകുട്ടികൾ സാധാരണ നെറ്റിയിൽ സിന്ദൂരം ഇടുന്നത് 'അപ്പു ചുമ്മാ അടിച്ചുവിട്ടു.ഈയിടെയായി തരംകിട്ടുമ്പോളെല്ലാം അഞ്ജലിയെ ചൊറിയുന്നത് അവൻ ഒരുഹോബി ആക്കി മാറ്റിയിരുന്നു.

'കന്യകാത്വം നഷ്ടപ്പെടുത്താൻ ഭർത്താവിന് ഉദ്ദേശ്യം ഇല്ലെങ്കിൽ പാവം പെൺകുട്ടികൾ എന്തു ചെയ്യും.വഴിയിൽ കൂടെ പോകുന്നവനു കന്യകാത്വം കൊടുക്കാൻ പറ്റില്ലല്ലോ.ഇതു വീട്ടുകാരെ ബോധിപ്പിക്കാൻ ഇട്ടതാ.അവരെങ്കിലും വിചാരിച്ചോട്ടെ മോൾടെ കന്യകാത്വം മരുമകൻ എടുത്തൂന്ന്...' അഞ്ജലി ഉരുളയ്ക്കുപ്പേരി പോലെ മറുപടി കൊടുത്തു.

'വഴിയിൽ കൂടി പോകുന്നവൻമാർക്കു വേണേൽ കൊടുത്തോ, ഞാൻ ചോദിക്കാൻ ഒന്നും വരണില്ല. ഉഡായിപ്പ് പരിപാടികളാണല്ലോ പണ്ടേ

www.kkstories.com

കൈയിൽ' അവൻ ഒന്നു കുത്തി പറഞ്ഞു.

'അയ്യടാ, അങ്ങനെ കണ്ടവൻമാർക്കു കൊടുക്കാനുള്ളതല്ല. എന്റെ കന്യകാത്വം ഒരാളേ എടുക്കൂ. മേലേട്ട് രാജീവ് മേനോൻ എന്ന അപ്പു..എന്റെ ചക്കരക്കുട്ടൻ,' അവന്റെ മുഖത്തേക്കു കൈവിരൽ കൊണ്ടു കുത്തിയിട്ട് അവൾ പറഞ്ഞു.

'ഹും' അഞ്ജലിയോടുള്ള ഈർഷ്യ മുഴുവൻ അപ്പു കാറിന്റെ ആക്സിലറേറ്ററിൽ തീർത്തു. ഒന്നു മുരണ്ടുശബ്ദിച്ചിട്ട് മിനിക്കൂപ്പർ മുന്നോട്ടു കുതിച്ചു.

'എന്നോടുള്ള ദേഷ്യം എന്തിനാവോ പാവം കാറിനോടു തീർക്കണത്.' അവൾ കണ്ണുരുട്ടി അദ്ഭുതം കാട്ടി ചോദിച്ചു.അപ്പു മിണ്ടിയില്ല.

www.kkstories.com

'അല്ലാ, എന്റെ കാര്യം പോട്ടെ, സാർ എന്താണ് ഉദ്ദേശ്യം.ആജീവനാന്തം കന്യകനായിരിക്കുമോ' അവൾ വീണ്ടും ചൊറിയാൻ തുടങ്ങി.

'ഇരിക്കും,നല്ല ഒരു ഭാര്യ വരുമെന്നു കരുതിയാ ഇത്രനാൾ കാത്തത്. എന്നിട്ടു വന്നത് ഇങ്ങനെയും. ഞാൻ ഇനി സന്യാസത്തിനു പോകുവാ. ഉത്തരാഖണ്ഡിലേക്കു പോകാനാ പ്ലാൻ.' മുന്നോട്ടു നോക്കി വണ്ടിയോടിക്കുന്നതിനിടെ അപ്പു പറഞ്ഞു.

നല്ലകാര്യം. ചിരിയമർത്തി അഞ്ജലി പറഞ്ഞു, 'ഇന്ത്യക്ക് നല്ലൊരു സന്ന്യാസിയുടെ കുറവുണ്ട്'

അവൾ മനസ്സിൽ പറയുവായിരുന്നു.അപ്പുക്കുട്ടാ.നിന്റെ സന്യാസമൊക്കെ ഈ രണ്ടാഴ്ച കൊണ്ട് ഞാൻ അവസാനിപ്പിച്ചു തരണ്ട്..ഈ അഞ്ജലിയുടെ സ്വന്തമാക്കും നിന്നെ ഞാൻ. വിടില്ല നിന്നെ...വിട്ടുകൊടുക്കില്ല ഈ ജന്മം ഒന്നിനും, നീയത്രയ്ക്കു പാവമാണ്..

കന്യകാത്വത്തെക്കുറിച്ച് ആലോചിച്ചപ്പോൾ അഞ്ജലി തന്നെക്കുറിച്ച് ഓർക്കുകയായിരുന്നു.കോളജിൽ പഠിക്കുമ്പോൾ രേഷ്മയൊക്കെ തന്റെ വിർജിനിറ്റി എത്രപെട്ടെന്നാണു കളഞ്ഞത്.എന്നാൽ താനോ, ഫെമിനിസ്റ്റായി നടക്കുമ്പോളും ബുള്ളറ്റ് ഓടിക്കുമ്പോളും എല്ലാവരും തന്നെ ഒരു ബോൾഡ് ആൻഡ് അഡ്വഞ്ചറസ് പെണ്ണായി കരുതി.എന്നാൽ ഉള്ളിന്റെ ഉള്ളിൽ താനെന്നുമൊരു പാലക്കാടൻ പെൺകൊടിയായിരുന്നു.
സ്വന്തം കന്യകാത്വത്തിനു ജീവനേക്കാൾ വില കൽപിച്ചവൾ.രേഷ്മയ്ക്കൊക്കെ എത്ര പുരുഷൻമാരുമായി ബന്ധപ്പെട്ടതിന്റെ ഓർമകളുമായാകും അവളുടെ വിവാഹരാത്രിയിൽ എത്തുക.എന്നാൽ തനിക്കോ.അഞ്ജലിയാകിയ ഞാൻ അപ്പുവിനു വേണ്ടി ജനിച്ചവളാണ്.അവനുവേണ്ടി മാത്രം.

www.kkstories.com

പാലക്കാടിന്റെ ഗ്രാമവിശുദ്ധിയെ കീറിമുറിച്ചതു പോലെയുള്ള റോഡിലൂടെ മിനികൂപ്പർ പാഞ്ഞു.ഒടുവിൽ അൽപസമയത്തിനു ശേഷം അത് അണിമംഗലം തറവാടിന്റെ ഗേറ്റുകടന്നു.

അണിമംഗലത്ത് അപ്പുവിനെയും അഞ്ജലിയെയും സ്വീകരിക്കാനായി എല്ലാവരും കാത്തുനിൽപ്പുണ്ടായിരുന്നു.അഞ്ജലിയുടെ അച്ഛൻ കൃഷ്ണകുമാർ.അമ്മ സരോജ പിന്നെ കസിൻ സഹോദരിമാർ അപ്പൂപ്പൻ അമ്മൂമ്മ എന്നിങ്ങനെ ഒരു പട തന്നെ.

അപ്പുവും അഞ്ജലിയും കാറിൽ നിന്നിറങ്ങി. അഞ്ജലിയുടെ മുഖം പ്രസന്നമായിരുന്നു. കൂടി നിന്നവരിൽ അതൊരു അദ്ഭുതമായിരുന്നു. കാരണം എന്നും ദേഷ്യപ്പെട്ട് മാത്രമേ എല്ലാവരും അവളെ കണ്ടിട്ടുള്ളൂ.അവൾ അച്ഛന്റെയും അമ്മയുടെയും ബന്ധുക്കളുടെയും അടുത്തു ചെന്നു ചിരിച്ചുകളിച്ചു സംസാരിച്ചു.

കൃഷ്ണകുമാർ മകളെ അദ്ഭുതത്തോടെ നോക്കി. പ്രായമായതിൽ പിന്നെ അഞ്ജലിക്ക് അച്ഛൻ എന്നാൽ മുട്ടൻ കലിപ്പ് ആയിരുന്നു. തണുത്ത ബന്ധമായിരുന്നു അവർക്കിടയിൽ ഉള്ളത്.

www.kkstories.com

'വാടോ..' കൃഷ്ണകുമാർ അപ്പുവിനെ കൈ പിടിച്ച് അകത്തേക്കു കൂട്ടി. വെളുത്ത ജൂബ്ബയിലും മുണ്ടിലും അവൻ ഒരു ഗന്ധർവകുമാരനെപ്പോലെ തോന്നിച്ചു.

എല്ലാവരും കൂടി നിന്നു കലപില വർത്തമാനം തുടങ്ങി. അഞ്ജലി അടുക്കളയിലേക്കു ചെന്നു. അമ്മയുടെ അടുത്തേക്ക്,അവിടെ നിന്നു കുറേനേരം സംസാരിച്ചതിനിടയ്ക്ക് അവൾ സരോജയോടു ചോദിച്ചു.

'അമ്മേ കാൻസർ ട്രീറ്റ്മെന്റ് തുടങ്ങേണ്ടേ.' അവൾ ചോദിച്ചു.

സരോജ വെപ്രാളത്തിലായി. 'കൃഷ്ണേട്ടാ ഒന്നിങ്ങു വന്നേ..' അവർ വിളിച്ചു.

കൃഷ്ണകുമാർ അടുക്കളയിലേക്ക് എത്തി.'എന്താണു പ്രശ്നം.' ദീനതയോടെ സരോജ കൃഷ്ണകുമാറിനെ നോക്കി.

അഞ്ജലി അമ്പരന്നു നിന്നു. 'അമ്മയല്ലേ പറഞ്ഞത് കാൻസർ ട്രീറ്റ്മെന്റിന്റെ കാര്യം എന്റെ കല്യാണം കഴിഞ്ഞു രണ്ടുമാസം കഴിഞ്ഞു തുടങ്ങാമെന്നും പറഞ്ഞു.' അവൾ ചോദിച്ചു.

മലയിടിഞ്ഞു വീണാലും പതറാത്ത കൃഷ്ണകുമാറും പരുങ്ങലിൽ നിന്നു.

www.kkstories.com

ഒടുവിൽ സരോജ തന്നെ സംസാരിച്ചു. 'അഞ്ജുക്കുട്ടി അത് നിന്നോട് ഒരു കാര്യം പറയാനുണ്ട്.ജാതകപ്രകാരം നിനക്ക് 21 വയസ്സിൽ കല്യാണം വേണമെന്ന് ആ പൂത്തേറ്റില്ലത്തെ ജ്യോത്സ്യൻ പറഞ്ഞു.നേരെ പറഞ്ഞാൽ നീ
സമ്മതിക്കില്ലാന്നുള്ളോണ്ടാണു എനിക്കു കാൻസറാണെന്നും അവസാന ആഗ്രഹമായി നീ കല്യാണം കഴിക്കണമെന്നും ഒക്കെ പറഞ്ഞത്. എല്ലാം ഈ കൃഷ്ണേട്ടന്റെ ഐഡിയ ആണ്.എനിക്കു കാൻസറും ഇല്ല ഒന്നുമില്ല.'

അ്ഞ്ജലി ഒരു നിമിഷം തരിച്ചു നിന്നു. അവളുടെ ഭാവം കണ്ട് കൃഷ്ണകുമാറിനും സരോജയ്ക്കും പേടിയായി. ദേഷ്യം വന്നാൽ ഒന്നും നോക്കാതെ പൊട്ടിത്തെറിക്കുന്നവളാണ്.അപ്പു അപ്പുറത്തിരിക്കുകയും ചെയ്യുന്നു.

'മോളേ നീ ക്ഷമിക്കണം,ദേഷ്യപ്പെടരുത്' കൃഷ്ണകുമാർ പറഞ്ഞു.

ഒരു നിമിഷം മിണ്ടാതെ നിന്നിട്ട് അഞ്ജലി സംസാരിച്ചു.

'ഹും ക്ള്ളം പറയുന്നത് നല്ല ശീലമല്ല, അതും ഇതുപോലത്തേത്.അമ്മയെക്കുറിച്ച് ഓർത്ത് എന്റെ ഉറക്കം എത്ര രാത്രി പോയെന്ന് അറിയുമോ.ആ പോട്ടേ.ഏതായാലും ഒ്ന്നുമില്ലല്ലോ, ആ വിഷമോം മാറി.അപ്പൂനു ജ്യൂസ് കൊടുത്തിട്ടു വരാം.'

സരോജ ഗ്ലാസിലേക്കു പകർന്നു വച്ച പൈനാപ്പിൾ ജ്യൂസ് എടുത്തുകൊണ്ടു മുന്നോട്ടു നടക്കുന്നതിനിടയിൽ അഞ്ജലി പറഞ്ഞു.

www.kkstories.com

കൃഷ്ണകുമാറും സരോജയും ഞെട്ടി. ഒരു യുദ്ധം പ്രതീക്ഷിച്ചാണു നിന്നത്.മല പോലെ വന്നതു ദേ എലി പോലെ പോകുന്നു.

'എടി, അവളെന്താ ദേഷ്യപ്പെടാത്തത്' കൃഷ്ണകുമാർ സരോജയോടു ചോദിച്ചു.

'അത് കൃഷ്ണേട്ടാ, പെൺപിള്ളേരുടെ ജീവിതത്തിൽ രണ്ടു ഘട്ടമുണ്ട്. കല്യാണത്തിനു മുൻപും പിൻപും.രണ്ടും ഭയങ്കര വ്യത്യാസമാണ്.അവൾക്കിപ്പോ അ്പ്പൂനെ കിട്ടി.അവനോടു ഭയങ്കര സ്നേഹമാണ്.ദേ കണ്ടില്ലേ ജ്യൂസ് കൊടുക്കാൻ പോയത്. ഇവിടെ വന്നു സംസാരിച്ചതിൽ 100 വാക്ക് പറഞ്ഞതിൽ തൊണ്ണൂറും

അപ്പു അപ്പൂന്നായിരുന്നു. അപ്പൂനു സാമ്പാർ ഇഷ്ടമാണ്,മല്ലിയില ഇട്ടാൽ മാത്രം. പായസത്തിൽ മധുരം കൂടുതൽ ഇടണം അങ്ങനെയെല്ലാം.

അവനെ അവൾക്കു കിട്ടാൻ വേണ്ടിയാണല്ലോ നമ്മൾ കള്ളം പറഞ്ഞത് അതവളങ്ങു ക്ഷമിച്ചു എന്നു കരുതിയാൽ മതി.' സരോജ തന്റെ തിയറി അവതരിപ്പിച്ചു.

'അത് പോയിന്റാ കേട്ടോ.' പരുക്കൻ ഭാവത്തിന്റെ പ്രതിരൂപമായ കൃഷ്ണകുമാർ അപൂർവമായി മാത്രം ചെയ്യാറുള്ള ഒരു പുഞ്ചിരി സരോജയ്ക്കു നൽകി തിരിഞ്ഞു നടന്നു.

അപ്പു കുട്ടികളോടൊപ്പം വെളിയിൽ നിൽക്കുകയായിരുന്നു.കുട്ടികളെന്നു പറഞ്ഞാൽ അവനു ജീവനാണ്.ഓണക്കാലമായിരുന്നു.മുറ്റത്തുള്ള മാവിൽ കെട്ടിയ ഊഞ്ഞാലിൽ ആടുന്ന കുട്ടികൾക്ക് ഉണ്ടയിട്ടുകൊടുക്കുകയായിരുന്നു അവൻ.മിന്നു എന്ന കുസൃതിക്കാരിയായിരുന്നു ഊഞ്ഞാലിൽ ആടിയത്.

www.kkstories.com

'അപ്പൂ ദേ ജ്യൂസ്' അഞ്ജലി അവന്റെ സമീപമെത്തി ഗ്ലാസ് നീട്ടി.

'എനിക്കു വേണ്ട നീ ത്ന്നെ കുടിച്ചോ.' അവൻ അറുത്തുമുറിച്ചു പറഞ്ഞു

.

'എടുത്തു നിന്റെ തലേലൊഴിക്കും, മര്യാദയ്ക്കു കുടിക്കെടാ. അവന്റെ അടുത്തേക്കു നീങ്ങി നിന്നു സ്വരം താഴ്ത്തി അവൾ പറഞ്ഞു.' അപ്പു വേഗം ഗ്ലാസ് വാങ്ങി. അഞ്ജലി തലയിൽ ഒഴിക്കുമെന്നു പറഞ്ഞാൽ ചിലപ്പോൾ ഒഴിച്ചെന്നിരിക്കും.

'ഗുഡ് ബോയ്...' കൈ അവനു നേരെ ചൂണ്ടി ഒരു വിജയച്ചിരി ചിരിച്ച് അവൾ വീട്ടിലേക്കു നടന്നു.

ഉച്ചകഴിഞ്ഞപ്പോൾ അഞ്ജലിയുടെ മൂത്ത കസിനും അവളുടെ നാട്ടിലെ പ്രധാന ഉപദേഷ്ടാവുമായ ഹർഷിതയും ഭർത്താവ് കിരണും വന്നു. അപ്പുവും കിരണും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അഞ്ജലിയെ വിളിച്ച് ഹർഷിത മുറിയിൽ കയറ്റി.

'ചുന്ദരിപ്പെണ്ണു കൂടുതൽ മിനുങ്ങിയിട്ടുണ്ടല്ലോ.' അവൾ അഞ്ജലിയുടെ കവിളത്തു നുള്ളിക്കൊണ്ടു പറഞ്ഞു.അഞ്ജലി നാണിച്ചു നിന്നു.

www.kkstories.com

'പക്ഷേ നീയിപ്പോളും കന്യകയാണ്.' ഹർഷിത അതു പറഞ്ഞപ്പോൾ അഞ്ജലി ഞെട്ടി. ഇവളിതെങ്ങനെ മനസ്സിലാക്കി.

'നിനക്കെങ്ങനെ മനസ്സിലായി' അഞ്ജലി ചോദിച്ചു.

അഞ്ജ്ജലിയുടെ മാറത്തേക്കു കൈചൂണ്ടി ഹർഷിത പറഞ്ഞു. 'അവിടെ ഒരു ഉടവുമില്ല.പഴേതുപോലെ എടുത്തുപിടിച്ചു നിൽക്കുന്നു.എടീ ഒരാണിന് കന്യകയെ തിരിച്ചറിയാൻ വല്യപാടാണ്.പറ്റില്ലാന്നു തന്നെ പറയാം. പക്ഷേ വിവാഹിതയായ ഒരു സ്ത്രീക്ക് അതു കണ്ടുപിടിക്കാ്ൻ വളരെ എളുപ്പാണ്.'ഹർഷിത പറഞ്ഞു.

'നീ ഒരു വഴി പറഞ്ഞുതാ ഹർഷീ' അഞ്ജലി പറഞ്ഞു.

'പറയാം പക്ഷേ നിങ്ങൾ തമ്മിലുള്ള പ്രശ്നം എന്താന്നു പറ.' ഹർഷിത ആവശ്യപ്പെട്ടു.

തങ്ങളുടെ ഇടയിൽ സംഭവിച്ച കാര്യങ്ങൾ അഞ്ജലി വിസ്തരിച്ചു പറഞ്ഞു. രേഷ്മയെ മുറിയിൽ കടത്തിവിട്ട കാര്യം ഉൾപ്പെടെ.

www.kkstories.com

ഹർഷിത മൂക്കത്തു വിരൽ വച്ചു നിന്നു. 'ഇത്രയും തോന്ന്യാസം ചെയ്തിട്ടു നിന്നോട് അവൻ പിണങ്ങിയതല്ലേയുള്ളൂ. അവനെ പൂവിട്ടു പൂജിക്കണം. എന്റെ കിരണെങ്ങാനുമാരുന്നേൽ കൊലപാതകം നടന്നേനെ.'

'അതു വിട് പറ്റിപ്പോയി. ആ രേഷ്മേടെ മ്ണ്ടത്തരം കേട്ടതാ കുഴപ്പായത്. നീ ഇപ്പോ ഇതിനൊരു പ്രതിവിധി പറ.' അഞ്ജലി പറഞ്ഞു.

'ഡീ അവനു നിന്നോടുള്ള സ്നേഹം ശക്തമാ. പക്ഷേ ഒരു നീരസണ്ട്. അതു മാറിക്കോളും.'

'അതല്ല,മറ്റേതിന് ഒരു വഴി പറ.എനിക്കിനി കാത്തിരിക്കാൻ വയ്യ.' അഞ്ജലി പറഞ്ഞു.

'മറ്റേതോ എന്ത്. ' ഹർഷിത പൊട്ടിയേപ്പോലെ അഭിനയിച്ചു 'തെളിച്ചുപറ പെണ്ണേ'

'ഞാനും അപ്പൂം തമ്മിൽ' അഞ്ജലി നിർത്തി പറഞ്ഞു.

'തമ്മിൽ' ഹർഷിത ചോദിച്ചു.

www.kkstories.com

'പണ്ടാരം..സെക്സ്, പോരേ..' അഞ്ജലി അറുത്തുമുറിച്ചു പറഞ്ഞു.

ഹർഷിത പൊട്ടിച്ചിരിച്ചു.'ഓഹ് അഞ്ജലിക്കുട്ടിക്കു ധൃതിയായല്ലോ.'

'എന്റെ അ്ഞ്ജലി നിന്നേപ്പോലെ ഒരു ബ്യൂട്ടിക്വീൻ ഈ കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ കാണില്ല. ഒറ്റ മാർഗമുണ്ട് ...വശ്യം. അവനെ അങ്ങോട്ടു പ്രലോഭിപ്പിക്കുക. അവിടേം ഇവിടേം ഒക്കെ കാട്ടിയാൽ മതി.ചെക്കൻ വീണോളും'

'നിനക്ക് അറിയാഞ്ഞിട്ടാ അപ്പൂനേ. രേഷ്മ ഫുൾ ന്യൂഡായിട്ടു നിന്നിട്ട് അപ്പു അനങ്ങിയില്ല അറിയോ.' അഞ്ജലി തിരിച്ചുപറ്ഞ്ഞു.

'അത് അവന്റെ ധാർമികത.നിന്നോടുള്ള കമ്മിറ്റ്മെന്റ്. ബട്ട് ഇതു നീയല്ലേ, അവന് അത്തരം ചിന്തയുണ്ടാകില്ല.'

അതു ശരിയാണെന്ന് അഞ്ജലിക്കു തോന്നി.

ഉച്ചഭക്ഷണത്തിനു ശേഷം അൽപമൊന്നുറങ്ങിയ അപ്പു വൈകുന്നേരം അണിമംഗലം തറവാടിന്റെ പരിസരം ചുറ്റാനിറങ്ങി.കൂടെ നേരത്തെ പറഞ്ഞ മിന്നുമോളും. വിസ്തൃതമായ തറവാട്ടുപരിസരമാണ് അണിമംഗലത്തുള്ളത്. പണ്ട് നാടുവാഴികളായിരുന്നു അണിമംഗലത്തുകാർ. പാലക്കാടും ജില്ലയ്ക്കു പുറത്തും അന്നേ കാലത്തു തന്നെ സ്വത്തുവകകൾ വാങ്ങിക്കൂട്ടിയിട്ടുണ്ടായിരുന്നു തറവാട്.

www.kkstories.com

'അങ്കിളേ അങ്കിളിനു തൂക്കണാംകുരുവിയുടെ കൂട് കാണണോ' മിന്നുമോൾ ചോദിച്ചു.

'ആഹാ കണ്ടേക്കാം. എവിടെയുണ്ട്.'

'ദാ ആ തൊടിയിൽ' അവൾ പറഞ്ഞു.

അപ്പുവും മിന്നുമോളും തൊടിയിലേക്കു നടന്നു.അവിടെ ഒരാൾപ്പൊക്കത്തിൽ വളർന്ന മാവിനു ചുവട്ടിൽ അഞ്ജലി നിൽപ്പുണ്ടായിരുന്നു. ചുവന്ന ദാവണിയും അതേ കളർ ബ്ലൗസും വെളുത്ത ഹാഫ് സാരിയുമായിരുന്നു അവളുടെ വേഷം.സാധാരണ ഉടുക്കുന്നതിൽ നിന്നു വ്യത്യാസമുണ്ടായിരുന്നു അവളുടെ സാരിയുടുപ്പ്.മനോഹരമായ വയറിനു താഴെയായിരുന്നു അവൾ ദാവണി ധരിച്ചിരുന്നത്. അവളുടെ അണിവയർ അവനു കാണാമായിരുന്നു.

'മിന്നുമോളേ' അവളുടെ അമ്മ എവിടെ നിന്നോ വിളിച്ചു.

'ദേ വർണൂ...'അവൾ തിരിഞ്ഞോടി. അഞ്ജലിയെ കണ്ട അപ്പുവും തിരിയാനൊരുങ്ങി.

www.kkstories.com

'അപ്പൂ ഒന്നിവിടം വരെ വന്നേ..' അഞ്ജലി അവനെ കൈകാട്ടി വിളിച്ചു.

'എന്താ,' ഈർഷ്യയോടെ അപ്പു ചോദിച്ചു. ഏതായാലും അവൻ മാവിൻചുവട്ടിലേക്കു വന്നു.

'ദാ ആ മാമ്പഴം കണ്ടോ, അതെനിക്കു പറിച്ചുതാ...: അവൾ കൊഞ്ചിക്കൊണ്ടു പറഞ്ഞു.

ആ മാവിന്റെ ഉയരമുള്ള ചില്ലയിൽ ഒരു മാമ്പഴം നിൽക്കുന്നുണ്ടായിരുന്നു. കൈയെത്തി പറിക്കാവുന്നതിലും ഉയരത്തിൽ.

അപ്പു ഒന്നു രണ്ടു തവണ ചാടി നോക്കി. കൈയെത്തുന്നില്ല.

'തോട്ടി എടുത്തു വാ കൈയെത്തി പറിക്കാൻ പറ്റുന്നീല.' അ്പ്പു അഞ്ജലിയോടു പറഞ്ഞു.

'തോട്ടി ഒക്കെ എവിടാണോ എന്തോ. അപ്പു ഒരു കാര്യം ചെയ്യാമോ എന്നെ എടുത്ത് പൊക്കാമോ. ഞാൻ പറിച്ചോളാം.'

www.kkstories.com

അപ്പു ഒന്നു സങ്കോചിച്ചു നിന്നു,അഞ്ജലി അപ്പുവിനു മുന്നിൽ പോയി തിരിഞ്ഞു നിന്നു.

'പൊക്ക് പൊക്ക'് ദാവണി അൽപം ഉയർത്തി അവൾ പറഞ്ഞു.

അപ്പു അവളുടെ പിന്നാലെ ചെന്ന് അവളെ അരയിലൂടെ പിടിച്ചു.അപ്പുവിന്റെ കൈത്തലം അവളുടെ അരക്കെട്ടിൽ അമർന്നപ്പോൾ അവൾക്കു ഷോക്കടിച്ച പോലെ തോന്നി.

അവൻ മെല്ലെ അവളെ എടുത്തുയർത്തി.

'കുറച്ചൂടി കുറച്ചൂടി' അഞ്ജലി വിളിച്ചു പറഞ്ഞു.മാമ്പഴത്തിന്റെ അടുക്കൽ കൈയെത്തുന്നുണ്ടായിരുന്നില്ല.അവൻ കുറച്ചുകൂടി അവളെ മേലോട്ടുയർത്തി. അവളുടെ തംബുരുവിന്റെ കുടം പോലെ വിടർന്നുരുണ്ട നിതംബങ്ങൾ അവന്റെ നെഞ്ചോളമെത്തി.

'ഇനിയും പൊക്ക് അപ്പൂ, കൈയത്തുന്നില്ല.' അഞ്ജലി വിളിച്ചു പറഞ്ഞു.

www.kkstories.com

അപ്പു കുറച്ചുകൂടി അവളെ ഉയർത്തി.അവളുടെ പൊൻനിതംബങ്ങൾ അവന്റെ മുഖത്തേക്കമർന്നു. അതിന്റെ മാർദ്ദവം അവന്റെ മുഖം ആദ്യമായി അനുഭവിച്ചു. അപ്പുവിന്റെ ശരീരമാകെ ചൂടുപിടിച്ചു.

സ്വർഗീയമായ ഒരനുഭൂതി അപ്പു ആസ്വദിച്ചു.അവളുടെ ശരീരത്തെ പൊതിഞ്ഞു നിന്ന എസ്റ്റീ ലോഡർ പേർഫുമിന്റെ ഗന്ധം അവനെ ഉന്മതനാക്കി

ഓ പറ്റണില്ലല്ലോ. കുറേക്കൂടി എന്തിവലിഞ്ഞ് മാമ്പഴം പറിക്കാൻ നോക്കുകയായിരുന്നു അഞ്ജലി.അ ശ്രമത്തിൽ അവളുടെ നിതംബ പന്തുകൾ അവന്റെ മുഖത്ത് കിടന്നു ഉരഞ്ഞു.

അപ്പു വികാര വിവശനായി മാറി.അവന് ലൈംഗിക വികാരം ഉണർന്നു.

അവളുടെ ഉരുളൻ നിതംബങ്ങളിലേക്ക് അവൻ മുഖം അറിയാതെ ചേർത്തു.

തന്റെ നിതംബം അപ്പുവിൻറെ മുഖത്തേക്ക് അമരുന്നത് അഞ്ജലി അറിഞ്ഞു.അവളുടെ ഉള്ളിൽ വികാരങ്ങൾ കുത്തി ഒഴുകി.

'ശോ പറ്റുന്നില്ല കേട്ടോ ,അഞ്ജലി പറഞ്ഞു. അപ്പു അവളെ താഴെ നിർത്തി.

"ഒരു കാര്യം ചെയ്യാമോ, നീ എന്നെ നേരെ എടുത്ത് പൊക്ക്.പിന്നിൽ കൂടി പിടിച്ചിട്ടു പൊക്കിയത് കൊണ്ടാ പറിക്കാൻ പറ്റാതെ പോയത്." അഞ്ജലി പറഞ്ഞു.

ഇത് വല്ലാത്ത പരീക്ഷണം ആണല്ലോ, അപ്പു മനസ്സിൽ ഓർത്തു.

www.kkstories.com

അഞ്ജലി നേർക്ക് നേരെ നിന്നു.അപ്പു അവളുടെ നിതംബങ്ങൾ കൈകൾ കൊണ്ട് പിടിച്ചിട്ടു പയ്യെ ഉയർത്തി.അവളുടെ വലിയ മാറിടങ്ങൾ അവന്റെ മുഖത്ത് തട്ടി നിന്നു.അവൻ അവളെ മെല്ലെ ഉയർത്തി.

ആ ഉയർത്തലിൽ അഞ്ജലിയുടെ ഹാഫ് സാരി തെന്നി മാറി.അവളുടെ വയർ നഗ്നമായി.കുഴിഞ്ഞ ആഴമുള്ള അവളുടെ പൊക്കിൾ കൊടി അവന്റെ മുഖത്ത് മുട്ടി.അവ ൾ ഏന്തി വലിഞ്ഞ് മാങ്ങ പറിക്കാനായി നോക്കി. അവളുടെ പൊക്കിൾ അവന്റെ ചുണ്ടിലുരഞ്ഞു.അവളുടെ പാൽനിരമുള്ള വെളുത്ത അരയിൽ കിടക്കുന്ന പൊന്നരഞ്ഞാണത്തിൽ അവന്റെ ശ്രദ്ധ ഉടക്കി.

"കിട്ടി " , ആഹ്ലാദത്തോടെ അവൾ വിളിച്ചു പറഞ്ഞു. അവൾ മാമ്പഴം പറിച്ചു കഴിഞ്ഞിരുന്നു.

അവൻ അവളെ താഴെ നിർത്തി.വികാരത്തള്ളലിൽ അവന്റെ പൗരുഷം ഉണർന്നു കഴിഞ്ഞിരുന്നു.അവൻ തല താഴ്ത്തി നിന്നു.

"അപ്പൂ " അഞ്ജലി അവന്റെ മുഖത്ത് തന്റെ കൈകൊണ്ട് തൊട്ടു നോക്കിയിട്ട് വിളിച്ചു. "ഉമ്മാ", അവന്റെ ചുണ്ടത്ത് ഒരു ചുടുചുംബനം നൽകിയിട്ട് അവള് ഓടിപ്പോയി.അവളുടെ തുള്ളിത്തെറിക്കുന്ന വിടർന്ന നിതംബങ്ങൾ നോക്കി അപ്പു സ്തബ്ധനായി നിന്നു.

അപ്പുവിന്റെ പ്രതിരോധ കോട്ടകൾ ഇടിഞ്ഞു വീണു കൊണ്ടിരുന്നു.താൻ സ്നേഹിക്കുന്ന ഒരു പയ്യൻ ഒരു പെണ്ണിനോട് ഒരു കുറ്റം ചെയ്താൽ ജീവിതകാലം മുഴുവൻ അത് ഓർത്തിരിക്കനും അവനോട് വിരോധം പുലർത്താനും ഒരു പെണ്ണിന് കഴിയും.പക്ഷേ ഒരു ആണിന് അത് കഴികയില്ല.താൻ സ്നേഹിക്കുന്ന പെൺകുട്ടി തനിക്ക് വേദന മാത്രം തന്നാലും അവന് തിരിച്ച് സ്നേഹിക്കാതെ ഇരിക്കാൻ കഴിയില്ല.

www.kkstories.com

രാത്രി അപ്പുവും അഞ്ജലിയും തനിച്ചായിരുന്നു.വീട്ടുകാർ ഏതോ ചടങ്ങിനായി പുറത്തു പോയിരുന്നു.

'അപ്പൂ ഭക്ഷണം കഴിക്കാൻ വരൂ,  അഞ്ജലി വിളിച്ചപ്പോൾ അപ്പു ഡൈനിങ് ഹാളിലെ വലിയ തീൻമേശയിൽ ഇരുന്നു.

അഞ്ജലി ഭക്ഷണവുമായി വന്നു.ഒരു ചുവന്ന നേർത്ത സാരിയായിരുന്ന് അവളുടെ വേഷം.വയറിന് ഒരുപാട് താഴെ ആയിരുന്നു അവൾ സാരി ധരിച്ചിരുന്നത്.

അപ്പുവിന്റെ പ്ലേറ്റിലേക്ക് ഭക്ഷണം എടുത്ത് വയ്ക്കുന്നതിനിടെ അവളുടെ സാരി തെന്നി അകന്നു മാറി.അഞ്ജലിയുടെ സ്വർഗീയമായ അണിവയറും അതിലെ മനോഹരമായ പൊക്കിളും അവന്റെ മുന്നിൽ ദൃശ്യമായി.അപ്പു വീണ്ടും പ്രകമ്പിതനായി ഇരുന്നു.

'അല്ല അഞ്ജലി എന്താ ഇങ്ങനെ തമന്നയെ പോലെ. ' അവൻ ചോദിച്ചു.

തമന്നയെ പോലെയോ, ഞാൻ കാജൽ അഗർവാളിനെ പോലെ ആണെന്നാണല്ലോ എല്ലാവരും പറയുന്നത്, അഞ്ജലി ചിരിച്ചു കൊണ്ട് പറഞ്ഞു.

www.kkstories.com

സത്യമായിരുന്നു, കാജൽ അഗർവാളിന്റെ അതേ ലുക് ആയിരുന്നു അഞ്ജലിക്കുണ്ടായിരുന്നത്.

അതല്ല തമന്നയെ പോലെ പൊക്കിളും കാട്ടി നടക്കുവാണല്ലോ ഇന്നലെ മുതൽ ഞാൻ ശ്രദ്ധിക്കുന്നു -അപ്പു പറഞ്ഞു.

'വേറെ ആർടേം മുന്നിൽ അല്ലല്ലോ എന്റെ ചെക്കന്റെ മുന്നിൽ അല്ലേ, ഞാൻ പൊക്കിളും കാട്ടും വേറെ പലതും കാട്ടും' അവൾ പറഞ്ഞു.

അവൾ ഉദ്ദേശിച്ചു തന്നെയാണെന്ന് അപ്പുവിനു മനസ്സിലായി.പെട്ടെന്ന് അവൾക്ക് പിടി കൊടുക്കില്ലെന്ന് അവൻ തീരുമാനിച്ചു.

അന്നു രാത്രിയും കടന്നു.

പിറ്റേന്ന്, മുറിയിൽ മൊബൈലിൽ കുത്തിക്കളിച്ച്കൊണ്ടിരുന്ന അപ്പുവിന്റെ സമീപം അഞ്ജലി എത്തി.കയ്യിൽ ഒരു ബത് ടവ്വൽ ഉണ്ടായിരുന്നു.

'ദെ. അപ്പൂ ഞാൻ കുളിക്കാൻ പോകുവാണ് ,. അവൾ അവനോട് പറഞ്ഞു.

www.kkstories.com

'ഞാൻ ചോദിച്ചില്ല , അവൻ ഗൗരവത്തിൽ പറഞ്ഞു.

'പോടാ പൊട്ടാ, ' അവന്റെ തലയിൽ ഒരടി അടിച്ച് കവിളിൽ ഒരു നുള്ളും കൊടുത്ത് അവൾ മുന്നോട്ട് നടന്നു.അവൻ ഇഷ്ടക്കേട് കാട്ടി മൊബൈലിൽ തന്നെ നോക്കിയിരുന്നു.

അഞ്ജലി കുളിച്ച് കൊണ്ടിരിക്കെ കൃഷ്ണകുമാർ മുറിയിലേക്ക് വന്നു.

അമ്മായിയച്ചനെ കണ്ട് അപ്പു എഴുന്നേറ്റു.

'നീ ഇരിക്ക്, കസേര വലിച്ചിട്ട് കൃഷ്ണകുമാർ പറഞ്ഞു.

'അപ്പൂ, ഇത് പിടിക്കൂ, കുറെ ഡോക്യുമെന്റ്സ് അവന്റെ കയ്യിൽ ഏല്പിച്ചു കൃഷ്ണകുമാർ പറഞ്ഞു.

'എന്തൊക്കെയാണ് ഇത് അങ്കിളേ ?,അവൻ ചോദിച്ചു.

അണിമംഗലത്തെ സ്വത്തുക്കൾ, ഇനി നീ ആണ് എല്ലാത്തിനും അവകാശി - അയാൾ പറഞ്ഞു.

www.kkstories.com

അപ്പു തരിച്ചു നിന്നു.

കുറച്ച് നാൾ കൂടി കഴിഞ്ഞ് ഇതൊക്കെ കൈമാറ്റം ചെയ്യാമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ എന്റെ മകൾ നിന്റെയൊപ്പം എത്ര സന്തോഷത്തോടെയാണ് നിൽക്കുന്നത്. അവളെ ഞങ്ങൾ ആരും ഇങ്ങനെ കണ്ടിട്ടില്ല, താങ്ക്സ് അപ്പൂ, അവളുടെ സ്നേഹം പിടിച്ച് വാങ്ങിയെടുത്തതിന്.അയാൾ അവന്റെ തോളിൽ കൈവച്ചു.

അപ്പൂ, ഒന്നിങ്ങു വരൂ, എന്റെ പുറത്ത് സോപ്പ് തേച്ച് തരൂ -കൃഷ്ണകുമാർ മുറിയിൽ ഉള്ളത് അറിയാതെ അഞ്ജലി ബാത് റൂമിൽ നിന്ന് വിളിച്ചു പറഞ്ഞു.അപ്പു നാണിച്ചു പോയി.

കൃഷ്ണകുമാറിന്റെ മുഖത്ത് ഒരു ചെറു ചിരി വിരിഞ്ഞു. 'ഞാൻ പോകുന്നു. ' അയാൾ പറഞ്ഞിട്ട് ധൃതിയിൽ പുറത്തേക്ക് പോയി.

അപ്പുവിന്റെ ഉള്ളിൽ വീണ്ടും അമർഷം ആയി.അവൻ പോകാനൊന്നും പോയില്ല.

കുറച്ച് കഴിഞ്ഞപ്പോൾ അഞ്ജലി കുളി കഴിഞ്ഞ് വെളിയിലേക്കിറങ്ങി.

ഒരു കടും നീലക്കളർ ചുരിദാറും വെള്ള ലെഗ്ഗിൻസും ആയിരുന്നു അവളുടെ വേഷം.അവളുടെ ദേഹത്ത് നിന്നും തണുപ്പിക്കുന്ന സുഗന്ധം മുറിയാകെ പറന്നു.

അവൾ ദേഷ്യത്തോടെ അപ്പുവിന് സമീപം എത്തി.അവൻ നോക്കിക്കൊണ്ടിരുന്ന മൊബൈൽ പിടിച്ച് വാങ്ങി കട്ടിലിലേക്ക് എറിഞ്ഞു.

www.kkstories.com

'നീയെന്താ എനിക്ക് സോപ്പ് പുരട്ടിത്തരാൻ വരാതിരുന്നത്. 'അവന്റെ കോളറിൽ പിടുത്തമിട്ടു കൃത്രിമ ദേഷ്യം അഭിനയിച്ച് അവൾ ചോദിച്ചു.

'പിന്നെ എനിക്ക് എല്ലാരേം കുളിപ്പിക്കലല്ലേ ജോലി. 'അവൻ നിസ്സംഗതയോടെ പറഞ്ഞു.

'എല്ലാരെയും കുളിപ്പിക്കാൻ പോയാൽ നിന്നെ കൊല്ലും ഞാൻ. ബട്ട് എന്നെ കുളിപ്പിക്കാൻ വിളിച്ചാൽ വന്നു കുളിപ്പിച്ചേക്കണം .അതിനാണ് നിന്നെ എനിക്ക് കെട്ടിച്ച് തന്നേക്കുന്നത് കേട്ടോ പൊട്ടാ. ' മാറിൽ കൈകൾ പിണച്ച് കൃത്രിമമായ അഹങ്കാരം കാട്ടിയുള്ള അവളുടെ വർത്തമാനത്തിൽ മനോഹരമായ ഭാവം ഉണ്ടായിരുന്നു.

'അയ്യട കൃഷ്ണങ്കിൾ ഇവിടെ ഇരുന്നപ്പോഴാ പുറത്ത് സോപ്പ് തേക്കാൻ വിളിച്ചത്.' അപ്പു പറഞ്ഞു.

'അച്ഛനോ, ശ്ശോ അച്ഛൻ കേട്ടോ : അബദ്ധം പറ്റിയതിന്റെ വൈക്ലബ്യത്തിൽ തന്റെ പൂവ് പോലെയുള്ള വെളുത്ത വിരലുകൾ കടിച്ച് അഞ്ജലി ചോദിച്ചു.

'കേൾക്കാതിരിക്കാൻ അദ്ദേഹത്തിന് ചെവിക്ക് കുഴപ്പം ഒന്നും ഇല്ലല്ലോ.കേട്ട് ഒരു ചിരിയും ചിരിച്ചു പോയി. '

അപ്പു പറഞ്ഞു.

www.kkstories.com

'ശ്ശോ, അച്ഛൻ എന്തിനാ വന്നേ ? 'അവൾ ചോദിച്ചു.

'മേശയിൽ ഇരിക്കുന്ന ഡോക്യുമെന്റ്സ് ചൂണ്ടിക്കാട്ടി അവൻ പറഞ്ഞു. അങ്കിൾ അണിമംഗലത്തെ സ്വത്തുക്കൾക്കെല്ലാം അനന്തരാവകാശിയായിട്ട് എന്നെ പ്രഖ്യാപിച്ചു. ' അപ്പു പറഞ്ഞു.

'കോളടിച്ചല്ലോ, എണ്ണിതീർക്കാൻ പറ്റാത്ത സ്വത്തും എന്നെ പോലെ ഒരു സുന്ദരിക്കുട്ടി ഭാര്യയും. എന്റെ അപ്പുമോന് ഇനി എന്ത് വേണം.?.. ' അവൾ മുടി ചീകുന്നതിനിടയിൽ ചോദിച്ചു.

അയ്യടാ അപ്പു പറഞ്ഞു.

ങ്ഹേ, അഞ്ജലി മുഖം വെട്ടിച്ച് തിരിഞ്ഞ് അപ്പുവെ നോക്കി.അതെന്താ ഞാൻ സുന്ദരി അല്ലാന്നുണ്ടോ. അവള് ചോദിച്ചു.

അപ്പു ഉത്തരം പറഞ്ഞില്ല.

എന്താ ഉത്തരം പറയാത്തത് അവൽ വീണ്ടും ചോദിച്ചു.

സുന്ദരി ഒക്കെയായ, അതിസുന്ദരി. സ്വഭാവവും കൂടി നന്നായാൽ മതിയാരുന്നു അവൻ പറഞ്ഞു.

അത് അഞ്ജലി പറഞ്ഞിട്ട് മുടി ചീകൽ തുടർന്നു.നീണ്ട ഇടതൂർന്ന ചെമ്പൻ മുടി.അഞ്ജലിയെ ഒറ്റ നോട്ടത്തിൽ കണ്ടാൽ ഒരു മലയാളി പെൺകൊടി ആണെന്ന് പറയില്ല. പഞ്ചാബി അല്ലെങ്കിൽ കശ്മീരി.ഒരു ഉത്തരേന്ത്യൻ ലൂക് ആനവൾക്ക്.മാലാഖയെ പോലുള്ള ഒരു അതീവ സുന്ദരി.

www.kkstories.com

'അല്ല, അഞ്ജലിക്ക് വിരോധം ഒന്നുമില്ലേ? ' അപ്പു ചോദിച്ചു.

എന്തിന്? അവൾ തിരിച്ച് ചോദിച്ചു.

'സ്വത്തിനെല്ലാം എന്നെ അനന്തരാവകാശി ആക്കിയതിന്. ' അപ്പു ചോദിച്ചു.

അഞ്ജലി അവനു സമീപം വന്നു.

'എനിക്ക് എന്ത് വിരോധം?.വഴിയേ പോയവർക്കൊന്നുമല്ലല്ലോ , എന്റെ ചക്കരയ്ക്കല്ലേ തന്നത്.എന്റെയും എന്റെ സ്വത്തുക്കളുടെയും അവകാശി നീ അല്ലാതെ പിന്നെ ആരാ? ഐ ലവ് യൂ സോ മച്ച് കണ്ണാ, നീ അല്ലാതെ എനിക്കൊരു സ്വത്തും വേണ്ട. ' വികാരാധീനനായി അഞ്ജലി അവന്റെ മുഖം പിടിച്ചുയർത്തി തെരു തെരെ ചുംബിച്ചു.

പെണ്ണിന്റെ പ്രണയം എന്നാൽ എന്താണെന്ന് മനസ്സിലാക്കുകയായിരുന്നു അപ്പു.

ആയിരം കാൽക്കുലേഷനുമായി ജീവിച്ച അഞ്ജലി മാഞ്ഞു മറഞ്ഞിരുന്നു. ഇന്നവൾക്ക് ഒന്നിനെ പറ്റിയും ചിന്തയില്ല. ശരീരത്തിലെ ഓരോ കോശവും തുടിച്ചത് അപ്പുവിന് വേണ്ടിയായിരുന്നു.

അവളുടെ അപ്പുവിന് വേണ്ടി മാത്രം.

www.kkstories.com

അപ്പുവിന്റെ ഉള്ളിൽ അവളുടെ വാക്കുകൾ കുളിര് കോരിയിട്ടു.എന്നാൽ തന്റെ ധാർഷ്ട്യം അങ്ങനെ അടിയറ വയ്ക്കാൻ അവന് കഴിയുമായിരുന്നില്ല.

'അതൊക്കെ ശരി, ബട്ട് ഇങ്ങനെ ഉമ്മ ഒന്നും വെക്കേണ്ട.അതിനു സമയമാകുമ്പോൾ പറയാം : അപ്പു അറുത്തു മുറിച്ച് പറഞ്ഞു.

' ആണോ ? എങ്കിൽ ഉമ്മ വയ്ക്കുന്നില്ല.

പകരം നിന്നെ അങ്ങ് കടിച്ചു കൊല്ലും. '

അവന്റെ കവിളിൽ തന്റെ ദന്തക്ഷതങ്ങൾ ഏൽപ്പിച്ച് കൊണ്ട് അഞ്ജലി പറഞ്ഞു.

'അയ്യോ വേദനിച്ചേ : അപ്പു ബഹളം വെച്ചു. പൊട്ടിച്ചിരിച്ചു കൊണ്ട് അഞ്ജലി മുറിയിൽ നിന്ന് ഓടി.

'നിൽക്കെടി അവിടെ, ' അപ്പു അവളുടെ പിന്നാലെ കുതിച്ചു , ചെന്ന് നിന്നത് കൃഷ്ണകുമാറിന്റെ സരോജയുടെയും മുന്നിൽ.

'എന്താ മോനെ ഓടുന്നെ : സരോജ കള്ളച്ചിരിയോടെ ചോദിച്ചു.

'ഒരു എലി ആന്റി : . ദെ ഇത് വഴി പോയി. അപ്പു വീണിടത്ത് കിടന്നു ഉരുണ്ടു.

'ഉം, ആ എലി കടിച്ചതാണോ നിന്റെ കവിളത്ത് എന്തോ തിണർത്തു കിടക്കുന്നു. ' കൃഷ്ണകുമാർ ചോദിച്ചു.

www.kkstories.com

അപ്പു കവിളിൽ കൈ തൊട്ടു.അവന് നാണമായി.

'ഞങ്ങളുടെ ഒന്നും കാലത്ത് തറവാട്ടിൽ എലി ഇല്ലാത്തോണ്ട് കടിയും കിട്ടിയില്ല, ഓടാനും പറ്റിയില്ല.സോ മിസ്സിങ്. 'കൃഷ്ണകുമാർ കുലുങ്ങി ചിരിച്ച് കൊണ്ട് പറഞ്ഞു.

കേരള മുഖ്യമന്ത്രി തോറ്റുപോകുന്ന കടുകട്ടി മനുഷ്യനായ തന്റെ ഭർത്താവ് ഒരു തമാശ പറഞ്ഞത് കേട്ട് സരോജ മൂക്കത്ത് വിരൽ വച്ചു. ഈ മനുഷ്യന് തമാശ ഒക്കെ പറയാൻ അറിയാമോ, അവർ ആത്മഗതം ചെയ്തു.

വൈകുന്നേരം അഞ്ജലിയുടെ കസിൻസും മറ്റു ബന്ധുക്കളുമുൾപ്പെടെ വലിയ ഒരു സംഘം അണിമംഗലം തറവാട്ടിൽ എത്തി.

നേരത്തെ പറഞ്ഞ അവളുടെ മൂത്ത കസിൻമാരായ ഹർഷിത, ദിവ്യ അവരുടെ ഭർത്താക്കന്മാർ കിരൺ, ജീവൻ, കസിൻ സഹോദരന്മാരായ നന്ദു, ശ്യാം അവളെക്കാൾ ഇളയ കസിൻമാരായ നിത്യ, മീര, ജൻവി, ഋതു അങ്ങനെ കുറെപേർ.

എല്ലാവരും ഭക്ഷണം കഴിഞ്ഞ് തറവാട്ടിലെ വിശാലമായ നാലുകെട്ടിന്റെ മുറ്റത്ത് ഒത്തുകൂടി.

പെട്ടന്ന് കമ്പനി ആകുന്ന സ്വഭാവം ആയതിനാൽ അപ്പു എല്ലാവരുമായി കൂട്ടായി.ഓരോരോ കാര്യങ്ങൾ പറഞ്ഞ് അവരെല്ലാം അവിടെ സംസാരിച്ചിരുന്നു.

നിത്യ ഒരു പാട്ടു പാടി.ഒരു ഹിന്ദി പാട്ട് ആയിരുന്നു അത്.പാട്ട് കഴിഞ്ഞപ്പോൾ എല്ലാവരും കൈയടിച്ച് പ്രോത്സാഹിപ്പിച്ചു.

'അഞ്ജലി ഒരു പാട്ട് പാടണം.. ' ദിവ്യ ആവശ്യപ്പെട്ടപ്പോൾ എല്ലാവരും കൈയടിച്ച് പ്രമേയം പാസാക്കി..

'ങ്ഹേ അഞ്ജലി പാട്ടൊക്കെ പാടുമോ, ' അപ്പു അടുത്തിരുന്ന ഋഷിയോട് ചോദിച്ചു.

'അപ്പുവേട്ടന് അറിയില്ല അല്ലേ ?, പണ്ട് സ്കൂളിൽ ഒക്കെ പഠിക്കുമ്പോൾ കലോത്സവത്തിൽ പാട്ടിന് ഫസ്റ്റ് ആയിരുന്നു അഞ്ജലി ചേച്ചി.പിന്നെ കോളേജിൽ ആയതിനു ശേഷം പാടി കേട്ടിട്ടില്ല :

ഋഷി അപ്പുവിനോടു പറഞ്ഞു.അപ്പുവിന് പുതിയ അറിവായിരുന്നു അത്.

www.kkstories.com

'കമോൺ കമോൻ അഞ്ജലി . ' എല്ലാവരും കൈയടിച്ച് അവളെ ക്ഷണിച്ചു.സാധാരണ ഇതിൽ നിന്നെല്ലാം വിട്ടു നിൽക്കുന്ന കൃഷ്ണകുമാർ വരെ കൈയടിച്ചു.

ഒടുവിൽ എല്ലാവരുടെയും നിർബന്ധത്തിന് വഴങ്ങി അഞ്ജലി പാടി.വർഷങ്ങൾക്ക് ശേഷം. ആ പാട്ട് പക്ഷേ അവളുടെ അപ്പുവിന് മാത്രം ഉള്ളതായിരുന്നു.

എത്രയോ ജന്മമായ് നിന്നെ ഞാൻ തേടുന്നു.

അത്രമേൽ ഇഷ്ടമായ് നിന്നെയെൻ പുണ്യമേ

ദൂരതീരങ്ങളും ശ്യാമമേഘങ്ങളും സാക്ഷികൾ......

www.kkstories.com

പ്രണയാതുരമായ ആ വരികൾ അവൾ പാടുമ്പോൾ അപ്പു അഞ്ജലിയെ നോക്കി.പ്രണയത്തിന്റെ എല്ലാ ഭംഗിയും വിടർന്ന അവളുടെ മുഖം.കാതരമായ അവളുടെ മിഴികൾ അവനെ ഉറ്റു നോക്കി ഇരുന്നു. അവളുടെ മുഖത്ത് സ്വർഗീയമായ പുഞ്ചിരി വിടർന്നു നിന്നു.

അപ്പൂ, എന്നിലേക്ക് വരൂ, അലിഞ്ഞു ചേരു, എന്നെ പൂർണതയുള്ളവളാക്കൂ,

ആരുമറിയാതെ അവളുടെ അന്ത രംഗം കൂടെപ്പാടി.

അഞ്ജലിയുടെ പാട്ടിൽ ലയിച്ചിരുന്നു അപ്പു.എത്ര മനോഹരമായാണ് അവൾ പാടുന്നത്.ഇങ്ങനെ ഒരു കഴിവ് അവൾക്കുണ്ടെന്ന് അവനു ഒരിക്കലും അറിയില്ലായിരുന്നു.
പുറത്ത് ഒരു തട്ടു കിട്ടിയപ്പോളാണ് അവൻ തിരിഞ്ഞു നോക്കിയത്.അഞ്ജലിയുടെ കസിൻ സഹോദരിമാരുടെ ഭർത്താക്കൻമാരായ കിരണേട്ടനും ജീവനേട്ടനുമായിരുന്നു അത്.
'എടാ അപ്പു, ഇവിടെ പാട്ടുകേട്ടിരിക്കാതെ ഇങ്ങട് വരൂ, ഒരു സാധനം തരാം' കിരണേട്ടൻ പറഞ്ഞു.
'എന്താണ് ഏട്ടാ അപ്പു?' തിരിച്ചു ചോദിച്ചു,.
'ഇങ്ങട് വാ നീയ്' അവർ അവനെ നിർബന്ധിച്ച് തറവാടിനെ പിൻവശത്തെ തോട്ടത്തിലേക്കു കൊണ്ടുപോയി.
അവിടെ ഒരു ചെറിയ മദ്യപാന സെറ്റപ്പ് ഒരുക്കിയിട്ടുണ്ടായിരുന്നു.ടീപ്പോയിൽ ജാക്ക് ഡാനിയൽസിന്റെയും സിംഗിൾ മാർട്ടിന്റെയും ഓരോ കുപ്പികൾ.വഴുതനങ്ങ ചെറുതായി വട്ടത്തിൽ അരിഞ്ഞു മൊരിച്ചെടുത്തതും വെജിറ്റബിൾ സാലഡും ടച്ചിങ്സ്.കൃഷ്ണകുമാർ അവിടെ ഒരു സിഗരറ്റ് വലിച്ചുകൊണ്ടിരിപ്പുണ്ടായിരുന്നു.പതിവില്ലാത്തവിധത്തിൽ ഈയിടെയായി സന്തോഷവാനായിരുന്നു അദ്ദേഹം.

'കള്ളുകുടിയാണോ' അപ്പു കിരണിനോടു ചോദിച്ചു.
'ഉവ്വ്, നീ കുടിക്കാറില്ലേ..' കിരൺ തിരിച്ചു ചോദിച്ചു.
'ന്യൂ ഇയറിനെങ്ങാനും ഒരു ബോട്ടിൽ ബീയർ അടിക്കാറുണ്ട്, ഹോട്ട് ഇതു വരെയില്ല.'അപ്പു പറഞ്ഞു.
അപ്പോളാണ് അവൻ കൃഷ്ണകുമാറിനെ കണ്ടത്.

kkstories.com

'അയ്യോ അങ്കിൾ ഞാൻ പോട്ടെ.' അപ്പു പറഞ്ഞു.
'പേടിക്കാതെടാ,കൃഷ്ണമാമ നല്ല കമ്പനിയാ.അദ്ദേഹം പറഞ്ഞിട്ടാണു നിന്നെ ഇപ്പോ വിളിച്ചുകൊണ്ടു വന്നത്.' ജീവൻ പറഞ്ഞു.

'അപ്പുമോൻ വരൂ, ഇരിക്കൂ 'കൃഷ്ണകുമാർ അവനെ നിറചിരിയോടെ ക്ഷണിച്ചു. ആദ്യമായാണ് ഇദ്ദേഹം തന്നെ മോനെന്നൊക്കെ വിളിക്കുന്നത്. അപ്പുവിന് എന്തോ സന്തോഷവും അതേ സമയം ഇങ്ങനെ ഒരു സദസ്സിൽ ഭാര്യാപിതാവിനൊപ്പമിരിക്കാൻ ജാള്യതയും തോന്നി.എങ്കിലും അവൻ അവിടെയിരുന്നു.
്
ഒരു ഗ്ലാസിൽ ജാക്ക് ഡാനിയൽസ് നിറച്ചു ഐസ് ക്യൂബുകളിട്ടു ജീവൻ അവനു നൽകി. അപ്പു അൽപം വിമ്മിഷ്ടത്തോടെ ഗ്ലാസിൽ നോക്കിയിരുന്നു.

'പെട്ടെന്നു കഴിക്കടാ, ആ സരോജയെങ്ങാനും വന്നു കണ്ടാൽ നിനക്കു മദ്യം തന്നെന്നു പറഞ്ഞ് എന്നെ കൊന്നു കൊലവിളിക്കും' കൃഷ്ണകുമാർ അപ്പുവിനെ ഓർമ്മിപ്പിച്ചു.

അപ്പു നേരിയ ചിരിയോടെ മദ്യം ഒരിറക്കു കഴിച്ചു.അവൻ കഷ്ടപ്പെട്ടു ഒരു ഗ്ലാസ് കഴിഞ്ഞപ്പോഴേക്കും മറ്റുള്ളവർ മൂന്നാലെണ്ണം കഴിഞ്ഞിരുന്നു.എല്ലാം നല്ല കീറു ടീമുകളാണെന്ന് അപ്പുവിന് മനസ്സിലായി.

'എന്തായാലും അപ്പുവിനെ സമ്മതിക്കണം.' ചിരിയോടെ കിരൺ പറഞ്ഞു.'അഞ്ജലിയെ ഇങ്ങനെ മാറ്റിയെടുക്കാൻ സാധിച്ചല്ലോ.ടെറർ സ്വഭാവമായിരുന്നു ഇപ്പോ മാടപ്രാവായി.'

'അതേ അതേ. നിനക്കു ഒരു മെഡൽ തരേണം' ജീവനും തമാശയോടെ ആ അഭിപ്രായത്തെ പിന്താങ്ങി.

കൃഷ്ണകുമാർ അതു കേട്ടു പൊട്ടിച്ചിരിച്ചു. അയാൾ ഗ്ലാസ് കൈയിലെടുത്തുകൊണ്ടു പയ്യെ എഴുന്നേറ്റു.
'സത്യം....' അയാൾ പറഞ്ഞു.
'അവളെ സ്നേഹിക്കാനൊന്നും ഒരു കാലത്തും എനിക്കു സമയമുണ്ടായിരുന്നില്ല,അവൾ വളർന്നു വലുതാകുന്നതു പോലും ഞാനറിഞ്ഞിരുന്നില്ല.ബിസിനസ്സ്, പൊതുപ്രവർത്തനം പിന്നെ സ്വാർഥതാൽപര്യങ്ങൾ.ജീവിതത്തിന്റെ മറ്റു വശങ്ങളൊന്നും എനിക്കു താൽപര്യമുണ്ടായിരുന്നില്ല.'

www.kkstories.com

കൃഷ്ണകുമാർ ഉള്ളുതുറന്നു.ഒരുനിമിഷം അയാളൊന്നു നിർത്തി.

'ഓരോ അച്ഛനും സ്വന്തം മകൾ രാജകുമാരിയാണ്. രാജകുമാരിക്കു പൂർണതയെത്തുന്നതെപ്പോഴാ, അവൾക്കു ഒരു രാജകുമാരനെ കിട്ടുമ്പോൾ.എന്റെ മോൾക്കു സ്നേഹം ഒന്നും വാരിക്കോരിക്കൊടുക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. പക്ഷേ അവൾക്ക് ഒരു രാജകുമാരനെ ഞാൻ നേടിക്കൊടുത്തു.മേലേട്ടേ നക്ഷത്രക്കണ്ണുള്ള രാജകുമാരനെ '...കൃഷ്ണകുമാർ വാചാലനായി.

അയാൾ അപ്പുവിന്റെ തോളിൽ കൈയിട്ടു.

'എന്റെ മോളേ കുട്ടിക്കാലത്തിനു ശേഷം ഇത്ര സന്തോഷവതിയായി ഞാൻ കണ്ടിട്ടില്ല, നീ അവളുടെ മനസ്സിൽ ഒരു പൂക്കാലം തന്നെ സൃഷ്ടിച്ചു.എങ്ങനെ

കഴിഞ്ഞെടാ നിനക്ക്....' കൃഷ്ണകുമാർ അപ്പുവിന്റെ കവിളിൽ ഒരു ചുംബനം നൽകി.

'താങ്കസ് അപ്പൂ...ഞാൻ ജീവിതത്തിൽ ആരോടെങ്കിലും താങ്ക്സ് പറഞ്ഞിട്ടുണ്ടെങ്കിൽ അതു നിന്നോടു മാത്രമായിരിക്കും.' അയാൾ ചിരിയോടെ പറഞ്ഞു.

അപ്പുവിനു മനസ്സു നിറഞ്ഞ നിമിഷമായിരുന്നു അത്.

'നീ ഭാഗ്യവാനാടാ അപ്പുക്കുട്ടാ, അവൾ അവളെ സ്നേഹിക്കുന്നതിന്റെ ആയിരമിരട്ടി നിന്നെ സ്നേഹിക്കുന്നുണ്ട്. ഹണ്ട്രഡ് പെർസന്റ് പ്യുവർ ലവ്.കലർപ്പില്ലാത്തത്.ദേ ഈ ,സിംഗിൾ മാർട്ട് വിസ്കി പോലെ' കൃഷ്ണകുമാർ പറഞ്ഞു.

ഒരു ഗ്ലാസ് മദ്യം കൂടി അപ്പു കുടിക്കേണ്ടി വന്നു. ശേഷം സദസ്സ് പിരിഞ്ഞു.

അപ്പുവിന് തന്റെ ഭാരം കുറഞ്ഞുപോകുന്നതു പോലെ തോന്നി.തലയിൽ ഒക്കെ കിളികൾ പറക്കുന്നു. ആദ്യമായി ലഭിച്ച മദ്യലഹരിയിൽ അവൻ ചിരിച്ചുകൊണ്ട് കസേരയിൽ വന്നിരുന്നു.അഞ്ജലിയും ബന്ധുക്കളും അപ്പുറത്തു മാറി അന്താക്ഷരി വീണ്ടും തുടർന്നുകൊണ്ടിരുന്നു.

www.kkstories.com

:അപ്പൂ, ഒരുപാടു രാത്രിയാകാൻ നിൽക്കാതെ പോയിക്കിടന്ന് ഉറങ്ങിക്കോ.നാളെ രാവിലെ ക്ഷേത്രത്തിൽ പോണം .നിനക്ക് ഒരു തുലാഭാരം നേർന്നിട്ടുണ്ട്.'

അഞ്ജലിയുടെ അമ്മയായ സരോജ അവനരികിലേക്കെത്തി പറഞ്ഞു.
അഞ്ജലിക്കു കുറച്ചു തടിവച്ചാൽ എങ്ങനെയിരിക്കുമോ അതുപോലെയാണ് സരോജയെ കാണാൻ.വിടർന്ന കണ്ണുകളും ഐശ്വര്യം തുളുമ്പുന്ന മുഖവുമുള്ള കുലീനയായ ഒരു സ്ത്രീ.
സരോജയ്ക്ക് അപ്പുവിനെ നന്നായി പിടിച്ചിരുന്നു.ഒരു മകൻ ഇല്ലാത്തതിന്റെ വിഷമം മനസ്സിൽ ഇട്ടുകൊണ്ട് നടന്ന അവർ മരുമകൻ എന്ന നിലയ്ക്കല്ല മറിച്ച് മകനായാണ് അവനെ കണ്ടത്.അമ്മയില്ലാതെ വളർന്ന അപ്പുവും തനിക്ക് ലഭിക്കാതെ പോയ മാതൃത്വം അവരിൽ കണ്ടെത്തി.അവർ തമ്മിൽ നല്ല കൂട്ടായിരുന്നു.കൃഷ്ണകുമാറിനെ അങ്കിൾ എന്നു വിളിക്കുമ്പോഴും സരോജയെ അമ്മ എന്നാണ് അവൻ അഭിസംബോധന ചെയ്യുന്നത്.

'തുലാഭാരം? അത് കൊച്ചു പിള്ളേർക്കല്ലെ നടത്തുന്നത് അമ്മേ.' അവൻ ചോദിച്ചു.

'അങ്ങനെ ഒന്നും ഇല്ല.എപ്പൊ വേണമെങ്കിലും ആർക്കും നടത്താം' സരോജ പറഞ്ഞു.

'ഓഹോ എന്തുകൊണ്ടാണു തുലാഭാരം?' അവൻ അവരോടു ചോദിച്ചു.

'താമരപ്പൂവ്, താമരയിതൾ പോലെ ചുവന്നു സുന്ദരനായ അപ്പുവിനു താമരപ്പൂ കൊണ്ടു തുലാഭാരം.' അവന്റെ കവിളിൽ പിച്ചിക്കൊണ്ട് സരോജ പറഞ്ഞു.

,......

ഇടവപ്പാതിയുടെ സുഖകരമായ തണുപ്പും ആലസ്യവും തീർത്ത ഉറക്കത്തിൽ കിടന്ന അപ്പുവിനെ ഉണർത്തിയത് അഞ്ജലിയുടെ ശബ്ദമാണ്.

:തുലാഭാരക്കുട്ടി കിടന്നു ഉറങ്ങുവാണോ, എണീക്ക് ചെക്കാ, ഞങ്ങൾ എല്ലാവരും ഒരുങ്ങി.' അവന്റെ പിൻവശത്ത് പിച്ചിക്കൊണ്ട് കിലുകിലെ ശബ്ദത്തിൽ അവൾ പറഞ്ഞു.

അപ്പു ഞെട്ടി എഴുന്നേറ്റു.

www.kkstories.com

അഞ്ജലി ഒരു സെറ്റ് സാരിയായിരുന്നു ഉടുത്ത് നിന്നത്. സ്വർണക്കസവുള്ള സാരി.സ്വർണനിറത്തിലുള്ള ഒരു ബ്ലൗസും വൈരനേക്ലേസും അണിഞ്ഞ അവൾ പതിവിലും സുന്ദരി ആയെന്ന് അപ്പുവിന് തോന്നി.അവളുടെ കൈയിൽ ഒരു കപ്പ് ആവി പറക്കുന്ന ചായ ഇരുപ്പുണ്ടായിരുന്നു. ഏതോ ക്ഷേത്രത്തിലെ ദേവി തനിക്കു ചായയുമായി രാവിലെ എത്തിയെന്ന് അപ്പുവിനു തോന്നി.

അവൻ അവളെ കൈയിൽ പിടിച്ചു കട്ടിലിലേക്ക് ഇട്ടു.

അവളുടെ പവിഴചുണ്ടുകളിൽ അവൻ ഇറുക്കി ചുംബിച്ചു.

'ദേ ചെക്കാ, വ്രതം മുടക്കേണ്ട.'

'എനിക്കിനി കാത്തിരിക്കാൻ വയ്യ.'

'ശ്ശോ ഇന്നു വൈകുന്നേരം കൂടി കാത്തിരുന്നാൽ മതിയെന്നേ..' അഞ്ജലി പെട്ടെന്നെഴുന്നേറ്റു തന്റെ സാരിയിലെ ചുളിവുകൾ നിവർത്തി.

'പോ, പോയി കുളിക്ക്' അവൾ അവനെ കുളിമുറിയിലേക്കു തള്ളിവിട്ടു.

അപ്പും അഞ്ജലിയും കൃഷ്ണകുമാറിനും സരോജയ്ക്കുമൊപ്പം ക്ഷേത്രത്തിലെത്തിയപ്പോഴേക്ക് തുലാഭാരത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായിരുന്നു.

:അല്ലാ, ഇന്നെല്ലാം കൊണ്ടും പുണ്യദിവസമാണല്ലോ കൃഷ്ണേട്ടാ, ചെർപുളശ്ശേരി ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ക്ഷേത്രത്തിൽ എത്തിയിട്ടുണ്ട്. സമയംണ്ടച്ചാ അദ്ദേഹത്തെ ഒന്നു കണ്ട് ജാതകമൊക്കെ ഒന്നു നോക്ക്വാ.' ക്ഷേത്രത്തിലെ സെക്രട്ടറി രാമൻ കൈമൾ കൃഷ്ണകുമാറിനോടു പറഞ്ഞു.

'ആഹാ അദ്ദേഹം ഇവിടെ എത്തിയോ' കൃഷ്ണകുമാർ സന്തോഷത്തോടെ ചോദിച്ചു. പാലക്കാട്ടെ ഏറ്റവും പ്രശസ്തനായ കണക്കനും ജ്യോതിഷിയുമാണ് ചെർപ്പുളശേരി ബ്രഹ്മദത്തൻ നമ്പൂതിരി. ജ്യോത്സ്യം അരച്ചുകലക്കിക്കുടിച്ചയാൾ.

ഒരു ഡോക്ടറും ചെർപ്പുളശേരിയിലെ പ്രമാണിയുമായ ബ്രഹ്മദത്തൻ നമ്പൂതിരിക്കു ജ്യോത്സ്യമെന്നാൽ പരിശുദ്ധമായ കർമമാണ്. അതിനാൽ തന്നെ ജാതകം നോക്കുന്നതിനും മറ്റും അദ്ദേഹം പണം ഈടാക്കാറില്ല.പറയുന്നത് അച്ചട്ടാണ്.ബ്രഹ്മദത്തൻ നമ്പൂതിരി ഒരു മലയിടിയുമെന്നു പ്രവചിച്ചാൽ എലി തുരന്നിട്ടാണേലും അതുസംഭവിക്കുമെന്നാണു വിശ്വാസം.

www.kkstories.com

കൃഷ്ണകുമാറും സരോജയും അപ്പുവിനും അഞ്ജലിക്കുമൊപ്പം, ബ്രഹ്മദത്തൻ നമ്പൂതിരി ഇരിക്കുന്നിടത്തെത്തി. ധ്യാനനിമഗ്നനായി ഇരുന്ന നമ്പൂതിരി പാദപതനത്തിന്റെ ശബ്ദം കേട്ട് അവരെ നോക്കി.

'കൃഷ്ണാ താനോ, മകളുടെ വിവാഹം കഴിഞ്ഞല്ലേ, വരാനൊത്തില്ല, കശ്മീരിലായിരുന്നു' അദ്ദേഹം പറഞ്ഞു.

' മ്മ്, ക്ഷണക്കത്ത് ഇല്ലത്തേക്കു കൊടുത്തു വിട്ടിരുന്നു, സാരമില്ല തിരുമേനീ,അങ്ങും നമ്മുടെ പ്രധാനമന്ത്രിയുമൊക്കെ മുക്കാൽ സമയവും യാത്രയിലാണല്ലോ' കൃഷ്ണകുമാർ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഇവരാണല്ലേ യുവമിഥുനങ്ങൾ അപ്പുവിനെയും അഞ്ജലിയെയും നോക്കി നമ്പൂതിരി പറഞ്ഞു.കൊള്ളാം രണ്ടുപേരും തമ്മിൽ നല്ല ചേർച്ചയുണ്ട് '
അഞ്ജലി മെല്ലെ അപ്പുവിന്റെ തോളത്ത് ഒന്നിടിച്ചശേഷം അവനെ നോക്കി പുഞ്ചിരിച്ചു.

അടങ്ങിയിരിക്കൂ എന്നു ശാസനാഭാവത്തിൽ അപ്പു അവളെ നോക്കി.

'തിരുമേനിയെക്കൊണ്ട് ഇവരുടെ ജാതകം നോക്കണം എന്നായിരുന്നു ആഗ്രഹം. വിവാഹത്തിനു മുന്നെ സാധിച്ചില്ല, ഇപ്പോൾ സമയമുണ്ടാകുമോ' കൃഷ്ണകുമാർ ചോദിച്ചു.
'ഇനിയിപ്പോ എന്താ അതിനു പ്രസക്തി, ഏതായാലും നോക്കാം' ബ്രഹ്മദത്തൻ ചിരിയോടെ പറഞ്ഞു.

കൃഷ്ണകുമാർ ഇരുവരുടെയും ജാതകവും ജനനസമയക്കുറിപ്പും അദ്ദേഹത്തിനു നേരെ നീട്ടി. അതു വാങ്ങിയ ശേഷം ഒന്നു മനസ്സിരുത്തി പ്രാർഥിച്ച ശേഷം അദ്ദേഹം ഒത്തു നോക്കി.
'പൊരുത്തങ്ങളുടെ സമ്മേളനം', അദ്ദേഹം പറഞ്ഞു. 'ഈ ജാതകങ്ങൾ പരസ്പരപൂരകമാണ്. ഈ സ്ത്രീജാതകത്തിനു ഈ പുരുഷ ജാതകം മാത്രമേ ചേരൂ..അപ്പൂം അഞ്ജലിയും തമ്മിലുള്ള വിവാഹം സാക്ഷാൽ ഈശ്വരൻ തന്നെ തീരുമാനിച്ചതാണെന്നു സാരം.'

ബ്രഹ്മദത്തന്റെ ആ മറുപടി എല്ലാവരുടെയും മനസ്സിൽ കുളിർ നിറച്ചു. അഞ്ജലിയുടെ മുഖം നിറനിലാവുപോലെ പൂത്തുവിടർന്നു.
അപ്പുവിന്റെ പെണ്ണ്, അപ്പുവിനായി ഈശ്വരൻ നിശ്ചയിച്ച പെണ്ണ്, ഇതിൽപരം സന്തോഷം അവൾക്കു ലഭിക്കാനില്ലായിരുന്നു.

www.kkstories.com

തുടർന്ന് ബ്രഹ്മദത്തൻ അപ്പുവിന്റെ ജന്മസമയത്തേക്ക് ഒന്നു കണ്ണോടിച്ചു, 'ഈശ്വരാ', അദ്ദേഹം ഒരുമാത്ര അറിയാതെ വിളിച്ചു. വെളുത്തു സുന്ദരമായ ബ്രഹ്മദത്തന്റെ മുഖം ഒരുവേള ഇരുണ്ടു.നൊടിയിടയിൽ കൃത്രിമത്വം പോലെ അ്ദ്ദേഹം ഒന്നു പുഞ്ചിരിച്ചു.

'അപ്പോൾ കാര്യങ്ങൾ നടക്കട്ടെ' അദ്ദേഹം കൃഷ്ണകുമാറിനോടും കുടുംബത്തോടും പറഞ്ഞു. അവർ നന്ദിപൂർണമായ ചിരിയോടെ പിൻവാങ്ങി.

'അപ്പു ഒരു നിമിഷം ഇങ്ങട്ടു വര്വാ, ഒരു കാര്യം ചോദിക്കാനുണ്ട്' തിരിഞ്ഞുനടന്ന അപ്പുവിനെ അദ്ദേഹം വിളിച്ചു.ഒരു നിമിഷം ശങ്കിച്ചു നിന്ന ശേഷം അപ്പു അദ്ദേഹത്തിനു സമീപം എത്തി.കൃഷ്ണകുമാറും സരോജയും അഞ്ജലിയും ക്ഷേത്രത്തിൽ കണ്ട പരിചയക്കാരായ ഒരു കുടുംബവുമായി സംസാരിച്ചു നിൽക്കുകയായിരുന്നു.

'അപ്പു ഇരിക്യാ.' ബ്രഹ്മദത്തൻ പറഞ്ഞു,അദ്ദേഹം അവന്റെ ജനനസമയത്തിലേക്ക് ഒന്നുകൂടി കണ്ണോടീച്ചു.

'മകയിരം നക്ഷത്രത്തിൽ കൃഷ്ണപക്ഷത്തിൽ ജനിച്ച അപ്പു', അദ്ദേഹം അവനോടു ചോദിച്ചു,അപ്പു ഒന്നും മനസ്സിലാകാതെ തലയാട്ടി.

'ഞാനൊരു കാര്യം ചോദിച്ചാൽ സത്യം പറയുമോ' അദ്ദേഹം വീണ്ടും അപ്പുവിനോടു ചോദിച്ചു.

'ചോദിക്കൂ തിരുമേനീ,' അപ്പു വേപഥുവോടെ പറഞ്ഞു.

'അപ്പുവും അഞ്ജലിയും തമ്മിൽ ഇതുവരെ ശാരീരിക ബന്ധം നടന്നിട്ടില്ല, ശരിയല്ലേ' അദ്ദേഹം ചോദിച്ചു.

അപ്പു ഞെട്ടിത്തരിച്ചു. ഇദ്ദേഹം ഇതെങ്ങനെ മനസ്സിലാക്കിയെന്ന് അവന് മനസ്സിലായില്ല, ചെർപുളശേരി ബ്രഹ്മദത്ത്ൻ നമ്പൂതിരിയുടെ ജ്യോതിഷപാണ്ഡിത്യം കള്ളമല്ലെന്ന് അപ്പുവിനു മനസ്സിലായി.

'ഇല്യ നടന്നിട്ടില്യ, അങ്ങേക്ക് എങ്ങനെ മനസ്സിലായി' അപ്പു ജിജ്ഞാസയോടെ ചോദിച്ചു.

'എനിക്കു മനസ്സിലായി അപ്പൂ ' , ഒരു വേള നിർത്തിയ ശേഷം ഇടർച്ചയോടെ ഇടിത്തീ പോലെ അദ്ദേഹമതു പറഞ്ഞു.

'അങ്ങനെ നടന്നിരുന്നെങ്കിൽ അഞ്ജലി ..' അദ്ദേഹം ഒന്നു നിർത്തി.

'അഞ്ജലിക്ക്...' അപ്പു സ്വൽപം ശബ്ദമുയർത്തിത്തന്നെ ചോദിച്ചു.

' ഇപ്പോൾ ജീവനോടെ ഉണ്ടാകില്ലായിരുന്നു...................... ' ബ്രഹ്മദത്തൻ അപ്പുവിനു മുഖം നൽകാതെ പറഞ്ഞു.

ആ വാക്കുകൾ ...ബ്രഹ്മദത്തൻ തിരുമേനിയുടെ ആ വാക്കുകൾ അപ്പുവിന്റെ നെഞ്ചിലേക്കു കൂരമ്പുകൾ പോലെ തറഞ്ഞു കയറി,

'അങ്ങെന്തൊക്കെയാണ് ഈ പറയുന്നത്' അപ്പു അലറുകയായിരുന്നു.

'ശാന്തനാകൂ അപ്പൂ,' ബ്രഹ്മദത്തൻ അവന്റെ കൈയിൽ മെല്ലെ അടിച്ചുകൊണ്ടു പറഞ്ഞു. 'അപ്പുവിന്റെ ജാതകം ശ്രേഷ്ഠ ജാതകമാണ്. അത്യുന്നതങ്ങളിലേക്കു പോകേണ്ടവൻ ആണപ്പു.പക്ഷേ.....' അദ്ദേഹം അർധോക്തിയിൽ നിർത്തി.

'പക്ഷേ എന്തു പക്ഷേ പറയൂ തിരുമേനീ' അപ്പു കരച്ചിൽ പോലെ ചോദിച്ചു.

'അപ്പുവിന്റെ ജനനസമയമാണ് വില്ലൻ. സാധാരണ ജാതകങ്ങളിൽ നവഗ്രഹങ്ങളാകും ഒരാളുടെ സ്ഥിതിയും ഭാവിയും നിർണയിക്കുക. എന്നാൽ ചിലരിൽ നവഗ്രഹങ്ങളിൽ പെടാത്ത ഒരജ്ഞാത ഗ്രഹം എത്തിനോട്ടം നടത്തും. അപരഗ്രഹ ദോഷം എന്ന മഹാദോഷമാണത്...അപൂർവങ്ങളിൽ അപൂർവമാണ് ഈ ദോഷം,ദശകോടിയിൽ ഒരാൾക്കു മാത്രം കിട്ടുന്ന

ദോഷം.ഇത്രയ്ക്കപൂർവമായതിനാൽ സാധാരണ ജ്യോതിഷികൾക്ക് അതു കണ്ടെത്താൻ പോലും സാധിക്കില്ല. എനിക്കു പോലും ഇങ്ങനെയൊരു ജാതകം മുന്നിൽ വരുന്നത് ആദ്യം.'
ബ്രഹ്മദത്തൻ തുടർന്നു 'ഈ ദോഷമുള്ളവർക്കു ജീവിതകാലം വിവാഹം പാടില്ല.അവർ ആരെയെങ്കിലും പ്രാപിച്ചാൽ ഇണയുടെ പടുമരണമായിരിക്കും ഫലം.ഇത് അച്ചട്ടാണ്.' അദ്ദേഹം പറഞ്ഞു നിർത്തി.
അപ്പുവിനു തലകറങ്ങുന്നതു പോലെ തോന്നി. എന്താണ് ഈ കേൾക്കുന്നത്. എല്ലാം ശരിയായി വന്നപ്പോളാണ് ഈ വെളിപാട്.അവൻ സ്തബ്ധനായി ഇരുന്നു.
'ഇതിനു പരിഹാരമില്ല്യേ തിരുമേനീ' അവന്റെ സ്വരത്തിൽ കെഞ്ചലിന്റെ ധ്വനിയുണ്ടായിരുന്നു.'ഇല്യ, ഇതിനു പരിഹാരമില്യ ഈ ദോഷം സ്ഥായിയാണ്. അപ്പു എന്നെങ്കിലും അഞ്ജലിയുമായി ബന്ധപ്പെട്ടാൽ ഉടൻ തന്നെ അവൾ മരിക്കും.' ബ്രഹ്മദത്തൻ പറഞ്ഞു.

'അപ്പു പൊയ്ക്കോളൂ, ഞാനും മടങ്ങുകയാണ്. നല്ലവണ്ണം ആലോചിക്കൂ,' ഇത്രയും പറഞ്ഞശേഷം തന്റെ മേൽമുണ്ട് ഒന്നുകൂടി പുതച്ചു ബ്രഹ്മദത്തൻ നടന്നകന്നു.പോകുന്ന പോക്കിൽ അദ്ദേഹം സഹതാപത്തോടെ അപ്പുവിനെ ഒന്നു തിരിഞ്ഞുനോക്കി.

ഒരു അഗ്നിപാശം തന്നെ ചുറ്റിവരിഞ്ഞതു പോലെ അപ്പു നിന്നു. ഈശ്വരാ എന്തൊരു വിഷമവൃത്തമാണ് ഇത്. ഇതിനും മാത്രം എന്തു തെറ്റു ചെയ്തു താൻ...അവൻ ഹതാശനായി നിന്നാലോചിച്ചു.

'അപ്പൂസ് എവിടെയെല്ലാം തിരഞ്ഞു ഞാൻ ഇവിടെ നിൽക്കയാണോ..' തോളിൽ ഒരു നനുത്ത സ്പർശം അനുഭവപ്പെട്ടു തിരിഞ്ഞു നോക്കിയ അപ്പു തന്റെ നേർക്കു നിറയെ ചിരിച്ചു ഒരു ദേവിയെപ്പോലെ നിന്ന അഞ്ജലിയെയാണ് കണ്ടത്.

അവളുടെ ആ ചിരി, സ്വർഗം കിട്ടിയ സന്തോഷം പോലെയുള്ള ആ ചിരി. ആ ചിരി അവന്റെ നെഞ്ചിൽ കൊളുത്തിപ്പിടിച്ചു. ദൂരെയെവിടെയോ നിന്നു മുഖാരി രാഗത്തിൽ ഒരു കീർത്തനം ഉയർന്നു കേട്ടു.

www.kkstories.com

മുഖാരി....മരണത്തിന്റെ രാഗം.

താൻ അഞ്ജലിയുടെ മരണമാണ്. തന്നോട് അവൾക്കുള്ള സ്നേഹം അതിലേക്കുള്ള വഴിയും.പാടില്ല, ഒരിക്കലും പാടില്ല, താൻ മൂലം ഒരിക്കലും തന്റെ അഞ്ജലി തീപ്പെടാൻ പാടില്ല. അത്രയ്ക്കിഷ്ടമാണ് തനിക്ക് അവളെ..എന്റെ എല്ലാമെല്ലാമായ അഞ്ജലിയെ.

'എന്തേ? '....ചിരി നിർത്താതെ തന്നെ വലിയ കണ്ണുകളാൽ അവനെ അടിമുടി നോക്കി അഞ്ജലി ചോദിച്ചു.

' അഞ്ജലിക്ക്....അഞ്ജലിക്ക് ഇനിയെന്നെ വെറുക്കാൻ കഴിയുമോ' അപ്പുവിന്റെ ചോദ്യം നിഷ്കളങ്കമായിരുന്നു.നോവിന്റെ ഒരായിരം പൂക്കൾ ആ ശബ്ദത്തിലുണ്ടായിരുന്നു.

'വെറുക്കാനോ എന്താ അപ്പു ഈ പറേണേ,' അവന്റെ നെറ്റിയിൽ ചന്ദനക്കുറിതൊട്ട്, അവന്റെ നെഞ്ചിലേക്കു ചാഞ്ഞുകൊണ്ട് അവൾ പറഞ്ഞു.

'എനിക്കു പറ്റില്ല, എന്റെ അപ്പുവിനെ നാൾക്കു നാൾ സ്നേഹിക്കാനേ എനിക്കു കഴിയൂ' ഇടറിയ ശബ്ദത്തിൽ അവൾ പറഞ്ഞു.

www.kkstories.com

'എനിക്കു ജീവിക്കണം, എന്റെ അപ്പുവിന്റെ സ്നേഹവുമായി, നിന്റെ ഭാര്യയായി, കുട്ടികളുടെ അമ്മയായി, പിന്നെ പേരക്കുട്ടികളുടെ അമ്മൂമ്മയായി.' അവന്റെ നെഞ്ചിലേക്കു മുഖം വച്ചു അവൾ പിറുപിറുത്തു. തന്റെ നെഞ്ചിലേക്ക് എന്തോ നനവ് പടർന്നൊഴുകുന്നത് അവൻ അറിഞ്ഞു. അതവളുടെ വലിയ മിഴികളിൽ നിന്നൊലിച്ച കണ്ണീരായിരുന്നു.

അവളുടെ വാക്കുകൾ... അവളുടെ കണ്ണീർ...അവളുടെ മോഹങ്ങൾ.....അതെല്ലാം അവനെ വേദനിപ്പിച്ചു..ചുട്ടുവേദനിപ്പിച്ചു.

മുഖാരി രാഗം ഉച്ചത്തിലായിരിക്കുന്നു. അവന്റെ ഉള്ളിൽ പ്രചണ്ഡതാളം മുറുകി.കണ്ണീരിന്റെ കടലാഴങ്ങളെ നെഞ്ചിലേക്കാവാഹിക്കുന്ന സമുദ്രശില കണക്കേ അപ്പു നിശ്ചലം നിന്നു.

'പോകാം,' അവളുടെ തലമുടിയിൽ തലോടി അവൻ പറ്ഞ്ഞു. കിഴക്കൻ മലകളിൽ നിന്നുവീശുന്ന തണുത്തകാറ്റു പോലെ അവൻ ശബ്ദം മരവിച്ചിരുന്നു.

അവന്റെ നെഞ്ചിലേക്കു തലയമർത്തി അവൾ മൂളി.'അതേ, അമ്മയാവാനുള്ള ട്രെയിനിങ് ഇന്നു മുതൽ തുടങ്ങണം കേട്ടോ...' പറഞ്ഞതും അവൾ അവന്റെ കവിളിൽ നുള്ളി.ഒരു നീറ്റൽ അപ്പുവിന്റ ഉള്ളിൽ അനുഭവപ്പെട്ടു.

തിരിച്ചു വീട്ടിലെത്തിയിട്ടും അപ്പു മൗനം തുടർന്നു. അഞ്ജലി ഊണു വിളമ്പിക്കൊടുക്കുന്നതിനിടയിലും പിന്നീടുമൊക്കെ അവനോട് ഒട്ടി നിന്നു സംസാരിച്ചിട്ടും സ്നേഹം കാട്ടിയിട്ടുമൊന്നും അവൻ അലിഞ്ഞില്ല.
തങ്ങൾക്കിടയിൽ ഒരു കരിങ്കൽമതിൽ ഉയർന്നതുപോലെ അഞ്ജലിക്കു തോന്നി. ഇതുവരെയില്ലാത്തതുപോലെ ദൃഢമായ ഒരു വൻമതിൽ.

'അപ്പൂ എന്തായിത്, എന്നോടുള്ള പിണക്കം മാറിയെന്നു പറഞ്ഞിട്ട് ഒന്നും മിണ്ടണില്ലല്ലോ..'
രാത്രിയിൽ കിടക്കറയ്ക്കു വെളിയിലുള്ള ബാൽക്കണിയിൽ താരനിബിഡമായ ആകാശത്തേക്കു നോക്കി നിൽക്കുന്ന അപ്പുവിനു സമീപമെത്തി അഞ്ജലി അവളുടെ പരിഭവക്കെട്ടഴിച്ചു.

ദൈന്യതയോടെ ഒരു നോട്ടം മാത്രമായിരുന്നു അപ്പുവിന്റ മറുപടി.

'അപ്പുവിന് എന്നോട് ഇപ്പോഴും ദേഷ്യമാണല്ലേ, ഇല്ല ഒരുകാലത്തും ഇതുമാറില്ല.എന്റെ അപ്പുവിന് എന്നോടു വെറുപ്പാണ് ' അവൾ അതു പറഞ്ഞപ്പോൾ നീർക്കണങ്ങൾ അവളുടെ കവിളിലേക്ക് ഒഴുകിയിറങ്ങി.

www.kkstories.com

അപ്പുവിന്റ ഇടനെഞ്ചു പൊട്ടിപ്പിളർന്നു. അവന് ഒന്നും സംസാരിക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. വെറുപ്പ്, തനിക്ക്, തന്റെ അഞ്ജലിയോട്. ഇല്ല മോളെ ഒരുകാലത്തും നിന്നെ വെറുക്കാൻ ഈ അപ്പുവിനാകില്ല.അവന്റെ അന്തരംഗം മന്ത്രിച്ചു.

എല്ലാം അഞ്ജലിയോടു തുറന്നു പറയണോയെന്ന് അവൻ ചിന്തിച്ചു. പറഞ്ഞാൽ? ഒരു ജ്യോത്സ്യന്റെ വാക്കുകളൊന്നും വിശ്വസിക്കാൻ അവൾ തയാറാകില്ല. തന്നോടുള്ള സ്നേഹം അവളെ ഒരു ഭ്രാന്തിയാക്കിയിട്ടുണ്ട്. അവൾ മുൻകൈയെടുത്താൽ തനിക്കും പിടിച്ചു നിൽക്കാനാവില്ല. തങ്ങൾ തമ്മിലുള്ള ഏറ്റവും വികാരപരമായ ബന്ധത്തിലേക്ക് അതു നയിക്കും.

അപ്പോൾ.....അവൾ മരിക്കും..തന്റെ അഞ്ജലിയുടെ മരണത്തിനു താൻ തന്നെ കാരണമാകും. പാടില്ല,അതു പാടില്ല...ഒരിക്കലും പാടില്ല.

അപ്പു ഇതികർത്തവ്യമൂഢനായി ഇരുന്നു.

'എനിക്കെന്തോ വല്ലായ്മ അഞ്ജലി, രാവിലെ മുതൽ തുടങ്ങിയതാ മാറുന്നില്ല.' അവൻ അവളോടു പറഞ്ഞു.

'ആണോ...'ദേഷ്യത്തിലും പരിഭവത്തിലും നിന്ന അഞ്ജലി ഒരുനിമിഷം കൊണ്ടു അലിഞ്ഞുപോയി.'അയ്യോ ചൂടുണ്ടല്ലോ,' അവന്റ നെറ്റിയിൽ കരതലം അമർത്തി അവൾ പറഞ്ഞു.

അപ്പു വീണ്ടും നിറഞ്ഞ ആകാശത്തേക്കു നോക്കി നിന്നു.

'അപ്പൂ വാ പോയി കിടക്കാം, ഒന്നു കിടന്നുറങ്ങിയാൽ നാളെയാകുമ്പോഴേക്കും ജലദോഷം മാറും.' അവൾ അവന്റ കൈയിൽ പിടിച്ചു വലിച്ചു.

'ഞാൻ വന്നേക്കാം, അഞ്ജലി പൊയ്ക്കോ' അവൻ പറഞ്ഞു.

'ഇപ്പോ പോകുന്നില്ല, ഞാൻ പലതവണ ചോദിച്ചിട്ടുണ്ട് എന്തിനാ ഇങ്ങനെ ആകാശം നോക്കി നിൽക്കുന്നേന്ന്... അപ്പു ഉത്തരം പറഞ്ഞിട്ടില്ല,' അവൾ മുഖം വീർപ്പിച്ചു പരിഭവിച്ചു.വെളുത്ത സാരിയിൽ ഒരു മാലാഖയെപ്പോലെയുണ്ടായിരുന്നു അഞ്ജലി അപ്പോൾ.

www.kkstories.com

'ദാ ആകാശത്തേക്കു നോക്കൂ, അവിടെയെന്താ കാണണേ....' അവൻ അവളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു കൈനീട്ടി.

'ഔ..അവിടെയെന്താ കാണണേ..നക്ഷത്രങ്ങൾ അല്ലാണ്ടെന്താ' അവൾ ചോദിച്ചു.

'വെറും നക്ഷത്രങ്ങളല്ല, നക്ഷത്രപ്പൂക്കൾ. അഞ്ജലിക്കറിയാമോ, എന്റ അമ്മയെക്കണ്ട ഓർമ എനിക്കില്യ, ഞാൻ ജനിച്ചുടൻതന്നെ അമ്മ ഞങ്ങളെയെല്ലാം വിട്ടുപോയി, എന്നെന്നേക്കുമായി. കുട്ടിക്കാലത്ത് സന്ധ്യാനേരത്ത് ഉമ്മറപ്പടിയിലിരുന്നു തൈരിൽ കുഴച്ച ചോറുരുളകൾ എന്റ വായിലേക്ക് അച്ഛമ്മ വച്ചുതരുമ്പോൾ ഞാൻ ചിണുങ്ങും. അച്ഛമ്മേ എന്റ അമ്മയെവിടേന്നും ചോദിച്ച്.അപ്പോ അച്ഛമ്മേടെ കണ്ണു നിറയും. ഒടുവിൽ ഞാൻ ചോദിക്കും. അച്ഛമ്മേ എന്റ അമ്മ അപ്പുകുട്ടനെ വിട്ടു സ്വർഗത്തിൽ പോയില്ലേന്ന്.'

'അപ്പോ അച്ഛമ്മ പറയും, കുട്ടന്റ അമ്മ എങ്ങും പോയിട്ടില്ല്യാലോ, ദേ അങ്ങകലെ ആ നക്ഷത്രക്കൂട്ടത്തിലൊരെണ്ണം മോന്റെ അമ്മയാണല്ലോയെന്ന്. മാനത്തിരുന്ന് എന്നെ നോക്കാത്രേ എന്റെ അമ്മ. അന്നു മുതൽ ഞാൻ നോക്കുന്നതാ, ഏതാ ആ നക്ഷത്രമെന്ന്, എന്റ അമ്മയെ തേടുന്നതാ..ഒരിക്കലും തിരിച്ചുകിട്ടില്ലെന്നറിയാം.എന്നാലും നോക്കുന്നതാ..എനിക്കു നഷ്ടപ്പെട്ട എന്റ

അമ്മയെ...' അവൻ അതു പറഞ്ഞുതീരുമ്പോളേക്കും അവന്റ കണ്ണുകൾ നിറഞ്ഞൊഴുകിത്തുടങ്ങിയിരുന്നു.

'ഹേയ് അപ്പൂ..കരയാതെ.' അവന്റ കണ്ണിൽ നിന്നൊഴുകിയിറങ്ങിയ കണ്ണീർ തന്റ ലോലമായ വിരലുകളാൽ തുടച്ചുകൊണ്ട് അഞ്ജലി പറഞ്ഞു.അപ്പോളവൾക്ക് അവനോടു തോന്നിയതു വാൽസല്യമാണ്. എന്തോ നഷ്ടപ്പെട്ടു കരയുന്ന കാണാൻ ഭംഗിയുള്ള ഒരു കുട്ടിയോടു തോന്നുന്ന വാൽസല്യം. അവൾ അവന്റ മുഖം തന്റെ തോളിലേക്കടുപ്പിച്ചു.പയ്യെ അവന്റ തലയിൽ കൊട്ടി.നേരിയ ചുരുളിപ്പുള്ള അവന്റ ചെമ്പൻ മുടിയിഴകളിലൂടെ തന്റ നീണ്ട വിരലുകളോടിച്ചു.

പ്രണയം മുതൽ വാൽസല്യം വരെ. .....എത്രയൊക്കെ വികാരങ്ങളാണ് ഒരു സ്ത്രീക്കു തന്റെ ഭർത്താവിനോടു തോന്നാവുന്നതെന്നു മനസ്സിലാക്കുകയായിരുന്നു അ്ഞ്ജലി. അലൗകികമായ ഒരു സുഗന്ധം അവരെ പൊതിഞ്ഞു.

'ഞാനൊന്നു ചോദിച്ചോട്ടെ അപ്പൂ,' അവൾ അവന്റെ കാതിൽ ചോദിച്ചു. അവനൊന്നും മിണ്ടിയില്ല. അവൻ മിണ്ടാൻ അവളാഗ്രഹിച്ചതുമില്ല.

'ഞാനും മരിച്ചാൽ നക്ഷത്രമായി മാറുമായിരിക്കും അല്ലേ അപ്പൂ,അപ്പോ അപ്പൂ എന്നെ ഇതുപോലെ നോക്കി നിൽക്ക്വോ...' അവളുടെ തോളിൽ ചാഞ്ഞു കിടന്ന അപ്പുവിന്റെ ഉള്ളിൽ ആയിരം പ്രതിഫലനങ്ങളോടെ ഇടിത്തീ മാതിരിയുള്ള ആ ചോദ്യം വന്നുവീണു.

www.kkstories.com

അപ്പു ഞെട്ടിപ്പിടഞ്ഞ് അവളിൽ നിന്നു തെന്നിമാറി.'എന്താ ചോദിച്ചേ എന്താ ചോദിച്ചേന്ന് ' അലറുകയായിരുന്നു അവൻ. മരണത്തിന്റ മുഖാരി രാഗം അവന്റ കാതിൽ വീണ്ടും വന്നല്ച്ചിരുന്നു.

വെറുതേ ചോദിച്ചതാ, ടെൻഷനാകാതെ അവൾ കൈയുയർത്തി അവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

'അല്ല, വെറുതെയല്ല, എന്റെ ജനനം കൊണ്ട് എന്റെ അമ്മയെ നഷ്ടപ്പെട്ടു. ഇനിയൊന്നും നഷ്ടപ്പെടുത്താൻ എനിക്കാവില്ല,' അവന്റെ ചിലമ്പിച്ച ഒച്ച ഉയർന്നു. അവൻ ധൃതിപ്പെട്ട് ബാൽക്കണിയിൽ നിന്നു കിടപ്പുമുറിയിലെ കട്ടിലിൽ വന്നു കിടന്നു. അഞ്ജലിയുടെ ചോദ്യം അവനെ തകർത്തുകളഞ്ഞിരുന്നു.

അഞ്ജലി അവനു സമീപം കിടന്നു. തന്റെ കൈകൾ കൊണ്ട് അവനെ പുണർന്നു. അപ്പു പ്രതികരിച്ചില്ല.

'സോറി അപ്പൂ, കാര്യമായെടുക്കാതെ. എന്നെ നിനക്ക് ഒരുകാലത്തും നഷ്ടപ്പെടാൻ പോണില്ല.' അവൾ പറഞ്ഞു.

കിടന്നുറങ്ങ് അഞ്ജലീ, എനിക്കു തല വലിക്കുന്നു. രാവിലെ സംസാരിക്കാം. അവൻ പറഞ്ഞു.

'ശരി, കിടന്നുറങ്ങിക്കോ കള്ളച്ചെക്കാ....' അവന്റെ മുഖത്ത് ഒരു ചുംബനം നൽകി അവനെ കെട്ടിപ്പിടിച്ചു കിടന്നുകൊണ്ട് അവൾ പറഞ്ഞു.

ഒരുഭാഗത്ത് അപ്പു അഗ്നിപർവതം പോലെ പുകയുമ്പോൾ ഇതൊന്നും അറിയാതെ ഉറക്കത്തിലേക്കു വഴുതിവീഴുകയായിരുന്നു അഞ്ജലി.സുഖപൂർണമായ സ്വപ്നങ്ങൾ അവളുടെ ഉറക്കത്തെ കനിഞ്ഞനുഗ്രഹിച്ചു.

പിറ്റേന്നു രാവിലെ അഞ്ജലി ഉറക്കമെഴുന്നേറ്റപ്പോൾ അപ്പു അവളുടെ സമീപത്തുണ്ടായിരുന്നില്ല.അവൻ അവിടെയെങ്ങുമുണ്ടായിരുന്നില്ല. ഒരു മനുഷ്യന് ഇങ്ങനെ മാഞ്ഞുപോകാൻ പറ്റുമോ? പറ്റുമായിരിക്കും. ആദ്യം അഞ്ജലിയും പിന്നെ അവളുടെ വീട്ടുകാരും അവനെ എല്ലായിടത്തും തേടിയെങ്കിലും കണ്ടെത്താനായില്ല. ഒടുവിൽ കട്ടിലിന്റെ താഴെ നിന്ന് ഒരെഴുത്ത് അഞ്ജലിക്കു കിട്ടി.അവളുടെ അപ്പു അവൾക്കായി എഴുതിവച്ച അവസാനത്തെ എഴുത്ത്.

www.kkstories.com

'പ്രിയ അഞ്ജലീ,

ഞാനെന്നും ഭാഗ്യം കെട്ടവനാണ്, എന്നും...
എല്ലാമെല്ലാം ഉണ്ടായിട്ടും ഒന്നും അനുഭവിക്കാൻ യോഗമില്ലാത്തവൻ.
എന്റെ കാതിൽ മുഴങ്ങുന്ന ഈ മുഖാരി രാഗം എന്നെ ഭ്രാന്തനാക്കുന്നു. ഞാൻ വിട്ടകലുന്നു, പോയ്മറയുന്നു...ആഴത്തിൽ പൊലിയുന്ന ഒരു നക്ഷത്രം കണക്കേ...
എന്നെയോർത്തു നീ സങ്കടപ്പെടും.അതിനെ തടയാൻ എനിക്കാവില്ല. പക്ഷേ നിന്നെ ദുർവിധിയിലേക്കു തള്ളിവിടാൻ എനിക്കു വയ്യ. ഞാൻ പോയ്മറയുന്നു.
സങ്കടം മാറുമ്പോൾ എന്റെ അഞ്ജലി എന്നെ മറക്കണം.പൂർണമായും...എന്നിട്ട് സന്തോഷവതിയായി ജീവിക്കണം. ഇനിയും സ്നേഹം കണ്ടെത്തണം,കുടുംബമുണ്ടാകണം.....ഞാൻ ഒരു മിഥ്യയായിരുന്നു അഞ്ജലി.ആ മിഥ്യയിൽ നിന്നു നീ പുറത്തു വരണം.

സ്വന്തം അപ്പു.

കത്തു വായിച്ച അഞ്ജലിക്ക് എന്താണു സംഭവിച്ചതെന്നോ സംഭവിക്കുന്നതെന്നോ മനസ്സിലായില്ല. ലോകം തനിക്കും ചുറ്റും കറങ്ങുന്നതായി അവൾക്ക്

അനുഭവപ്പെട്ടു.ഒരു ജന്മത്തിന്റെ സ്നേഹം മുഴുവൻ തന്നിലേക്കു പകർന്ന അപ്പു, ഇതാ പോയ്മറഞ്ഞിരിക്കുന്നെന്ന്.

പിന്നീട് അന്വേഷണങ്ങളുടെ കാലമായിരുന്നു അഞ്ജലിയുടെ അച്ഛൻ കൃഷ്ണകുമാറും അപ്പുവിന്റെ പിതാവ് ഹരികുമാരമേനോനും ഇന്ത്യ മുഴുവൻ അപ്പുവിനെ അന്വേഷിച്ചു. പണം വാരിയെറിഞ്ഞും രാഷ്ട്രീയക്കാരെ സ്വാധീനിച്ചും നടത്തിയ അന്വേഷണങ്ങളൊന്നും ഫലവത്തായില്ല.

അപ്പു......അപ്പു പോയ്മറഞ്ഞിരുന്നു.

-----------------------------------------------------

15 വർഷങ്ങ്ൾക്കു ശേഷം,

ദേവപ്രയാഗ്

ഉത്തരാഖണ്ഡിലെ ഡെറാഡൂണിലുള്ള ജോളിഗ്രാന്റ് വിമാനത്താവളത്തിൽ നിന്നു ദേവപ്രയാഗിലേക്കുള്ള യാത്രയിലായിരുന്നു ആ കാർ. ഇടയ്ക്കെവിടെയോ വണ്ടി നിന്നു. തണുപ്പും യാത്രാക്ഷീണവും മൂലം അഞ്ജലി പിൻസീറ്റിൽ ഉറക്കത്തിലായിരുന്നു.

'കോഫി ചാഹിയേ മേംസാബ്?' ഡ്രൈവർ പിൻസീറ്റിൽ തട്ടിക്കൊണ്ടു ചോദിച്ചു. അഞ്ജലി ഞെട്ടി എഴുന്നേറ്റു.

'ഹാ, ലേലോ' അവൾ പറഞ്ഞു.

ഡ്രൈവർ വഴിയോരത്തെ കോഫിഷോപ്പിൽ നിന്നും ഒരു കപ്പ് കാപ്പി അവൾക്കു കൊണ്ടുവന്നു കൊടുത്തു.അതു മെല്ലെ മൊത്തിക്കുടിച്ചുക്കൊണ്ടു അഞ്ജലി പുറത്തേക്കിറങ്ങി. അവൾ ഒരു ചുവന്ന സാരിയും കറുത്ത ബ്ലൗസുമാണ് ധരിച്ചിരുന്നത്. തണുപ്പകറ്റാനായി ഒരു കമ്പിളി ഷാൾ പുതച്ചിരുന്നു.നെറ്റിയിലും സീമന്തരേഖയിലും സിന്ദൂരം. മുടിയിഴകളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെട്ടു നിന്ന വെളുത്ത മുടികൾ അവൾക്കു പ്രായമായി വരുന്നെന്ന് അറിയിച്ചു.പഴയ ഇരുപത്തിയൊന്നുകാരിയിൽ നിന്നു 36 വയസ്സിലേക്കുള്ള ജീവിതയാത്ര.

അഞ്ജലി ചുറ്റും നോക്കി. മഞ്ഞുപുതച്ചു കിടക്കുന്ന ഹിമശൈലങ്ങൾ. അവയ്ക്കിടയിലൂടെ ഒഴുകുന്ന ഭാഗീരഥിയും അളകനന്ദയും.അവ ദേവപ്രയാഗിൽ

സംഗമിച്ച് പൂർണരൂപം കൈവരിക്കുന്നു. പിന്നെയവർ ഒഴുകുന്നതു ഗംഗയെന്ന പേരിലാണ്.
തന്റെ ജീവിതവും ഒഴുകുകയാണ്. പാറക്കെട്ടുകൾക്കിടയിലൂടെ. സംഗമസ്ഥാനമെത്താതെ....
അഞ്ജലി ഓർക്കുകയായിരുന്നു. 15 വർഷങ്ങൾ.
അപ്പുവില്ലാത്ത വർഷങ്ങൾ.
എന്തെല്ലാം സംഭവിച്ചു.അച്ഛമ്മയുടെ മരണമായിരുന്നു ആദ്യം.തന്റെ പ്രിയകൊച്ചുമകനെ കാണാതെ അവർ മരിച്ചു.അവസാനനിമിഷത്തിലും അപ്പുക്കുട്ടാ എന്നു വിളിച്ചുകൊണ്ടായിരുന്നു മരണം.
പിന്നെ ഹരികുമാരമേനോൻ. തനിക്കു പ്രിയപ്പെട്ട ഭർത്തൃപിതാവ്.പൂർണ ആരോഗ്യവാനായിരുന്ന അദ്ദേഹം എത്ര ദുഖം സഹിച്ചുകാണും.ഒരു ദിവസം പെട്ടെന്നു ഹാർട്ടറ്റാക്ക് വന്നു മരിച്ചു.

എത്ര നിർഭാഗ്യവാനായ അച്ഛൻ. മകനെ ഒരു നോക്കു കാണാൻ സാധിക്കാതെ, അന്ത്യകർമങ്ങൾ കിട്ടാൻ ഭാഗ്യമില്ലാതെ....
തന്റെ അച്ഛനായ കൃഷ്ണകുമാറും കിടപ്പിലാണ്. മകളുടെ ദുർഗതി കണ്ടു കണ്ട് വിഷമിച്ച്.....

എത്രപേരുടെ ജീവിതങ്ങളാണ് അപ്പുവിന്റെ തിരോധാനം മൂലം പൊലിഞ്ഞത്. എത്രപേർക്കു പ്രിയപ്പെട്ടവനായിരുന്നു അപ്പു.

ഇതൊക്കെ ഓർത്തപ്പോൾ അഞ്ജലിയുടെ മനസ്സിൽ അപ്പുവിനെക്കുറിച്ചു ദേഷ്യം ഉയർന്നെങ്കിലും പെട്ടെന്നവൾ സ്വയം ശാസിച്ചു.തന്നോടുള്ള അതിരറ്റ സ്നേഹമല്ലേ അവനെക്കൊണ്ട് ഈ കടും കൈ ചെയ്യിപ്പിച്ചത്.

എല്ലാം താനറിയുന്നത് വൈകിയാണ്. ആഴ്ചകൾക്കു മുൻപ്. അപ്പുവിന് ഒരു മനസ്സാക്ഷിസൂക്ഷിപ്പുകാരനായ കൂട്ടുകാരനുണ്ടായിരുന്നു. രോഹൻ. പക്ഷേ തനിക്കയാളെ അറിയുമായിരുന്നില്ല. അപ്പുവിന്റെ ചില കൂട്ടുകാരാണ് രോഹന്റെ കാര്യം പറഞ്ഞത്.എന്തുകാര്യങ്ങളും അവർ തമ്മിൽ പറയാറുണ്ടായിരുന്നത്രേ...

രോഹനെ താൻ പോയി കണ്ടു. ആദ്യമൊന്നും പറയാൻ കൂട്ടാക്കിയില്ല.പിന്നെ അയാളുടെ മുന്നിൽവച്ച് താൻ ആത്മഹത്യ ചെയ്യുമെന്നു പറഞ്ഞു.അപ്പോഴാണയാൾ എല്ലാം പറഞ്ഞത്. തന്റെ മരണമൊഴിവാക്കാനായി അപ്പു ചെയ്ത ത്യാഗം. തേങ്ങിപ്പോയി താൻ.

ദേവപ്രയാഗിലേക്കാണു പോകുന്നതെന്നും ഇനി മടങ്ങിവരില്ലെന്നും രോഹനെ അപ്പു അറിയിച്ചിരുന്നു. ആ വാക്കുകളാണ് തന്നെ ഇവിടെ

എത്തിച്ചത്.അന്വേഷിച്ചുവരാൻ മറ്റാരുമില്ല. എവിടെ പോയി കണ്ടുപിടിക്കുമെന്നു നിശ്ചയമില്യ, കണ്ടുമുട്ടുമോയെന്നും അറിയില്ല. പ്രതീക്ഷ മാത്രം ബാക്കി.

അഞ്ജലിയെയും കൊണ്ട് ആ കാർ ദേവപ്രയാഗിലേക്കു യാത്ര തുടർന്നു. നദികൾ സംഗമിക്കുന്നിടത്ത് ഒട്ടേറെ ആശ്രമങ്ങളുണ്ടായിരുന്നു.അതിനു മുന്നിൽ കൂട്ടം കൂടി നിൽക്കുന്ന സന്ന്യാസിമാരും ബ്രഹ്മചാരിമാരും.

അവരിൽ പലരെയും അപ്പുവിന്റെ ചിത്രം കാട്ടി. എന്നാൽ ആർക്കും മനസ്സിലായില്ല.

ഒടുവിൽ ഒരു മലയാളി,കണ്ണൻ, ഒരു ഒറ്റപ്പാലത്തുകാരൻ...അയാൾ ചിത്രം കണ്ട് ഒന്നു ഞെട്ടി.

'ഇതു അനോഖി ബാബയെപ്പോലിരിക്കുന്നു' അയാൾ പറഞ്ഞു.

'അനോഖി ബാബയോ' അഞ്ജലി അയാളോടു ചോദിച്ചു.

'അതെ, ബാബ മലയാളിയാണ്.15 വർഷം മുൻപ് ഇവിടെത്തിയതാ. ഇപ്പോ 36ാം വയസ്സിൽ തന്നെ ഇവിടത്തെ ഹരിഗോവിന്ദ് മന്ദിർ ആശ്രമത്തിന്റെ മഠാധിപതിയായി. വലിയ ജ്ഞാനിയാണ്.'

www.kkstories.com

അനോഖി ബാബ തന്റെ അപ്പുവാണെന്നുള്ള പ്രതീക്ഷ അഞ്ജലിക്കുള്ളിൽ നിറഞ്ഞു വന്നു. കണ്ണൻ പറഞ്ഞതനുസരിച്ച് ലക്ഷണങ്ങളെല്ലാം കിറുകൃത്യം. മഞ്ഞിൽ മൂടി നിന്ന പോലെയുള്ള മനസ്സിൽ ഒരു സൂര്യോദയം സംഭവിക്കുന്നത് അവളറിഞ്ഞു.
ഹർഗോവിന്ദ് മന്ദിർ ആശ്രമത്തിലേക്കു കയറുമ്പോൾ അവളുടെ ഹൃദയം മിടിക്കുന്നുണ്ടായിരുന്നു.

അപ്പു, എങ്ങനെയുണ്ടാകും ഇപ്പോൾ, തടിച്ചിട്ടുണ്ടാകുമോ, അതോ മെലിഞ്ഞിട്ടുണ്ടാകുമോ?

അവൻ എന്നെ ഓർക്കുന്നുണ്ടാകുമോ?

ഇനി....ഇനി അവൻ തന്നെ തിരിച്ചറിയാതെയിരിക്കുമോ?
ആയിരം ചോദ്യങ്ങൾ അവളുടെ നെഞ്ചിൽ അലയടിച്ചു.

ആശ്രമത്തിന്റെ ഇടനാഴികളിലൂടെ പ്രാർഥനാഗൃഹത്തിലേക്ക് അവൾ നടന്നു. അവിടെ ഒരുകൂട്ടം വിശ്വാസികളോ സന്ന്യാസിമാരോ ആണെന്നു തോന്നുന്നു.അവർ

പ്രാർഥനയ്ക്കായി നിൽക്കുന്നു. അവരെല്ലാം വെള്ളവസ്ത്രങ്ങളാണ് അണിഞ്ഞിരുന്നത്.
പെട്ടെന്ന് ഒരു മണിശബ്ദം കേട്ടു.കാവി വസ്ത്രം ധരിച്ച ഒരു നീളമുള്ള ആൾ കൈയിൽ വലിയ ഒരു കൂട്ടവിളക്കുമായി ആ കൂട്ടത്തിലേക്കു വരുന്നു.അയാളുടെ കൈയിലെ വിളക്കിൻ കൂട്ടത്തിൽ നിന്നുള്ള തീനാളത്തെ വണങ്ങുകയാണ് കൂടി നിന്നവർ. ഒരു സഹായി കൂടെ നടക്കുന്നു.അയാളുടെ മറവ് കാരണം കൂട്ടവിളക്ക് പിടിച്ചയാളെ ശരിക്കു കാണാൻ സാധിക്കുന്നില്ല.

അഞ്ജലി കുറച്ചുകൂടി മുന്നോട്ടു കടന്നു നിന്നു.

സഹായി കുറച്ചു പിന്നിലേക്കു മാറി.കാവിവസ്ത്രം ധരിച്ച ആ സന്ന്യാസിയെ അഞ്ജലി ശരിക്കും കണ്ടു.

വെളുത്തു നീളമുള്ള സുന്ദരനായ പുരുഷൻ,അയാൾ നീണ്ട മുടിയും താടിയും വളർത്തിയിരുന്നു.ആത്മീയമായ തേടലുകൾക്കും ശമിപ്പിക്കാനാകാത്ത ദുഖം ആ മുഖത്തും കണ്ണുകളിലും ഘനീഭവിച്ചു കിടന്നു.ഒറ്റ നോട്ടത്തിൽ അഞ്ജലി ആ പുരുഷനെ തിരിച്ചറിഞ്ഞു.

അനോഖി ബാബ. തന്റെ അപ്പു.

www.kkstories.com

അവളുടെ ഹൃദയത്തിൽ ആയിരം പുഴകൾ ഒന്നിച്ചു പൊട്ടിയൊഴുകി. ഒടുവിൽ ഇതാ....15 കൊല്ലത്തെ തേടലുകൾക്കു ശേഷം.

അഗ്നിനാളം തൊട്ടുതൊഴാൻ നിന്നവരുടെ കൂട്ടത്തിലേക്ക് അവളും കൂടി.

അനോഖി ബാബ അവൾക്കു സമീപമെത്തി.

'രാധേ ശ്യാം, രാധേ ശ്യാം..' അയാളുടെ സഹായി ഉച്ചത്തിൽ പ്രാർഥനാ മന്ത്രം ചൊല്ലി.കൂടി നിന്നവർ ഏറ്റു ചൊല്ലിക്കൊണ്ട് ആ അഗ്നിനാളത്തിനു സമീപത്തേക്കു തങ്ങളുടെ കൈകൾ നീട്ടി.

നിമിഷങ്ങൾ കടന്നു. അനോഖി ബാബയും സഹായിയും വിളക്കുമായി അഞ്ജലിക്കു മുന്നിലെത്തി. തന്റെ മനോഹരമായ കൈകൾ അവൾ ആ വിളക്കിൻ നാളത്തിലേക്കു നീട്ടി. മുന്നോട്ടു നോക്കി നിന്ന അനോഖി ബാബയുടെ ശ്രദ്ധ ഒരു നിമിഷം ആ കൈകളിലേക്കു വീണു.

പരിചിതമായ കൈകൾ, തന്റെ പ്രാണപ്രേയസിയുടെ കൈകൾ.

അപ്പു വിറയലോടെ നോട്ടമുയർത്തി. തനിക്കു നേരെ ജ്വലിക്കുന്ന നോട്ടമെറിഞ്ഞു നിൽക്കുന്ന അഞ്ജലി. അവളുടെ കൺകോണുകളിൽ കോപമാണോ സഹതാപമാണോയെന്നു തിരിച്ചറിയാനാകാത്ത വികാരം.

അനോഖി ബാബയെന്ന അപ്പു ഞെട്ടി പിന്നോക്കം മാറി.വിളക്കിലെ തീനാളം കെട്ടു. അയാളുടെ ചുണ്ടുകളിൽ അവളുടെ പേര് പ്രകമ്പനം കൊണ്ടു....

'അഞ്ജലി''....

ദേവപ്രയാഗിന്റെ ആകാശത്ത് മേഘങ്ങൾ ഉരുണ്ടുകൂടി.മഞ്ഞുപുതച്ചു നിൽക്കുന്ന ഭൂമിയിലേക്കു മഴ ചാറിപ്പെയ്തു. തണുപ്പിന്റെ എല്ലാ രസവുമുൾക്കൊണ്ടുള്ള മാരിപ്പെയ്ത്ത്.

'സബ് ഫാഗോ..' കൂട്ടം കൂടി നിന്നവർ മഴകൊള്ളാതെ പലസ്ഥലങ്ങളിലേക്ക് ഓടിപ്പോയി.ഹരിഗോവിന്ദ് മന്ദിറിന്റെ വിശാലമായ നടുമുറ്റത്ത് മഴയിൽ നനഞ്ഞ് അപ്പുവും അഞ്ജലിയും നിന്നു.

അഞ്ജലിയുടെ നെറ്റിയിൽ തൊട്ടിരുന്ന സിന്ദൂരം പടർന്ന് അവളുടെ മുഖത്തേക്കൊഴുകി.

www.kkstories.com

കുറേ നേരം രണ്ടുപേരും ഒന്നും മിണ്ടിയില്ല. മെല്ലെ മഴ ശമിച്ചു.

നനഞ്ഞ മുടിയും താടിയും കാവി അംഗവസ്ത്രവുമായി അപ്പു അവളെത്തന്നെ ചലനമറ്റതുപോലെ നോക്കി നിന്നു.

'അപ്പൂ' അഞ്ജലി വിളിച്ചു, 'സുഖമാണോ...' അവളുടെ ആ ചോദ്യത്തിൽ വെറുപ്പോ ദേഷ്യമോ ഇല്ലായിരുന്നു. മഴയത്ത് ആർദ്രമായ പൂവിന്റെ ഇതൾ പോലെ ആ ചോദ്യം അപ്പുവിനെ കുത്തി.

'സുഖം, അഞ്ജലി എന്നെ എങ്ങനെ കണ്ടുപിടിച്ചു. ഞാൻ....' അവൻ എന്തോ പറയാൻ തുടങ്ങിയപ്പോൾ അവൾ കൈയുയർത്തി തടഞ്ഞു.

'എല്ലാം അറിഞ്ഞാണു ഞാൻ വന്നിരിക്കുന്നത്.രോഹൻ എന്നോട് എല്ലാം പറഞ്ഞു.' അപ്പുവിന്റെ മുഖത്തു പ്രത്യേകിച്ചു ഭാവഭേദമൊന്നുമുണ്ടായില്ല.

'അഞ്ജലി ഇവിടെ എങ്ങനെ കഴിയും, എത്രനാളുണ്ടാകും?' അപ്പു ചോദിച്ചു.

'എനിക്കറിയില്ല.' അഞ്ജലി പറഞ്ഞു.

'ആശ്രമത്തിൽ കഴിയാം....' അപ്പു അവളോടു പറഞ്ഞു.

'വേണ്ട, ഞാൻ ഗംഗാസാഗർ നികുഞ്ജിൽ ഒരു റൂം എടുത്തിട്ടുണ്ട്.' അവൾ പറഞ്ഞു.

'പൂജ തുടങ്ങാൻ സമയമായി' അപ്പു പറഞ്ഞു. 'അഞ്ജലി പോയ്ക്കോളൂ'

അഞ്ജലി വിശ്വസിക്കാനാകാതെ നിൽക്കുകയായിരുന്നു. എങ്ങനെ ഒരു അന്യയെപ്പോലെ തന്നോടു പെരുമാറാൻ അപ്പുവെന്ന തന്റെ ഭർത്താവിനു സാധിക്കുന്നു. 15 വർഷത്തെ സന്ന്യാസം എന്നെന്നേക്കുമായി തന്നിൽ നിന്ന് അപ്പുവിനെ അകറ്റിക്കൊണ്ടുപോയോ? അവളുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

'അപ്പൂ,' അവൾ അവനെ വിളിച്ചു.

അവൻ കൈയുയർത്തി തടഞ്ഞു. 'അങ്ങനെ വിളിക്കരുത്. അതെന്റെ പൂർവാശ്രമ നാമമാണ്. ഇപ്പോൾ ഞാൻ അനോഖി ബാബയാണ്.'

'എന്തു ബാബയായാലും എനിക്ക് നീ എന്റെ അപ്പു മാത്രമാണ്. എത്ര ജഡ ധരിച്ചാലും. ഇതെല്ലാം വെറും കള്ളമാണ്. ഞാൻ മരിക്കുമെന്നു കരുതി നീയുണ്ടാക്കിയ കപടവേഷം. എന്റൊപ്പം വരണം അപ്പു. ഞാൻ നിന്റെ കാലു പിടിക്കാം.' അഞ്ജലി അവനു നേർക്കു തൊഴുതുകൊണ്ടു പറഞ്ഞു.

'ഇവിടെ നിന്നു പോകൂ.....' തന്റെ ഇരു ചെവികളിലും കൈകൾ വച്ച് അപ്പു അലറി. അഞ്ജലി അവനെ രൂക്ഷമായി നോക്കി.

'അപ്പൂ,പഴയ ഇരുപത്തൊന്നുകാരല്ല നമ്മൾ രണ്ടുപേരും.പ്രായമായിരിക്കുന്നു.'
' ശരി നീ എനിക്കൊപ്പം വരേണ്ട.,ഞാൻ ഹോട്ടലിൽ കാത്തിരിക്കും. ഇന്നൊരു ദിവസം ..അല്ല ഇന്നൊരു രാത്രി നീ എനിക്കൊപ്പം ചെലവിടണം. നിന്റെ കെട്ടുതാലി ഇത്രയും നാൾ ചുമന്നു നടന്നവൾ എന്ന നിലയ്ക്ക് എനിക്ക് അതിനർഹതയില്ലേ അപ്പൂ. ഇന്നു നീ വരണം.'

'ഇല്ല എനിക്കു പറ്റില്ല. എന്തെങ്കിലും പറയണമെന്നുണ്ടെങ്കിൽ ഇവിടെ നിന്നു സംസാരിക്കാം. രാത്രി വരില്ല ഞാൻ' അപ്പു പറഞ്ഞു.

'പേടിക്കേണ്ട., നീയുമായി സെക്സിലേർപ്പെടാൻ അല്ല ഞാൻ വിളിക്കണത്. ഞാൻ പ്രോമിസ് ചെയ്യുന്നു.അതു കൊണ്ട് അപ്പൂ, നീ വരണം, ഞാൻ കാത്തിരിക്കും.'അഞ്ജലി പറഞ്ഞു തിരികെ നടന്നു.മഞ്ഞിന്റെ പശ്ചാത്തലത്തിൽ ചുവന്ന അഗ്നിനാളം പോലെ നടന്നു നീങ്ങുന്ന അവളെ നിർന്നിമേഷനായി അപ്പു നോക്കി നിന്നു.

ദേവപ്രയാഗിലെ പൗരാണികമായ ഹോട്ടലാണു ഗംഗാസാഗർ നികുഞ്ജ്. ചിത്രപ്പണികളുള്ള ചുവരുകളുള്ള തന്റെ മുറിയിൽ ഭിത്തിയിലെ ഒരു ചിത്രം നോക്കിയിരിക്കുകയായിരുന്നു അഞ്ജലി. ലങ്കയിലെ യുദ്ധം ജയിച്ച ശേഷം സീതാദേവിയെ പരിത്യജിക്കുന്ന രാമന്റെ മുഖഭാവങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഒരു പെയിന്റിങ്. അതിലെ രാമനു തന്റെ അപ്പുവിന്റെ മുഖമാണെന്ന് അഞ്ജലിക്കു തോന്നി.

അവളെഴുന്നേറ്റു ബാൽക്കണിയിലേക്കു നടന്നു. സന്ധ്യ മയങ്ങിത്തുടങ്ങിയിരുന്നു. ഹോട്ടലിന്റെ വിശാലമായ പൂന്തോട്ടം ആ ബാൽക്കണിയിൽ നിന്നാൽ കാണാം. അകലെ ദേവപ്രയാഗിന്റെ കമനീയമായ ദൃശ്യം. കൈകളിലെ ധൂപപാത്രങ്ങളിൽ സാമ്പ്രാണി പുകച്ച് സന്ന്യാസിമാർ നടക്കുന്നു. ജീവിതത്തിൽ നിന്നു മോക്ഷം നേടാൻ ആഗ്രഹിച്ചു വന്ന ഒട്ടേറെപ്പേർ..അവരുടെ നിസ്സംഗമായ നോട്ടങ്ങൾ. മഞ്ഞിന്റെ തണുപ്പിലലിഞ്ഞു ചേർന്ന ചന്ദനത്തിരികളുടെ ഗന്ധം.

www.kkstories.com

അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. കൈ തന്റെ വായിൽ പൊത്തിപ്പിടിച്ച് അവൾ ശബ്ദമില്ലാതെ കരഞ്ഞു.
ഇതിനു മാത്രം എന്തു തെറ്റു ചെയ്തൂ ഞാൻ....എന്റെ ദൈവങ്ങളേ..

'മേംസാബ്, മേംസാബ്...'
വാതിൽക്കലുള്ള ഒരു മുട്ടു കേട്ടാണ് അവളുടെ ശ്രദ്ധ തിരിഞ്ഞത്.

കതകു തുറന്ന അഞ്ജലി കണ്ടത് ഹോട്ടലിലെ

ജോലിക്കാരിലൊരാളെയാണ്.തലപ്പാവൊക്കെയുള്ള ഒരു ജോലിക്കാരൻ.
'കോയി ആദ്മി ആപ്കോ മിൽനേ കേലിയേ ആയാ, റിസപ്ഷൻ മേ ' അയാൾ പറഞ്ഞു.'ഉസ്കോ അന്തർ ആനേ കോ ബോലിയേ' അവൾ പറഞ്ഞു.

'ജീ' ജോലിക്കാരൻ പിന്തിരിഞ്ഞു.

കുറച്ചു നിമിഷങ്ങൾ, ഒരു പാദപതന ശബ്ദം നേർത്തു കേട്ടു. പിന്നീടത് ഉച്ചസ്ഥായിയിലായി.

അപ്പു മുറിയിലേക്കെത്തി.മൂക്കിനു താഴെ താടിയുൾപ്പെടെ മൂടുന്ന പുള്ളിക്കുത്തുകളുള്ള ഒരാവരണവും തലപ്പാവും അവൻ അണിഞ്ഞിരുന്നു.അനോഖി ബാബയായ തന്നെ ആരും തിരിച്ചറിയാതിരിക്കാനായിരുന്നു അവന്റെ വേഷംമാറൽ.

'വരൂ' ആഹ്ലാദം ഇടനെഞ്ചിൽ പൊട്ടിമുളച്ച ശബ്ദത്തിൽ അഞ്ജലി അവനെ സ്വാഗതം ചെയ്തു.

എത്രയോ കാലമായി കൈവിട്ട തന്റെ പുരുഷൻ, തന്റെ സീമന്തരേഖയിലെ സിന്ദൂരത്തിന്റെ അവകാശി....

നീണ്ട കുർത്തയും പാന്റും ധരിച്ച് നിന്ന അപ്പുവിന്റെ പ്രാകൃതമായ ആ രൂപത്തോട് അവൾക്ക് ദേഷ്യമൊന്നും തോന്നിയില്ല. എല്ലാം തനിക്കു വേണ്ടിയായിരുന്നു. തനിക്കു വേണ്ടി. ആ ഉള്ളു നിറയെ സ്നേഹമാണ്.കുറ്റപ്പെടുത്താനല്ല താൻ ഇത്രടം വന്നിരിക്കുന്നത്. അതവൾക്കു നന്നായി അറിയാമായിരുന്നു.

'അപ്പു ഇരിക്കൂ' മുറിയിലെ കസേര കാട്ടി അവൾ പറഞ്ഞു.അവൻ ആ കസേരയിൽ തലകുനിച്ചിരിപ്പായി.

www.kkstories.com

ഒരു ഗ്ലാസിൽ ഫ്ളാസ്കിൽ നിന്നു ചായ പകർന്ന് അവൾ അവനു സമീപമെത്തി.അവൻ മുഖാവരണവും തലപ്പാവും അഴിച്ചു ടീപ്പോയിൽ വച്ചു.അവളുടെ കൈയിൽ നിന്നു ചായ വാങ്ങി മെല്ലെ മൊത്തിക്കുടിച്ചു.റോസ് നിറമുണ്ടായിരുന്ന മനോഹരമായ അപ്പുവിന്റെ പനിനീർച്ചുണ്ടുകൾ മഞ്ഞുനാട്ടിലെ ജീവിതം മൂലം വരണ്ടുണങ്ങിയിരുന്നു.

'അഞ്ജലി വരേണ്ടിയിരുന്നില്ല.' അപ്പു മൗനം ഭഞ്ജിച്ചു സംസാരിച്ചു തുടങ്ങി.

അവൾ അതിനുത്തരം നൽകിയില്ല. അവന്റെ അരികിലുള്ള ഒരു കസേരയിൽ അവളും ഇരിപ്പുറപ്പിച്ചു.

'ഞാനിത്രകാലം എന്തു ചെയ്യുകാണെന്നാണ് അപ്പു വിചാരിച്ചിരുന്നത് ' അവൾ അവനോടു ചോദിച്ചു.

ഒരു നിമിഷം എന്തോ ഇടറിപ്പറഞ്ഞ ശേഷം അവൻ മറുപടി പറഞ്ഞു.'ഞാൻ വിചാരിച്ചു നീ എന്നെ മറന്ന് മറ്റൊരു വിവാഹമൊക്കെ ചെയ്ത് ജീവിച്ചുതുടങ്ങിക്കാണുമെന്ന്. ഞാനാഗ്രഹിച്ചതും അതു തന്നെയാണ്.'

അത്ര നേരം ശാന്തമുഖഭാവത്തിൽ ഇരുന്ന അഞ്ജലിയുടെ ഭാവം മാറിയത് അപ്പോഴാണ്. അവൾ പരിസരം മറന്ന് അലറിവിളിച്ചു. അവന്റെ മുഖത്തും തോളിലും അവളുടെ കൈത്തലങ്ങൾ ഉയർന്നു വീണു. പടക്ക് പടക്ക് എന്ന് അടി പൊട്ടി.

'നീയെന്നെ വിട്ട് ഓടിപ്പോയതിൽ എനിക്ക് ദുഖമില്ലപ്പൂ, പക്ഷേ നിനക്കിത് തോന്നിയല്ലോ, നീയെന്നെക്കുറിച്ച് ഇത്രയുമല്ലേ മനസ്സിലാക്കിയുള്ളല്ലോ,' അവന്റെ മുടിയിൽ കുത്തിപ്പിടിച്ച് അവൾ സങ്കടത്തോടെ പറഞ്ഞു.

അവൻ ഒന്നും മിണ്ടിയില്ല.

'നീ മരിക്കാൻ ഞാൻ സമ്മതിക്കില്ല അഞ്ജലീ , നീയിവിടുന്ന് പോണം നാളെത്തന്നെ, നിന്റെ അപ്പുവല്ല ഞാൻ , അനോഖി ബാബയാണ്. നീ മരിക്കാതിരിക്കാനാണ് ഞാൻ ഈ വേഷം അണിഞ്ഞത്.ഇനി എനിക്ക് ഒരു തിരിച്ചുപോക്കില്ല. അതോണ്ട് നീ പോണം.'

'ഞാനെന്നേ മരിച്ചു അപ്പൂ, നീ വിട്ടുപോയപ്പോൾ തന്നെ' അഞ്ജലി മുഖം പൊത്തി കരഞ്ഞു.

www.kkstories.com

കുറച്ചു നേരം അപ്പു മിണ്ടാതെയിരുന്നു. എന്നിട്ട് അവളുടെ അടുത്തെത്തി അവളെ ആശ്വസിപ്പിച്ചു.

' പോ അഞ്ജലീ പോ...ഇത് നിന്റെ സ്ഥലമല്ല.,,,' അവൻ അവളോടു പറഞ്ഞു.

കുറച്ചു നേരം അഞ്ജലി കരഞ്ഞു.'ശരി ഞാൻ പോയേക്കാം ഗദ്ഗദത്തോടെ അവൾ പറഞ്ഞു. പക്ഷേ ഈയൊരു രാത്രി , ഈയൊരു രാത്രി എന്റെ അപ്പു എന്നോടൊത്ത് കഴിയണം' അവൾ കേണു.

'സാധ്യമല്ല' അപ്പു വെട്ടിത്തുറന്നു പറഞ്ഞു.

'വേണം അപ്പു ഇന്നു മാത്രം, നമ്മൾ തമ്മിൽ നീ പേടിക്കുന്നതുപോലെയൊന്നും സംഭവിക്കില്ല' അഞ്ജലി വീണ്ടും കേണപേക്ഷിച്ചു.

അപ്പുവിന്റെ ഹൃദയം അലിഞ്ഞു. എത്ര വലിയ സന്ന്യാസിയാണെങ്കിലും ഇതായിരുന്നു താൻ തേടിയ സ്നേഹം, അവൾ പൊട്ടിക്കരയുകയാണ്.അവനു സഹിച്ചില്ല.

അവൻ മൗനം തുടർന്നു,സമ്മതമെന്ന് അറിയിക്കുന്ന മൗനം.അവളതു വേഗം തിരിച്ചറിഞ്ഞു.

ഇന്ന് ഒരു രാത്രി..വീണ്ടും അവൾ കെഞ്ചലിന്റെ സ്വരത്തിൽ പറഞ്ഞു. അവൻ തലയാട്ടി.ലോകം പിടിച്ചടക്കിയ സന്തോഷമുണ്ടായിരുന്നു അഞ്ജലിയുടെ മുഖത്ത്.
അപ്പു അവളെ ശ്രദ്ധയോടെ നോക്കുകയായിരുന്നു. ഒരു ദേവതയെപ്പോലെയുള്ള അവളുടെ സൗന്ദര്യം പൊയ്പ്പോയിരുന്നു. അവളുടെ മുഖത്തു ദുഖം ഘനീഭവിച്ചു കിടക്കുന്നത് അടുത്തറിയാമായിരുന്നു.

അവരിരുവരും കഥകൾ പറഞ്ഞിരുന്നു.ഹരികുമാരമേനോന്റെയും അച്ഛമ്മയുടെയും മരണവിവരം അവളവനോടു പറഞ്ഞു.

ഞാനറിഞ്ഞിരുന്നു അഞ്ജലി, രോഹൻ അറിയിക്കുന്നുണ്ടായിരുന്നു. എല്ലാം. അവൻ പറഞ്ഞു.

കാറ്റ് അഞ്ജലിയുടെ തലമുടിയിൽ തലോടി. അവൾ എഴുന്നേറ്റ് അപ്പുവിനു സമീപം വന്നു.അവന്റെ നെഞ്ചിൽ അഞ്ജലി കൈയമർത്തി.

www.kkstories.com

'അപ്പൂ, എന്നോടൊപ്പം നാട്ടിലേക്കു വരുമോ...' അവൾ വീണ്ടും കെഞ്ചി ചോദിച്ചു.

അപ്പു വീണ്ടും അസ്വസ്ഥനായി.'പറ്റില്ലെന്നു പറഞ്ഞില്ലേ അഞ്ജലീ,പിന്നെയുമെന്തിനാ ചോദിക്കുന്നേ' അവൻ മുഖം വെട്ടിച്ചുകൊണ്ടു ചോദിച്ചു.

ഒരു നിമിഷം അഞ്ജലി പതർച്ചയോടെ നിന്നു.

'കിടക്കാം' അവൾ പറഞ്ഞു. അപ്പു ഒന്നും മിണ്ടിയില്ല.

അവരിരുവരും കിടപ്പുമുറിയിലേക്കു നടന്നു.മുറിയിലേ വലിയ കട്ടിൽ.അപ്പു മുറിയിലുണ്ടായിരുന്ന സെറ്റിയിൽ കിടക്കാൻ ഭാവിച്ചു.

'കട്ടിലിൽ കിടക്കാം മാഷേ ഞാൻ പിടിച്ചു തിന്നുകയൊന്നുമില്ല,' അവൾ പറഞ്ഞു.
ഒരു നിമിഷം സന്ദേഹത്തോടെ നോക്കിയ ശേഷം അവൻ കട്ടിലിലേക്കു കിടന്നു. അഞ്ജലി സമീപം കിടന്നു.

രാത്രിയുടെ യാമങ്ങൾ പതിയെ പിന്നിട്ടു. അപ്പുവിന് ഉറക്കം വന്നില്ല. അഞ്ജലിയുടെ ചുടുനിശ്വാസങ്ങൾ അവനു കേൾക്കാമായിരുന്നു.കുത്തുന്ന തണുപ്പ്, കട്ടിക്കമ്പിളിപ്പുതപ്പിനെയും കടന്ന് അവന്റെ ശരീരത്തിൽ തൊട്ടു.

ഏതോ ഒരു നാഴികയിൽ അവൻ ഉറക്കത്തിലേക്കു ചാഞ്ഞു. പെട്ടെന്നു വന്ന ഒരു മയക്കം.
തന്റെ ദേഹത്തെ ഏതോ ചൂടു പൊതിയുന്നത് അവനറിഞ്ഞു.സുഖകരമായ ചൂട്, സ്പർശം..
അവൻ പാതിമയക്കത്തിൽ മിഴി തുറന്നു. മരത്തിലേക്ക് ഒരു പടർപ്പൻകൊടി കയറുന്നതു പോലെ തന്നെ പുണരുകയാണ് അഞ്ജലി. അവളുടെ കൈകൾ അവനെ ഇറുകെപ്പിടിച്ചിരുന്നു.കാലുകൾ അവന്റെ തുടകളിലായിരുന്നു. ചുണ്ടുകൾ അവന്റെ കവിളുകളിലും.
അവൾ അവനെ അതീവമായ ബലത്തോടെ ചുംബിക്കുകയായിരുന്നു.

'അഞ്ജലി എന്തായിത് വിടൂ' അപ്പു അവളെ തള്ളിമാറ്റാൻ ശ്രമിച്ചു.

പക്ഷേ അവൾക്ക് ഭയങ്കരമായ കരുത്ത് ഉണ്ടായിരുന്നു.അപ്പുവിനെ അടക്കാൻ പോന്ന കരുത്ത്.

ഇരുട്ടിൽ അവളുടെ കണ്ണുകൾ മിന്നാമിന്നികളെ പോലെ തിളങ്ങി. അടക്കാനാവാത്ത ആവേശത്തിന്റെ കടൽ അവൻ അവയിൽ കണ്ടു.

'ഞാൻ മരിച്ചോട്ടെ അപ്പൂ, ഒരിക്കലെങ്കിലും എന്റെ അപ്പുവിന്റെ പെണ്ണായിട്ടു മരിക്കണം.അല്ലെങ്കിൽ എന്റെ ആത്മാവിനു പോലും സ്വസ്ഥത കിട്ടില്ല,' അവൾ പതർച്ചയോടെ പറഞ്ഞു.
അപ്പു കീഴടങ്ങുകയായിരുന്നു. 'ഇത് ചതിയാണ് ' അവൻ പറഞ്ഞു.

'അല്ല സ്നേഹമാണ് അപ്പൂ, നിന്നോടുള്ള അടങ്ങാത്ത സ്നേഹം.' കൂടുതൽ അമർത്തി അവനെ ചുംബിച്ചുകൊണ്ട് അവൾ പറഞ്ഞു.

അവളുടെ കരലാളനങ്ങളിൽ അവന്റെ മനസ്സു പറന്നു പൊങ്ങി.അവന്റെ കൈ അവളേയും വാരിപ്പുണർന്നു.

ഒരു നിമിഷം...മുഖാരി രാഗം വീണ്ടും അവന്റെ കാതിൽ അലയടിച്ചു. മരണം.......അവന്റെ അന്തരംഗം അപ്പുവിനു താക്കീതു നൽകി.

'മാറൂ..' പറഞ്ഞുകൊണ്ട് അപ്പു അവളെ തള്ളിമാറ്റി,അവളുടെ കൈയിൽ നിന്നു കുതറി അവൻ മുറിക്കു പുറത്തേക്കു കുതിച്ചു.

'അപ്പൂ നിൽക്കൂ...' ഉറക്കെ വിളിച്ചുകൊണ്ട് അഞ്ജലി അവനു പിന്നാലെ ഓടിയിറങ്ങി.
അപ്പു ഓടുകയായിരുന്നു.അവളിൽ നിന്നോടിയകലുകയായിരുന്നു. ഹോട്ടലിനു പുറത്തേക്ക്. മഞ്ഞു നിറഞ്ഞ താഴ്‌വരകളിലേക്ക് അവൻ ഓടി.

അഞ്ജലിയും ഓടുകയായിരുന്നു. ഒരിക്കൽകൂടി അവനെ നഷ്ടപ്പെടാൻ അവൾക്ക് വയ്യായിരുന്നു. അപ്പൂ അപ്പുവെന്നും വിളിച്ച് അവൾ പിന്നാലെ കുതിച്ചു.

അധികനേരമെടുത്തില്ല.ഉത്തരാഘണ്ഡിന്റെ പ്രകൃതിയിൽ ഉയർന്നു നിൽക്കുന്ന ഗിരിശൃംഗങ്ങളിൽ മഞ്ഞുപാളികൾ പൊട്ടിത്തെറിച്ചു. മണ്ണും കല്ലും മഞ്ഞും ചേർന്ന ഹിമപാതം താഴേക്കൊഴുകി..അപാരമായ കരുത്തോടെ.

അതപ്പുവിനെ തൊട്ടില്ല, പക്ഷേ അവന്റെ ഹൃദയത്തെ, അവന്റെ അഞ്ജലിയെ അതു കോരിയെടുത്തു. അവൾ ആ ഹിമപാതത്തിലേക്കു ചേർന്നു കുത്തിയൊലിച്ചു.
നിമിഷങ്ങൾ നീണ്ടു നിന്ന പ്രകൃതിയുടെ കുസൃതി.കുറച്ചു നേരത്തിൽ എല്ലാം അവസാനിച്ചു.

'അഞ്ജലീീീ.......' തന്റെ എല്ലാ് ബലവും സംഭരിച്ച് അപ്പു ഉറക്കെ നിലവിളിച്ചു.മറുപടി അവനു കിട്ടിയില്ല.

അവൻ ഒരു ഭ്രാന്തനെപ്പോലെ അവിടെല്ലാം തിരഞ്ഞു നടന്നു.മഞ്ഞുപാളികൾ പെറുക്കി മേലേക്കെറിഞ്ഞു.
എന്റെ അഞ്ജലി എന്റെ അഞ്ജലിയെവിടെ.അവൻ ഉറക്കെയുറക്കെ വിളിച്ചുചോദിച്ചു.
ഒടുവിൽ ദൂരെ ഒരു ചിഹ്നം പോലെ ഒരു ചുവന്ന പൊട്ട് അവൻ കണ്ടു. അഞ്ജലി ധരിച്ച സാരിയുടെ ചുമപ്പ്. അവൻ അങ്ങോട്ടേക്കു കുതിച്ചു.

ഈശ്വരാ ഒന്നും ഉണ്ടായിക്കാണല്ലേ, പ്രാർഥനയോടെ മന്ത്രിച്ചുകൊണ്ട് അവനാ ഭാഗത്തെ മഞ്ഞുമാറ്റി.
കുറച്ചുനേരത്തെ തിരച്ചിൽ, മഞ്ഞിൽ അഞ്ജലിയുടെ രൂപം കണ്ടെത്തി. അവളുടെ മുഖത്ത് നിർജീവമായ ഒരു ചിരിയുണ്ടായിരുന്നു. അപ്പൂ അപ്പൂവെന്ന് അവൾ വിളിക്കുന്നുണ്ടായിരുന്നെന്ന് അപ്പുവിനു തോന്നി.അവനാ ശരീരത്തെ മാറോടണച്ചു.
പക്ഷേ...തണുത്തു വിറങ്ങലിച്ചിരുന്നു അവൾ..

www.kkstories.com

മരിച്ചിരുന്നു അവൾ....അവളുടെ ശവശരീരത്തെ കെട്ടിപ്പിടിച്ച് അവൻ അലറിക്കരഞ്ഞു.
'എന്റെ ഈശ്വരൻമാരേ, തെറ്റൊന്നും ചെയ്തില്ലല്ലോ ഞാൻ , പിന്നെന്തിനേ ഇതു ചെയ്തൂ' അവൻ അലറിവിളിച്ചു.
അവന്റെ കരച്ചിൽ താഴ്‌വരയിലെ മലമടക്കുകളിൽ തട്ടി പ്രതിഫലിച്ചു.നിർത്താതെ കരയുകയായിരുന്നു അപ്പു. അവന്റെ കണ്ണീരിനെ ആവാഹിച്ച് ഗംഗാനദി മൗനമായി ഒഴുകി.
അവന്റെ അഞ്ജലി മരിച്ചിരുന്നു.
മഞ്ഞുകാറ്റിൽ മുഖാരി രാഗത്തിന്റെ പ്രകമ്പനം ഉയർന്നുയർന്നു വന്നു.

--------------------------------

'അപ്പൂ, അപ്പൂ എഴുന്നേൽക്ക് എന്താ ഈ പിച്ചും പേയും പറയുന്നത്.' അപ്പു കണ്ണു തുറന്നു നോക്കി.തന്നെ കുലുക്കിവിളിക്കുന്ന അഞ്ജലിയുടെ മുഖമാണ് അവൻ കണ്ടത്. അവളുടെ മുഖത്തു ദേഷ്യവും വെപ്രാളവും നിഴലിച്ചിരുന്നു.

'അച്ഛനെന്തിനാ അപ്പൂനു മദ്യം കൊടുത്തത്. അവന് അതൊന്നും ശീലമില്ല. ദേ ലക്കുകെട്ടു പോയതു കണ്ടില്ലേ.' അഞ്ജലി ക്രുദ്ധമായ മുഖഭാവത്തോടെ കൃഷ്ണകുമാറിനെ നോക്കി. സരോജയും അയാളെ കുറ്റപ്പെടുത്തുന്ന രീതിയിൽ നോക്കി.
കൃഷ്ണകുമാർ അബദ്ധം പിണഞ്ഞതു പോലെ നിന്നു. ഒറ്റപ്പെഗ്ഗിൽ അപ്പു ഔട്ടായിപ്പോകുമെന്ന് അയാൾ വിചാരിച്ചിരുന്നില്ല. 'ഇപ്പഴത്തെ പിള്ളേർക്കൊന്നും തീരെ ആമ്പിയറില്ല.' പറഞ്ഞുകൊണ്ട് അയാൾ നടന്നകന്നു.

അപ്പുവിനു കുറേശ്ശേ ബോധം എത്തിത്തുടങ്ങി. ദേവപ്രയാഗ്, അഞ്ജലി എന്നൊക്കെ അവൻ പറഞ്ഞുകൊണ്ടിരുന്നു.

'അപ്പുക്കുട്ടാ, എന്തു പറ്റിയെടാ മോനേ നിനക്ക്?' സരോജ അവനരികിൽ വന്നു തോളിൽ തൊട്ടുകൊണ്ടു ചോദിച്ചു.

'അഞ്ജലി മരിച്ചുപോയി അമ്മേ, ദേവപ്രയാഗിൽ ...മഞ്ഞിടിഞ്ഞ്.'അവൻ കരച്ചിലോടെ പറഞ്ഞു.

'ങേ...' അഞ്ജലി വായ പിളർന്നു നിന്നു.

'നീ ഇതെന്തൊക്കെയാ ഈ പറയുന്നേ,' അവന്റെ കൈത്തണ്ടയിൽ മൃദുവായി ഒന്നടിച്ച് സരോജ പറഞ്ഞു. 'അഞ്ജലിയല്ലേ ഇവിടെ നിൽക്കുന്നത്.'

'അയ്യോ പ്രേതം' അവൻ ഉറക്കെ അലറി.

'പ്രേതമോ ഞാനോ? നീയിങ്ങുവാ കാണിച്ചുതരാം.' ഇളിക്കു കൈകുത്തി അഞ്ജലി ദേഷ്യത്തോടെ പറഞ്ഞു.

'ശ്ശേ..' സരോജ അഞ്ജലിയുടെ നേർക്കു ശാസനാഭാവത്തിൽ നോക്കി. 'അവനൊരു ദുസ്വപ്നം കണ്ടതാ. വെളിയിൽ ഇരുന്നതു മതി. അകത്തുപോയേ..അഞ്ജലി ഇവനെ അകത്തേക്കു കൊണ്ടുപോ..' അവർ മകളോടു പറഞ്ഞൂ.

'അപ്പൂ, ഇനി ആരു തന്നാലും മദ്യം കുടിക്കരുതു കേട്ടോ, ചീത്തശീലം..' അവർ അപ്പുവിന്റെ മുടിയിൽ മെല്ലെ തലോടി പറഞ്ഞു.

'ഇല്ലമ്മേ' അ്പ്പു അവർക്ക് ഉറപ്പുനൽകി.

'എന്തു സ്വപ്നമാ പൊന്നുമോൻ കണ്ടത് ' കിടക്കറയിലേക്കു നടക്കുന്നതിനിടെ അഞ്ജലി അപ്പുവിനോടു ചോദിച്ചു.

അപ്പു താൻ കണ്ട സ്വപ്നത്തെക്കുറിച്ച് അവളോടു പറഞ്ഞു.അഞ്ജലി അവന്റെ തോളിൽ അമർത്തി പൊട്ടിപ്പൊട്ടിച്ചിരിച്ചു.

www.kkstories.com

'എടാ പൊട്ടൻ അപ്പൂസ്, നീയെന്തായാലും ഒരു മണിക്കൂർ സ്വപ്നം കൊണ്ടു 15 വർഷം മുന്നിലേക്കൊക്കെ പോയല്ലോ,' അവൾക്കു ചിരിയടക്കാനായില്ല.

'ഓഹ് മൈ ഗോഡ്, എന്തൊരു റിയലിസ്റ്റിക് ആയിരുന്നെന്നോ ആ സ്വപ്നം' അപ്പു അഞ്ജലിയോടു പറഞ്ഞു.

' എന്റെ അപ്പൂ, പേടിക്കണ്ടാട്ടോ, നമ്മുടെ ജാതകമെല്ലാം എണ്ണം പറഞ്ഞ ജ്യോത്സ്യൻമാരെക്കൊണ്ടു നോക്കിപ്പിച്ചതാണ്.' അഞ്ജലി അവനോടു പറഞ്ഞു.

'ഹൂം, എനിക്കങ്ങനെ പേടിയൊന്നുമില്ലാ.' കിടക്കയിലേക്കിരുന്നു കൊണ്ട് അപ്പു പറഞ്ഞു.
'ഉവ്വുവ്വേ, പേടിത്തൊണ്ടൻ അപ്പൂസ് ' അഞ്ജലി അവനെ ചൊടിപ്പിക്കാനായി പറഞ്ഞു.
അപ്പുവിന്റെ മുഖം ചുമന്നു. 'ഞാൻ പേടിത്തൊണ്ടനല്ല,' അവളുടെ കൈകളിൽ പിച്ചിക്കൊണ്ട് അവൻ പറഞ്ഞു.

ഔ...വേദനയിൽ ശബ്ദം ഉയർത്തി അഞ്ജലി അപ്പുവിന്റെ കൈകളിൽ തമാശയ്ക്ക് അടിച്ചു. 'പേടിത്തൊണ്ടൻ പേടിത്തൊണ്ടൻ അപ്പൂസ്...' അവൾ വീണ്ടും പലതവണ പറഞ്ഞു.
പക്ഷേ അവനതു വേദനിച്ചു.

'പോ..' അവൾക്ക് ഒരു തള്ളു വച്ചുകൊടുത്തിട്ട് അവൻ കിടക്കയിൽ നിന്നെഴുന്നേറ്റു മുറിയിൽ കിടന്നിരുന്ന ഒരു സെറ്റിയിൽ പോയിരുന്നു.

അവൾ കിടക്കയിൽ ഇരുന്നു അപ്പുവിനെ സാകൂതം നോക്കി.ദേഷ്യം കൊണ്ടു ചുവന്നു ഹൽവ പോലെയിരുന്ന അവനെ കാണാൻ ഒരു പ്രത്യേക രസമായിരുന്നു, അവൾക്കവനോടു ഭയങ്കരമായി സ്നേഹവും അവന്റെ ഇരിപ്പിൽ കൗതുകവും തോന്നി.

തെളിഞ്ഞു കത്തുന്ന നിലവിളക്കു പോലെയായിരുന്നു അഞ്ജലി. വൈദേഹിപ്പട്ടുതുണിയിലുണ്ടാക്കിയ വെള്ള സെറ്റുസാരിയിലും ട്രഡീഷനൽ ആഭരണങ്ങളിലും അവൾ ഒരു അപ്സരസ്സിനെപ്പോലെ തോന്നിച്ചു. വിണ്ണിൽ നിന്നു ഭൂമിയിലേക്കെത്തിയ സുരസുന്ദരി.
'അപ്പൂസ് ' കടക്കണ്ണിറുക്കി ചുവന്ന ചുണ്ടുകൾ ഭംഗിയിൽ വക്രിച്ച് അവൾ അപ്പുവിനെ വിളിച്ചു.പക്ഷേ അവൻ മൈൻഡ് ചെയ്തില്ല.

www.kkstories.com

അവൾ വശ്യമായി വീണ്ടും പലതവണ അവന്റെ പേരു വിളിച്ചു. പക്ഷേ അവൻ അപ്പോഴും മൈൻഡ് ചെയ്തില്ല.

'അങ്ങനെ പിണങ്ങിയാൽ പറ്റില്ലല്ലോ,' അവൾ എഴുന്നേറ്റു മെല്ലെ അടിവച്ചടിവച്ച് അവനു സമീപമെത്തി. ഒരു പ്രത്യേകതാളത്തിലുള്ള ആ നടപ്പിനു പോലും ഒരു വശ്യഭംഗിയുണ്ടായിരുന്നു.

അവൾ അവന്റെ മുഖത്തിനു നേർക്കു കൈനീട്ടി. ദീപ്തമായ അവളുടെ മുഖത്ത് ഒരു പുഞ്ചിരി പൂത്തു നിന്നു.

'വാ' അവൾ വിളിച്ചു. അപ്പു മുഖം വെട്ടിച്ചു നിന്നു.
'ശ്ശൊ വാന്നേ....' അവൾ വശ്യമധുരമായി വീണ്ടും വിളിച്ചു.അവനിത്തവണയും മുഖം വെട്ടിച്ചിരിക്കുന്നത് തുടർന്നു.

അവൾ അവന്റെ സമീപമെത്തി.അവന്റെ മടിയിൽ ഇരുന്നു.അവൻ പിടിച്ചുമാറ്റാനൊന്നും പോയില്ല. അവൾ അവന്റെ കഴുത്തിലൂടെ കൈയിട്ട് അവന്റെ മുഖത്തേക്കു തന്റെ ചുണ്ടുകൾ അടുപ്പിച്ചു.

അപ്പുവിന്റെ മുഖത്തു ചുംബനങ്ങൾ പെരുമഴ പോലെ വീണു.

ഓരോ ചുംബനത്തിലും അപ്പുവിന്റെ മുഖത്തു വൈദ്യുതി തരംഗങ്ങൾ പാഞ്ഞു നടന്നു.'മതി നിർത്തിക്കോ, നാളെ തുലാഭാരമുള്ളതാ ഞാൻ വ്രതത്തിലാ' അവൻ പറഞ്ഞു.

'അയ്യടാ അച്ഛന്റെ കൈയീന്നു കള്ളുവാങ്ങിക്കുടിക്കുമ്പോൾ ഈ വ്രതം എവിടെ പോയാരുന്നു.' അവന്റെ മുഖത്തു വിരൽ കൊണ്ടു കുത്തിക്കൊണ്ട് അഞ്ജലി പറഞ്ഞു.

'അതു പിന്നെ അങ്കിൾ തരുമ്പോൾ എങ്ങനെ വേണ്ടെന്നു പറയും' അപ്പു തിരിച്ചു ചോദിച്ചു.

'എങ്കിൽ പിന്നെ അങ്കിളിന്റെ മകൾ ഉമ്മ തരുമ്പോളും വേണ്ടെന്നു പറയണ്ടാ, കേട്ടല്ലോ..' കൃത്രിമമായി താക്കീതു ചെയ്യും പോലെ ഒരു മുഖഭാവം സൃഷ്ടിച്ച് അഞ്ജലി അവനോടു പറഞ്ഞു.

അവൾ അവന്റെ ചുണ്ടുകളിൽ ഉമ്മ വച്ചു.

www.kkstories.com

തന്റെ കൈകളാൽ അവന്റെ മുഖം അഞ്ജലി സ്വന്തം ശരീരത്തിലേക്ക് അടുപ്പിച്ചു. വിലകൂടിയ ഏതോ പെർഫ്യൂമിന്റെ ശക്തമായ സുഗന്ധം അവളെ പൊതിഞ്ഞുനിന്നിരുന്നു.

'നാളെ മതി അഞ്ജലി, ഇപ്പോൾ വേണ്ട, വ്രതം മുടക്കേണ്ട.'

'നിന്റെ സ്വപ്നം കേട്ടിട്ട് എനിക്കു പേടിയായി അപ്പൂ, നീ വല്ല ഉത്തരാഖണ്ഡിലും പ്രയാഗിലുമൊക്കെ വേണെങ്കിൽ പൊയ്ക്കളയും. അതുകൊണ്ട് പൊന്നുമോന്റെ ബ്രഹ്മചര്യം ഞാനിങ്ങെടുക്കാൻ പോവ്വാ കേട്ടോ...' അഞ്ജലി കണ്ണുരുട്ടിക്കൊണ്ട് അവനോടു പറഞ്ഞു.അവൾ അവനെ ഇറുക്കി പുണർന്നു.കൂടുതൽ ബലത്തോടെ ഉമ്മ വച്ചു.അവളുടെ കൈകൾക്ക് ഏതോ ഒരു കരുതലിന്റെ ബലമുണ്ടായിരുന്നു.തന്റെ പ്രാണനായ അപ്പു ഒരിക്കലും കൈവിട്ടുപോകാതിരിക്കാനുള്ള കരുതൽ.

ചുംബനങ്ങൾക്കിടയിൽ ഉയർന്നു കേട്ട അവളുടെ നിശ്വാസങ്ങൾ അപ്പുവിന്റെ കാതിൽ വന്നു വീണു. ഈ ഭൂമിയിൽ തങ്ങൾ മാത്രമേയുള്ളെന്ന് അവനു തോന്നി.

അവളുടെ വസ്ത്രങ്ങൾ ഓരോന്നായി അവൾ തന്നെ അഴിച്ചു.ഒടുവിൽ നിറനിലാവു പോലെ അവളും നഗ്നയായി.

'അയ്യേ നാണമില്ലാത്തത്.' അവളുടെ മുഖത്തേക്കു തന്റെ മനോഹരമായ മിഴികളുറപ്പിച്ച് അപ്പു പറഞ്ഞു.

'നാണത്തിന്റെ ആവശ്യമില്ല. പെൺകുട്ട്യോൾക്കു കെട്ട്യോന്റെ മുന്നിൽ ഇങ്ങനെ നിൽക്കാന്നു പ്രമാണണ്ട്.' നുണക്കുഴികളുള്ള കവിൾ കാട്ടി ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു.

നഗ്നമായ അവളുടെ വലിയ മാറിടം അവന്റെ നെഞ്ചിൽ തട്ടിനിന്നു.അഞ്ജലിക്ക് അപ്പുവിനെ മാറോടണയ്ക്കണമായിരുന്നു. അവന്റെ മുഖം അവളുടെ മാറിൽ അമർന്നപ്പോൾ അവൾ നിർവൃതി പൂണ്ടു. കണ്ണുകൾ ഇറുക്കിയടച്ചു.

അപ്പൂ...തെറിച്ചുവീഴുന്ന മഴത്തുള്ളികൾ ഇലകളിൽ വീഴുന്നതുപോലെയുള്ള നേർത്ത ശബ്ദത്തിൽ അവൻ വിളിച്ചു.

'നീയെന്നെ എന്തു ചെയ്യാൻ പോകുന്നു' അപ്പു നേരിയ ചിരിയോടെ അവളോടു തിരക്കി.

www.kkstories.com

'നിന്നെ റേപ്പ് ചെയ്യാൻ പോകുന്നു.' പൊട്ടിച്ചിരിയോടെ അവൾ പറഞ്ഞു.'ഇനി നിന്റെ സമ്മതം നോക്കി നിന്നിട്ടു കാര്യമില്ല.'

അപ്പുവിന്റെ കുർത്ത അവൾ അഴിച്ചുകളഞ്ഞു.പാൽപോലെ വെളുത്ത അവന്റെ ഉടലിൽ അവളുടെ ചുണ്ടുകൾ ഓടി നടന്നു. അവന്റെ ശരീരത്തിൽ അവിടവിടെ ചുംബനങ്ങൾ, ചിലയിടങ്ങളിൽ വെണ്മുത്തു പോലെയുള്ള തന്റെ പല്ലുകൾ കൊണ്ടു പ്രേമപൂർവമുള്ള കടികൾ.ദന്തക്ഷതങ്ങൾ ചുവന്നു തിണർത്തു കിടന്നു.

'ആഹ് എന്തായിത്.' അവൾ അവന്റെ കഴുത്തിൽ കടിച്ചപ്പോൾ അവനു നൊന്തു.

അവൾ മുഖം മേലേക്കുയർത്തി അവന്റെ ചെവിയിൽ കടിച്ചു.പിന്നെ ആപ്പിൾ പോലെ തുടുത്ത അവന്റെ കവിളിലും.

'ശ്ശൊ അഞ്ജലി എന്തിനാ എന്നെ ഇങ്ങനെ കടിച്ചു പറിക്കണേ...' അവൻ അവളോടു നിഷ്കളങ്ക സ്വരത്തിൽ ചോദിച്ചു.

'അതോ , ടെറിട്ടറി മാർക്കിങ് എന്നു നീ കേട്ടിട്ടുണ്ടോ..ഇതെല്ലാം നീന്റെ ശരീരത്തിലിടുന്ന എന്റെ അടയാളങ്ങളാണ്. നീയെന്റേതാണെന്നുള്ളതിന്റെ ചിഹ്നങ്ങൾ' അവൾ കിള്ളിച്ചിരിച്ചുകൊണ്ടു പറഞ്ഞു.

'അഹ് ബെസ്റ്റ് ' അവളുടെ മറുപടി കേട്ട് അവൻ ചിരിച്ചുപോയി.

'എന്താ ചിരിക്കണേ..നീ എന്റേതല്ലേ, അല്ലാണ്ടോ,' കൃത്രിമമായി കുറച്ചു ദേഷ്യം കാട്ടി അവൾ ചോദിച്ചു.

'ഇല്ലെന്റെ പൊന്നേ, നിന്റേതു മാത്രമാണ് നിന്റെ മാത്രം.' അവളുടെ പിന്നിലൂടെ കൈയിട്ടു അഞ്ജലിയെ തന്റേ ശരീരത്തോടു കൂടുതൽ അടുപ്പിച്ചു കൊണ്ടു അപ്പു പറഞ്ഞു. കട്ടിലിൽ കാലുകൾ നീട്ടി ഇരിക്കുകയായിരുന്നു അപ്പു. അശോകമരത്തിൽ പിണർന്നു കിടക്കുന്ന ബോഗൺവില്ല പോലെ അഞ്ജലി അവനു മേലെയും.

'ദാറ്റ്സ് മൈ ബോയ്.' അവന്റെ മുഖത്ത് ഒരു ചുംബനം കൂടി നൽകി അവൾ.

'എന്നാലും നീ എന്നെ ഡിവോഴ്സ് ചെയ്യണമെന്നു പറഞ്ഞില്ലേ, വിചാരിച്ചില്ലേ...' അപ്പു നേരിയ ശാഠ്യത്തോടെ പറഞ്ഞു.അഞ്ജലി ഉത്തരം പറഞ്ഞില്ല, പകരം അവന്റെ കഴുത്തിൽ അവൾ ഉമ്മ വച്ചു.

www.kkstories.com

'ആ രേഷ്മയെ വച്ച് എന്നെ ട്ര്ാപ്പു ചെയ്യാൻ നോക്കിയില്ലേ...'അപ്പോളും കിട്ടി ഒരു മുത്തം, കവിളിൽ.

'എന്നെ വെറുത്തിരുന്നില്ലേ, നന്നായി വെറുത്തിരുന്നില്ലേ...' അപ്പു വിടാൻ ഭാവമില്ല.

തന്റ െമാറിടത്തിന്റെ തുമ്പ് അപ്പുവിന്റെ വായിലേക്കു വച്ചുകൊടുത്തു അഞ്ജലി.

'നീയിനി കൂടുതലൊന്നും മിണ്ടണ്ട, ദേ അതു നുണഞ്ഞിരുന്നോ.' അവൾ ചിരിയോടെ പറഞ്ഞു. അവന്റെ തല അവൾ തടവിക്കൊടുത്തു. മുടിയിഴകളിൽ അവളുടെ ലോല കരാംഗുലികൾ ഓടി നടന്നു.

അപ്പു അതു നിർവൃതിയോടെ നുണയുകയായിരുന്നു.,

ആഹ്..സ്ത്രീത്വം തുറക്കപ്പെടുന്ന ഒരു പെണ്ണിന്റെ തനതായ ശബ്ദം അഞ്ജലി പുറപ്പെടുവിച്ചു.അപ്പു ധരിച്ചിരുന്ന വേഷ്ടിയിലേക്ക് അവൾ കൈകൾ പായിച്ചു. കുറച്ചുനേരത്തിനുള്ളിൽ ആ വേഷ്ടി ഊരി തറയിലേക്കു വീണു.

ആദ്യാനുഭവം...ഒരായുസ്സിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ അനുഭവിക്കുകയായിരുന്നു അപ്പുവും അഞ്ജലിയും.

'അപ്പൂ,' അവനിലേക്കു കൂടുതൽ പറ്റിച്ചേർന്ന് അഞ്ജലി വിളിച്ചു.
ഊം ഒരു മൂളലായിരുന്നു അവന്റെ മറുപടി.

തന്നിലേക്ക് അവനെ ഊളിയിട്ടിറക്കാൻ, ഒന്നാവാനായിരുന്നു അവളുടെ ശ്രമം.'ആഹ്' വേദനയിൽ അഞ്ജലി നിലവിളിച്ചു.

'എന്താ അഞ്ജലീ' അവൻ ചോദിച്ചു.
'വേദനിക്കുന്നു' അവൾ പറഞ്ഞു.
കുറച്ചു നിമിഷങ്ങൾ അങ്ങനെ കടന്നു. അനിവാര്യമായ വേദന അവൾ അനുഭവിച്ച നിമിഷങ്ങൾ, അവനും സ്ഥിതി വ്യത്യസ്തമായിരുന്നില്ല, ആദ്യാനുഭവത്തിന്റെ കോട്ടകളും പ്രതിബന്ധങ്ങളും.പക്ഷേ അപ്പുവിനെ

www.kkstories.com

നേടിയിട്ടേ അടങ്ങൂ എന്ന തീവ്രമായ അഭിലാഷത്തിലായിരുന്നു അഞ്ജലി. ഒരു വേദനയും അതിനു മുന്നിൽ അവൾക്കു വിലങ്ങുതടിയായില്ല.
ഒടുവിൽ അവൾക്കതു കിട്ടി, ക്ഷണനേരത്തേക്കു ഉയർന്നുപൊങ്ങിയ വേദനയ്ക്കൊപ്പം അവളുടെ ഉള്ളിൽ രക്തം പൊടിച്ചു. ആദ്യരക്തത്തിന്റെ തുള്ളികൾ.താനിത്രനാൾ സൂക്ഷിച്ച തന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ കരുതൽ അവൾക്കു നഷ്ടമായി.എല്ലാ സന്തോഷത്തോടെയും ഒരു നഷ്ടപ്പെടൽ.
അപ്പുവിനെ അവൾ ഇറുകെപ്പിടിച്ചു.തന്റെ ഉള്ളിൽ എന്തോ സംഭവിക്കുന്നത് അഞ്ജലി അറിഞ്ഞു. ശരീരത്തിലും മനസ്സിലും അപ്പുവിന്റേതല്ലാത്ത എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ അവിടെല്ലാം ഇപ്പോൾ അപ്പു നിറഞ്ഞു കഴിഞ്ഞിരിക്കുന്നു.താൻ പൂർണമായും അപ്പുവിന്റേതായിരിക്കുന്നു.
ഉള്ളു നിറയെ സ്നേഹവുമായി അപ്പു അഞ്ജലിയെ ഉമ്മ വച്ചു.അവളുടെ ചുവന്ന ചുണ്ടുകളിൽ അവന്റെ ചുണ്ടുകൾ പറ്റിച്ചേർന്നു.സ്നേഹത്തിന്റെ ആഴങ്ങളിലേക്കു കൂടുതൽ കൂടുതൽ പോയപ്പോൾ അഞ്ജലിയുടെ ശരീരം വിറച്ചു. വികാരങ്ങൾ മൂർച്ഛയോടെ അവളിൽ ഒരഗ്നിപർവതം കണക്കെ പൊട്ടിത്തെറിച്ചു. ആദ്യാനുഭവം.ശരിക്കുമുള്ള ആദ്യാനുഭവം.
വികാരത്തിന്റെ പാരമ്യതയിൽ അഞ്ജലിയുടെ കൈവിരൽനഖങ്ങൾ അപ്പുവിന്റെ വെളുത്ത മുതുകിലെ മാംസത്തിലേക്കു ആഴ്ന്നിറങ്ങി. എന്നേക്കും ശേഷിക്കുന്ന

പാടുകളോടൊപ്പം രക്തത്തുള്ളികളും അവിടെ പൊടിഞ്ഞു.അവൾ അപ്പുവിനെ ഒരു ദയയുമില്ലാതെ കടിച്ചു.അവന് ആ വേദന സുഖമായാണ് അനുഭവപ്പെട്ടത്.

ഒടുവിൽ അവരോഹണമായി..അഞ്ജലി ഇന്നലെ വരെ ഒരു പെൺകുട്ടിയായിരുന്നു. എന്നാൽ ആ നിമിഷം മുതൽ അവൾ ഒരു സ്ത്രീയായി മാറി. പ്രൗഢയായ സുമംഗലി. അവളുടെ ഭർത്താവിന്റെ നെഞ്ചിൽ തലചായ്ച്ച് സംതൃപ്തിയുടെ പുഞ്ചിരിയുമായി അവൾ മയങ്ങിയപ്പോൾ അവളുടെ സീമന്തരേഖയിലെ സിന്ദൂരം തിളങ്ങുന്നുണ്ടായിരുന്നു. ശുഭപര്യവസായിയായ ഒരു പ്രേമകഥയുടെ അവസാനരംഗമെന്നപോലെ.

രാത്രിയുടെ ഏതോ യാമത്തിൽ അഞ്ജലി കിടക്കയിൽ എഴുന്നേറ്റിരുന്നു. അരികെ അപ്പു ഉണ്ടായിരുന്നില്ല.അപ്പൂ, അവൾ ഒന്നു രണ്ടു തവണ വിളിച്ചു. വസ്ത്രം വാരിച്ചുറ്റി അഴിഞ്ഞ മുടി വശങ്ങളിലേക്കൊതുക്കി അവൾ ബാൽക്കണിയിലേക്കിറങ്ങി.
പ്രതീക്ഷ തെറ്റിയില്ല, അപ്പു അവിടെയുണ്ടായിരുന്നു...ആകാശത്തേക്കു കണ്ണും നട്ട്...
അവൾ അവനരികിലേക്കു വന്നു.അവന്റെ പിൻഭാഗത്ത് ഒരടി കൊടുത്തപ്പോൾ അവൻ തിരിഞ്ഞു നോക്കി.

www.kkstories.com

'ഇവിടെ വന്നു നിക്യാ....' അവൾ ചോദിച്ചു.
ഒരു ചിരിയായിരുന്നു അവന്റെ മറുപടി.

'ചിരിക്കുന്നോ ഭൂതത്താനേ..' അവൾ കളിയോടെ പറഞ്ഞു 'ആകാശത്തു നക്ഷത്രപ്പൂ നോക്കി നിക്ക്വാരിക്കും അല്ലേ' അവൾ ചുണ്ടിലൊളിപ്പിച്ച ചിരിയോടെ വീണ്ടും ചോദിച്ചു.

'ഞാൻ കണ്ടല്ലോ നക്ഷത്രപ്പൂക്കൾ അഞ്ജലിക്കു കാണണോ' അപ്പു അവളോടു ചോദിച്ചു.
അവളവന്റെ ശരീരത്തോട് ഒട്ടി നിന്നു. അപ്പു ആകാശത്തേക്കു കൈ നീട്ടി.'ദേ ശരിക്കു നോക്കൂ, നക്ഷത്രപ്പൂക്കൾ..'
അവൾ അങ്ങോട്ടു ശ്രദ്ധയോടു നോക്കുന്നതു പോലെ അഭിനയിച്ചു.

'എവിടെ ഞാനൊന്നും കണ്ടില്ലല്ലോ' അവൾ പറഞ്ഞു.

'ശ്രദ്ധിച്ചു നോക്കൂ എനിക്കു കാണാമല്ലോ' അവൻ മറുപടി പറഞ്ഞു.

'ങ്ഉം ഒന്നു പോയേ..ദേ അപ്പൂ, നല്ല മഞ്ഞ്ണ്ട് വെളിയിൽ നിന്നു പനിയാക്കാതെ വന്നേ, വന്നു കിടന്നേ...' അവൾ അവന്റെ പിന്നിൽ നിന്നു തള്ളിക്കൊണ്ട് പറഞ്ഞു. അവൻ ചിരിയോടെ അവൾക്കൊപ്പം കിടപ്പുമുറിയിലേക്കു പോയി.

അഞ്ജലി അപ്പുവിനെ കിടക്കയിലേക്കു തള്ളിയിട്ടു.എന്നിട്ടവനെ ഇരുകൈകൊണ്ടും ചേർത്തുമുറുക്കിപ്പിടിച്ചു കിടന്നു.ഒരു കുട്ടി ടെഡിബിയറിനെ കെട്ടിപ്പിടിച്ചുറങ്ങുന്നതുപോലെ
'നക്ഷത്രപ്പൂക്കളൊന്നും ഇല്ല അപ്പൂ,വെളിയിലൊന്നും പോകണ്ടാട്ടോ....' ഉറക്കച്ചടവിൽ ഇടറുന്ന വാക്കുകളിൽ അവൾ അപ്പുവിന്റെ കാതിൽ പറഞ്ഞു.

എന്നാൽ അവളതു പറഞ്ഞതു തെറ്റായിരുന്നു കേട്ടോ വലിയതെറ്റ്.

അന്നേ രാത്രി ആലത്തൂരിലെ മാനത്തു നക്ഷത്രപ്പൂക്കൾ വിരിഞ്ഞു നിറഞ്ഞു.മേലേട്ടെ അപ്പുവിനും അഞ്ജലിയെയും നോക്കി അവർ ചിരിച്ചു.ആ പ്രകാശത്തിൽ ഉറങ്ങിക്കിടന്ന അപ്പുവിന്റെയും അഞ്ജലിയുടെയും മുഖം തുടുത്തു.ശുഭപര്യവസായിയായ ആ പ്രണയകഥ ചൊല്ലി നക്ഷത്രപ്പൂക്കൾ ആകാശത്തു നൃത്തം ചെയ്തു.

നല്ല ഉറക്കത്തിലായതിനാൽ ആലത്തൂരുകാർ ആരും അതു കണ്ടില്ല.കണ്ട ആരെങ്കിലുമുണ്ടെങ്കിൽ പെരുംനുണയരെന്നു പേരു കിട്ടുമെന്നു കരുതി ആരും തമ്മിൽ പറഞ്ഞുമില്ല.

(അവസാനിച്ചു)

www.kkstories.com